ചിതറിയ ചിന്തകൾ

കുമോസ് കരിമണ്ണൂർ



malankaralibrary.com

ചിതറിയ ചിന്തകൾ



malankaralibrary.com

(Malayalam)

CHITHARIYA CHINTHAKAL

BY COSMAS KARIMANNOOR

First Published July 1975

Printed at Mar Mathews Press, Muvattupuzha

Price Rs. 3-75

Copy right: the Author

Published by the Author

Distributors:

DEEPIKA BOOK HOUSE, KOTTAYAM-686001

malankaralibrary.com



MALANKARA
LIBRARY

malankaralibrary.com

ചിതറിയ ചിന്തകൾ

കുസുമോസ് കരിമണ്ണൂർ

വിതരണം

ദീപിക ബുക്ക് ഹൗസ്

കോട്ടയം–686001

വില ക. 3–75

malankaralibrary.com

ഗ്രന്ഥകർത്താവിന്റെ കൃതികൾ

മാലാഖമാർ

യൂദാസിന്റെ കാമുകി

ചിതറിയ ചിന്തകൾ

മാതാക്കളെ ഇതിലേ..ഇതിലേ (അച്ചടിയിൽ)

ലിസി നിനക്കുവേണ്ടി (,,)

ക്യാരമ്മയുടെ മക്കൾ (,,)

"Oh, lift me as a wave, a leaf, a cloud!
I fall upon the thorns of life! I bleed!
.....
If Winter comes, can Spring be far behind?"
(Shelly, "Ode To The West Wind")

malankaralibrary.com

To

My Beloved Bishop

His Excellency

Mar Mathew Pothanamuzhi

malankaralibrary.com

ആമുഖമായി അല്പം..!

ചില ചിതറിയ ചിന്തകൾ: അവയ്ക്ക് രൂപവും ഭാവവും നല്കി, മനുഷ്യന്റെ മോഹങ്ങളേയും മോഹഭംഗങ്ങളേയും, പരിധികളേയും പരിമിതികളേയും എല്ലാം അവതരിപ്പിക്കുന്നു. പതറാതെ ആത്മവിശ്വാസത്തോടെ മുന്നേറുന്നെങ്കിൽ പ്രതിബന്ധങ്ങൾക്കു മുമ്പിൽ പ്രായം ഒരു പ്രശ്നമല്ലെന്നും പ്രസംഗത്തെക്കാൾ പ്രവൃത്തിയാണു് മഹനീയമെന്നുമെല്ലാം മഹാന്മാരുടെ ജീവിതത്തിലെ ചില സംഭവങ്ങളെ അണിനിരത്തി തെളിയിക്കുന്നു. ഒപ്പം മനുഷ്യനാരാണെന്നും ദൈവം എവിടെയാണെന്നും ജീവിതലക്ഷ്യം എന്തായിരിക്കണമെന്നും അവിശ്വാസിയുടെ വിശ്വാസപ്രമാണം എന്താണെന്നും ആധുനികയുഗത്തിൽ മതത്തിന്റെ ആവശ്യമുണ്ടോയെന്നുമെല്ലാം പ്രതിപാദിക്കാനൊരു ശ്രമംകൂടി നടത്തുന്നുണ്ടു്.

അനുദിനജീവിതത്തിലൂടെ ആനന്ദത്തെ അന്വേഷിച്ചു് അലയുന്ന ആയിരങ്ങളുടെ കൈകളിൽ അഭിമാനത്തോടെ ഞാൻ ഈ ചെറുഗ്രന്ഥം അർപ്പിക്കുന്നു.

അവർ വിധിക്കട്ടെ–

എന്റെ അന്വേഷണം വ്യർത്ഥമോ–എന്റെ നിഗമനം സത്യമോ, മിഥ്യയോ?

വെളിയൽച്ചാൽ
3–7–'75

കുസുമോസ് കരിമണ്ണൂർ

malankaralibrary.com

ഉള്ളടക്കത്തിലൂടെ

പേജ്

1.	ആനന്ദം അന്വേഷിച്ചു്	7
2.	അപ്പവും പറുദീസായും	10
3.	മനുഷ്യനന്മയ്ക്കുവേണ്ടി	11
4.	അവരുടെ സങ്കടമാരറിയാൻ	12
5.	മനുഷ്യാ, നീ ആരാണു്?	15
6.	ദൈവം എവിടെ?	18
7.	ഇതു സംഭവിക്കാതിരിക്കട്ടെ	20
8.	വേദനയുടെ വെല്ലുവിളി	21
9.	പകരം ഞങ്ങൾ ചോദിക്കും	24
10.	നല്ല ഭാര്യയുണ്ടെങ്കിൽ	26
11.	ദൈവത്തിന്റെ ആശയം	27
12.	പ്രസംഗം മാത്രം പോരാ	28
13.	സുന്ദരികളുടെ കൂടിക്കാഴ്ച	31
14.	ജീവിക്കണമോ മരിക്കണമോ?	32
15.	പ്രായം ഒരു പ്രശ്നമല്ല	34
16.	അവരെ സൂക്ഷിക്കുക	37
17.	വിമർശനത്തിനു് സ്വാഗതം	38
18.	മാതാക്കൾക്കു് ഒരു ടോണിക്കു്	40
19.	സ്നേഹം, സ്നേഹം	42
20.	കൃതജ്ഞത പ്രതീക്ഷിക്കേണ്ട	44
21.	മടുത്തു ഇനി പറ്റുല്ല	46
22.	സത്യം മരിക്കുന്നില്ല	48
23.	ഹേ, അതൊന്നും സാദ്ധ്യമല്ല	49
24.	പരിധികളെ മനസ്സിലാക്കുക, മാനിക്കുക	51

malankaralibrary.com

25. നായ്ക്കൾ നല്കുന്ന പാഠം 54
26. ഇപ്പോഴും മനസ്സിലായി 57
27. പണം എന്തിനു്? 60
28. കാറോടിച്ചു, കൊട്ടകാറോടിച്ചു. എന്നിട്ടും 62
29. ന്യൂനപക്ഷത്തിനു് കഴിവില്ലേ? 65
30. വെസ്റ്റൽ കന്യകകൾ അന്നും ഇന്നും 66
31. ബാലൻസ് കിട്ടണമെങ്കിൽ 68
32. എനിക്കു് കോവണി മതി 70
33. ദൈവത്തിന്റെ കത്തു് 72
34. അവിശ്വാസിയുടെ വിശ്വാസം 74
35. സമാധാനം വേണോ? 76
36. ആരാണു് ആധുനിക മാന്യൻ? 78
37. എല്ലാം മല്ലനാകാം 79
38. ജീനിയസ്സാകണമോ? 81
39. എന്നിട്ടും സ്റ്റാലിൻ മരിച്ചു 83
40. വിളക്കു് അണയുന്നതിനുമുമ്പു് 85
41. ഹിറ്റ്ലറിന്റെ പരാജയം 87
42. ഞാൻ രാജാവായിരുന്നെങ്കിൽ 88
43. താങ്കളെ ആവശ്യമുണ്ടു് 90
44. അവർ അറിയുന്നില്ല 92
45. തെറ്റു്! തെറ്റു് 93
46. ശാസ്ത്രം പുരോഗമിക്കുന്നു പക്ഷേ, 94
47. അവർ ഓത്തിരുന്നെങ്കിൽ 96
48. അപ്പച്ചന്റെ ഒരു പേടി 98
49. ഗുരുശിഷ്യബന്ധം 100
50. ടോജൻ കൃതിരകൾ അന്നും ഇന്നും 101

malankaralibrary.com

ആനന്ദം അന്വേഷിച്ചു്!

ആനന്ദം അന്വേഷിച്ചലയുന്നവരാണു് അധികംപേരും. എന്നാൽ, ഒരു ചോദ്യം. പരിപൂർണ്ണാനന്ദം ഈ ലോകത്തിൽ ലഭ്യമോ? ഇല്ലെന്നാണുത്തരം. മഹാകവി ജി. പാടുന്നതു കേൾക്കുക:

"കേവലം ഘനീഭൂതമാകിനകണ്ണീരാണീ–
ബ്ഭൂതലം, നെടുവീർപ്പാണിയന്തരീക്ഷംപോലും;
ചോരതൻതണുത്തുറച്ചൊരു കട്ടകളാണീ–
പാരിലെപ്പുലകരിമ്പാറക്കെട്ടുകൾപോലും,
ദാരിദ്ര്യം, രോഗം, യുദ്ധം മർത്ത്യജീവിതത്തിന്റെ
വേരിലും തടിയിലും പൂവിലും കൈപ്പിൻഗന്ധം."
"(അന്തർദ്ദാഹം)"

ഭൂമിയിൽ അവികലാനന്ദത്തിന്റെ അസാദ്ധ്യതയെ അവതരിപ്പിക്കുകയല്ലേ കവി, ഈ വരികളിലൂടെ?

ആനന്ദം അന്വേഷിച്ചലഞ്ഞുനടന്ന ഒട്ടനേകം മഹാവ്യക്തികളും അവസാനം ഈ സത്യം തുറന്നു സമ്മതിച്ചിട്ടുണ്ടു്. ലൗകികസുഖഭോഗങ്ങളിൽ മുങ്ങി നീക്കംകഴിയിട്ട സോളമൻ വിളിച്ചുപറഞ്ഞു: "മിഥ്യ, മിഥ്യ, സകലതും മിഥ്യ" എന്നു്. കഴിഞ്ഞുപോയ തന്റെ ജീവിതമാകുന്ന കൊഴിഞ്ഞ ഇലകളെ കണ്ടിട്ടു് ജർമ്മൻചിന്തകനായ ഗൊയ്ഥേ പറയുകയാണു്: "എന്റെ ജീവിതം

malankaralibrary.com

അകമേ വേദനയും ഭാരവും നിറഞ്ഞതായിരുന്നു. എഴുപത്തഞ്ചു വർഷത്തിനിടയ്ക്ക് നാലാഴ്ചപോലും ഞാൻ സുഖമായി ജീവിച്ചിട്ടില്ല'' എന്ന്. അദ്ദേഹം തന്റെ കൃതികളിലൊരിടത്ത് ജീവിതത്തിലെ ശൂന്യതയെ ഇപ്രകാരം വരച്ചുവച്ചിരിക്കുന്നു: ''വിഷം വിഴുങ്ങിയ ഒരെലിയെപ്പോലെയായി ഞാൻ. അതു് കാണുന്ന പൊത്തിലൊക്കെ ഓടിക്കേറുകയും കണ്ണിൽ കാണുന്നതൊക്കെ വിഴുങ്ങുകയും ചെയ്യുന്നു. എന്നിരുന്നാലും നാശത്തിന്റെ ദുർഗ്ഗമമായ അഗ്നി അതിന്റെ ഉള്ളിൽ കത്തിക്കാളുകയാണ്.'' നിരീശ്വരന്മാരുടെ പാപ്പായെന്ന് പേരുകേട്ട അനറേറാൾ ഫ്രാൻസ് ജീവിതസുഖമാവോളം ആസ്വദിച്ചയാളാണ്. പക്ഷേ, അവസാനം അയാളും പറഞ്ഞു: ''എന്റെ ഉള്ള് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ നിങ്ങൾ സ്തബ്ധരാകുമായിരുന്നു. ഈ ലോകത്തിൽ എന്നേക്കാൾ നിർഭാഗ്യനായ ഒരു മനുഷ്യനില്ല; ആളുകൾ കരുതുന്നു, ഞാൻ സൗഭാഗ്യവാനാണെന്ന്.'' ഫ്രഞ്ചുവിപ്ലവത്തിന്റെ സൂത്രധാരകനായ വോൾട്ടയർ ജീവിതത്തിന്റെ അവസാനനാളിൽ എഴുതി: ''ഞാൻ ജനിക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു'' എന്ന്. എല്ലാ സുഖങ്ങളും നല്ലപോലെ അനുഭവിച്ച ഒരാളാണ് ബയ്റൺ പ്രഭു. അദ്ദേഹം ഒരു സ്നേഹിതന് അവസാനനാളുകളിൽ എഴുതി: ''വേദനയും അപമാനവും രോഗവും മാത്രമാണ് എനിക്ക് ഇപ്പോഴുള്ളത്.'' അമേരിക്കയിലെ കോടീശ്വരപ്രമുഖനായിരുന്ന ജെ. ഗൂൾഡ് മരണക്കിടക്കയിൽവച്ചു പറഞ്ഞു, താനാണ് ലോകത്തിലെ ഏററം ഭാഗ്യഹീനനായ മനുഷ്യനെന്ന്. നോബൽ സമ്മാനം സമ്പാദിച്ച സാഹിത്യകാരനായ ഹെമിംഗ്‌വേയും, സുപ്രസിദ്ധ സിനിമാതാരമായ മെർലിൻ മൺറോയും ആത്മഹത്യ ചെയ്തു. ഇന്ത്യൻ ചലച്ചിത്രലോകത്ത് വ്യക്തിമുദ്ര പതിച്ച ഗുരുദത്തിന്റെ കഥയും ഇതിൽ നിന്നും വിഭിന്നമല്ല. ''ശൂന്യത ഒരു പുഴുവിനെപ്പോലെ

malankaralibrary.com

മനുഷ്യന്റെ ഉള്ളിൽ ചുരുണ്ടുകൂടിക്കിടക്കുന്നു'' വെന്നു് ഫ്രഞ്ചുചിന്തകനായ സാർത്രു് പറഞ്ഞിരിക്കുന്നതു് എത്ര യോ വാസ്തവം!

യഥാർത്ഥ ആനന്ദം എവിടെ കണ്ടെത്താം? അതിനു വേണ്ടി എങ്ങോട്ടു നാം ഓടണം? മതത്തിലേക്കുള്ള മടക്ക യാത്ര (Return to Religion) എന്ന ഗ്രന്ഥത്തിൽ മനഃശാസ്ത്രജ്ഞനായ ഹെൻറി സി ലിങ്കു് (Henry C. Link) അതിനുത്തരം നൽകുന്നുണ്ടു്: "Go to God" (ദൈവത്തിന്റെ പക്കലേക്കു് പോവുക). ഓന്തേയും ഇതുതന്നെ പറയുന്നു: "Our peace is in His Will" (നമ്മുടെ സമാധാനം ദൈവത്തിലാണു്). സെൻറ് അഗസ്റ്റിൻ അവസാനം എഴുതി: "Man was made for God, and he can never rest till he rests in God alone" (മനുഷ്യൻ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിൽ വിശ്രമിക്കുന്നതുവരെ അവൻ അസ്വസ്ഥനായിരിക്കും.) ആംഗ്ലേയ സാഹിത്യകാരനായ ജോജ്ജു് ബഞ്ച്മാഡ്ഷാ "The Adventures of the Black Girl in Her Search for God" എന്ന ഗ്രന്ഥത്തിൽ ഈ സത്യംതന്നെ ഏറെ പറഞ്ഞിട്ടുണ്ടു്: ഒരു നീഗ്രോ യുവതി ഒരു യൂറോപ്യൻ യുവശാസ്ത്രജ്ഞന്റെ അടുത്തുചെന്നു് ദൈവത്തെ കാണിച്ചുതരണം എന്നാവശ്യപ്പെട്ട. അയാൾ പറഞ്ഞു: ''ഇക്കാണുന്നതൊക്കെ മതി. ഇതിനപ്പുറത്തേക്കു് ചിന്തിച്ചിട്ടു കാര്യമില്ല. ഇതിൽ സംതൃപ്തയായിക്കൊള്ളുക.'' എന്നാൽ, യുവതി പറഞ്ഞു: ''അതിനപ്പുറത്തു് എന്തോ ഒന്നിനുവേണ്ടി എന്റെ ഹൃദയം ദാഹിക്കുന്നു. ദൈവത്തെക്കൂടാതെ എന്റെ ഹൃദയം സംതൃപ്തമാവുകയില്ല.''

malankaralibrary.com

അപ്പവും പറുദീസായും

ഒരു കല്പണിക്കാരനോട് വി. ഫ്രാൻസീസ് അസ്സീസി ഒരിക്കൽ ചോദിച്ചു: "സ്നേഹിതാ താങ്കളെന്തു ചെയ്യുകയാണു?"

"ഞാനൊരു ഭിത്തി പണിയുകയാണു".

"കൊള്ളാം. എന്തിനാണു ഇത്ര കഠിനമായി താങ്കൾ അദ്ധ്വാനിക്കുന്നതു?"

"പണത്തിനുവേണ്ടി".

"ശരി. പണം സമ്പാദിക്കാൻ താങ്കളെന്തിനാ ഇത്ര ആഗ്രഹിക്കുന്നതു?"

"അതോ, എനിക്കു ജീവിക്കാൻ അപ്പം വാങ്ങാൻ."

"കൊള്ളാം. സ്നേഹിതാ, ഒരു ചോദ്യംകൂടെ ഞാൻ ചോദിക്കട്ടെ. ഈ ലോകത്തിൽ താങ്കൾ ജീവിക്കുന്നതിന്റെ ലക്ഷ്യമെന്താ?"

ആ ചോദ്യത്തിനുത്തരം പറയാൻ അയാൾ വിഷമിക്കുന്നതുകണ്ടു ആകാശത്തിലേയ്ക്കു വിരൽ ചൂണ്ടിയിട്ടു വി ഫ്രാൻസീസ് പറഞ്ഞു: "പ്രിയ സ്നേഹിതാ, താങ്കൾ ജോലി ചെയ്യുമ്പോൾ എപ്പോഴും ഈ വാക്കുകൾ ഓർക്കുക—അപ്പവും പറുദീസായും!"

അന്നന്നേയപ്പം ഇന്നും ഞങ്ങൾക്കു തരണമേയെന്നു പ്രാർത്ഥിക്കുന്നവരും അപ്പത്തിനുവേണ്ടി അനുദിനം അദ്ധ്വാനിക്കുന്നവരുമാണു എല്ലാ മനുഷ്യരും. പക്ഷേ, ഈ അപ്പംകൊണ്ടുമാത്രം എല്ലാ വിശപ്പും മാറുമോ? ഡോ. രാ

malankaralibrary.com

ധാകൃഷ്ണൻ പറയുന്നതു കേൾക്കുക: "Man hungers and thirsts not only for bread but for the bread eternal life, for truth, beauty, goodness and holiness" (അപ്പത്തിനുവേണ്ടി മാത്രമല്ല, നിത്യജീവിതമാകുന്ന അപ്പത്തിനും സത്യത്തിനും, സൗന്ദര്യത്തിനും, നന്മയ്ക്കും വിശുദ്ധിക്കുംവേണ്ടി മനുഷ്യൻ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു). എങ്കിൽ, അന്നന്നേയപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുന്നതോടൊപ്പം തന്നെ അപ്പത്തിനപ്പുറത്തുള്ള നിത്യജീവിതത്തിനുവേണ്ടിയും മനുഷ്യൻ അദ്ധ്വാനിക്കേണ്ടതല്ലേ? പക്ഷേ, ഇതൊക്കെ അങ്ങനെയങ്ങ് സമ്മതിച്ചുകൊടുക്കാൻ ചിലർ തയ്യാറില്ല. അവർ വേറാരുമല്ല,

"അകലെയെങ്ങാനൊരു സ്വർഗ്ഗമുണ്ടെന്നോ–
ത്തതിനേയും കാത്തുകഴിയുന്ന നിങ്ങളും;
പരമയാഥാർത്ഥ്യം തളിർക്കുമീ മണ്ണിൽ
നിരവദ്യനാകം രചിക്കുന്ന ഞങ്ങളും" എന്ന കവിതാശകലം പാടിപ്പാടി രസിക്കുന്നവർ!

മനുഷ്യനന്മയ്ക്കുവേണ്ടി

'മനുഷ്യൻ എത്രയോ മഹനീയ'നാണെന്നു ഷേക്സ്പീയർ തന്റെ 'ഹാംലറ്റി'ൽ എഴുതി. മനുഷ്യൻ മഹനീയനാണെങ്കിൽ അവന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതു് എത്ര മഹത്തരമാണു്! പ്രസിദ്ധ ടെലിവിഷൻ താരമായ ആർട്ടു് ലിങ്കലറ്റർ (Art Linkletter) പറഞ്ഞു: "മാനവനന്മയ്ക്കുവേണ്ടി എന്റെ എല്ലാ കഴിവുകളും ഉപയോഗിക്കുക എന്നതാണു് എന്റെ ആഗ്രഹം. ആശയങ്ങളിലെ

malankaralibrary.com

ന്നതിനേക്കാൾ ആളുകളിലാണു് എനിക്കെപ്പോഴും താ
ല്പര്യം. സത്യസന്ധതയോടെ എനിക്കു പറയാൻ കഴി
യും, എനിക്കു താല്പര്യമില്ലാത്ത ഒറ്റ മനുഷ്യനേയും എനി
ക്കൊരിക്കലും കണ്ടുമുട്ടാൻ കഴിഞ്ഞിട്ടില്ലെന്നു്. മനുഷ്യർ
സ്നേഹിക്കപ്പെടാനും ബഹുമാനിക്കപ്പെടാനും സ്മരിക്കപ്പെ
ടാനും ആഗ്രഹിക്കുന്നുവെന്നും സ്വാഭാവികമായി അവരെ
ല്ലാവരും നല്ലവരാണെന്നും ഞാൻ കരുതുന്നു. ഞാൻ ഏതു
ജീവിതമണ്ഡലത്തിൽ വ്യാപരിച്ചാലും ശരി, എല്ലാവരും
ദൈവത്തിന്റെ മക്കളാണെന്നും നമ്മുടെ കടമകളും നാം നി
വ്വഹിക്കണമെന്നും ജനങ്ങളെ മനസ്സിലാക്കുക എന്നതാണു്
എന്റെ ജീവിതലക്ഷ്യം.''

മാനവനന്മയ്ക്കുവേണ്ടി അഹോരാത്രം അദ്ധ്വാനിക്കുന്ന
ആയിരക്കണക്കിനു് അർപ്പിതജീവിതങ്ങളിലേ്ല, നാം
ജീവിക്കുന്ന ഈ ലോകത്തിൽ! ആ ജീവിതത്തിലേയ്ക്കു
കടന്നുചെന്നു് അവിടെ സേവനത്തിന്റെ കൈത്തിരികൾ
കത്തിച്ചുവയ്ക്കുവാൻ നമുക്കോരോരുത്തർക്കുമില്ലേ ഒരു കടമ?

അവരുടെ നൊമ്പരമറിയാൻ?

മോസ്സോയിലെ അവശലക്ഷങ്ങളെപ്പറ്റി ടോം
സ്റ്റോയി വേദനയോടെ പറഞ്ഞു: ''ആയിരക്കണക്കിനുള്ള
എന്റെ സഹോദരന്മാരുടെ കഷ്ടതകളും വിശപ്പും അധഃ
സ്ഥിതിയും ഞാൻ കാണുന്നു. എനിക്കു് ആവശ്യത്തിൽ
കൂടുതൽ ക്ഷേണമുള്ളപ്പോൾ ചിലർക്കു യാതൊന്നുംതന്നെ
യില്ല; എനിക്കു് രണ്ടു് ഓവർകോട്ടുള്ളപ്പോൾ മറ്റൊരു

malankaralibrary.com

വന്ന് ഒന്നുപോലും ഇല്ല. ഇതു് അക്ഷന്തവ്യമായ അപരാധംതന്നെയല്ലേ? ഈ അസമത്വത്തിനു് ഞാനും കൂട്ടുനില്ക്കുന്നുവെന്ന വിചാരം എന്നെ വല്ലാതെ അലട്ടുന്നു.'' അമ്പതുകോടി ജനങ്ങളാണു് ഇന്നു ഭാരതത്തിലുള്ളതു്. ഇതിൽ രണ്ടരക്കോടിയിലേറെ ജനങ്ങളം പട്ടിണികിടന്നു നശിക്കുന്നവരാണു്. ലോകജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗം അർധപ്പട്ടിണിയിൽ കഴിഞ്ഞുകൂട്ടുമ്പോഴം, ശരീരത്തിന്റെ മേദസ്സു് കുറയ്ക്കാനുള്ള ഗുളികകളം (Slimming pills) കായി വർഷംതോറും നാലുകോടി ഡോളർ അമേരിക്കൻ ഐക്യനാടുകളം ചെലവാക്കുന്നു. അമ്പോ ഭയങ്കരം!

ചുറ്റും അവശതയനുഭവിക്കുന്ന ആയിരങ്ങളെ കാണുമ്പോഴം,

''അവശന്മാരാർത്തന്മാരാലംബഹീനന്മാ–
രവരുടെ സങ്കടമാരറിയാൻ,
അവരർഹനഗ്നന്മാരാതപമഗ്നമാ,
രവരുടെ പട്ടിണിയെന്നു തീരാൻ'' എന്നു് കവിയോടൊപ്പം പലരും പാടാറുണ്ടെങ്കിലും സ്വാർത്ഥതയുടെ മാളങ്ങളിൽ ഒതുങ്ങിക്കഴിയാനാണു് സമ്പന്നരിൽ ഒട്ടുമുക്കാലും ആഗ്രഹിക്കുക. ''ഒരു പിച്ചക്കാരന്റെ ഒട്ടിയ കവിളിൽ തങ്ങിനില്ക്കുന്ന കണ്ണുനീർത്തുള്ളികളെ തുടച്ചുകളയുന്നതു് കടലുകടന്നു തേകിപ്പറക്കുന്നതിനേക്കാം അഭിമാനകരമായ ഒരു ധീരകൃത്യമാകുന്നു'' എന്നു് ബൈറണം, ''മനുഷ്യനു് ദൈവത്തോടു് ഏറ്റവും കൂടുതൽ സമീപിക്കുവാൻ സാധിക്കുക സഹജീവികളോടുള്ള ഉപകാരപ്രവൃത്തികളിലൂടെയാണു്'' എന്നു് സിസറോയും, ''ദരിദ്രന്മാർ അവരുടെ കരങ്ങളെ നീട്ടുന്നുവെങ്കിലും നാം കൊടുക്കുന്നവയെ സ്വീകരിക്കുന്നതു് ദൈവമത്രേ'' എന്നു് വി. പത്രോസു് ക്രിസലോഗസും പറഞ്ഞിരിക്കുന്നു. പക്ഷേ, ഇപ്പാവുത്തുസു് എന്ന തത്ത്വജ്ഞന്റെ വാക്കുകളം കേട്ടാലും:

malankaralibrary.com

"ദരിദ്രനോ ദുർഭഗനോ വല്ലതും കൊടുത്താലുള്ള പുണ്യ മെന്ത്?് കൊടുക്കുന്നവനു് ആ മുതൽ നഷ്ടപ്പെടുകയും വാങ്ങു ന്നവന്റെ ദുർഭഗമായ ആയുസ്സു് വലിച്ചുനീട്ടുന്നതിനു് അതു പകരിക്കുകയും ചെയ്യുമെന്നല്ലാതെ എന്തു പ്രയോജനം?"

റോമൻചക്രവത്തിയായ ടൈറസിനു് ഒരു നല്ല പതിവുണ്ടായിരുന്നു. എന്നും വൈകുന്നേരം അദ്ദേഹം ഒരാ ത്മശോധന നടത്തും. ഇന്നു ഞാൻ ആക്കെക്കിലും ദാന ധർമ്മം ചെയ്തോ?" ഇല്ല എന്നാണു് മറുപടിയെങ്കിൽ അദ്ദേ ഹം തന്നോടുതന്നെ പറയും: "എനിക്കു് ഒരു ദിവസം നഷ്ടപ്പെട്ടു." ഇതുപോലെ എല്ലാ ദിവസവും നമ്മളും ഒന്നാ ത്മശോധന ചെയ്യുനോക്കിയാൽ ഒരു വർഷത്തിൽ നമുക്കു് നഷ്ടപ്പെടാത്ത ദിവസം എത്രയുണ്ടാവും? ശല്യമൊഴിവാൻ വേണ്ടിമാത്രം ധർമ്മം കൊടുത്തിരുന്ന ചിലരെപ്പറ്റി സേ നക്കാ പറയുന്നുണ്ടു്. ആ ലിസ്റ്റിൽ ഏതായാലും നമ്മാം പെടാതിരിക്കട്ടെ. സ്റ്റീഫൻ ഗ്രെല്ലറി (Stephen Grellet) ന്റെ വാക്കുകളം നമ്മുടെ ജീവിതത്തെ നയിക്കട്ടെ: "ഞാൻ ഒരിക്കൽ മാത്രമേ ഈ ലോകത്തിലൂടെ കടന്നുപോകയുള്ളു. എന്തെങ്കിലും ചെയ്യാനോ മറ്റുള്ളവരോടു ദയകാണിക്കാ നോ എനിക്കു് കഴിയുമെങ്കിൽ, അതു് ഇപ്പോൾതന്നെ യാകട്ടെ; കാരണം, വീണ്ടും ഈ ലോകത്തിലൂടെ ഞാൻ കടന്നുപോകയില്ല."

malankaralibrary.com

മനുഷ്യാ, നീ ആരാണു്?

ബർലിൻ സർവ്വകലാശാലയിലെ തത്ത്വശാസ്ത്ര പ്രഫസറായിരുന്ന ആർതർ ഷോപ്പൻഹവർ ചിന്തയിൽ മുഴുകി തെരുവീഥിയിലൂടെ നടക്കുകയാണു്. അറിയാതെ പെട്ടെന്നൊരു യാത്രക്കാരനുമായി കൂട്ടിയിടിച്ചു. യാത്രക്കാരൻ: "ഛീ, നീ ആരെടാ" എന്നലറി. ചിന്തയിൽനിന്നുണരാതെതന്നെ ഷോപ്പൻഹവർ മറുപടി നൽകി: "ഞാനാരെന്നോ? ഹാ, എനിക്കതറിയാമായിരുന്നെങ്കിൽ!" B. C. 5–ാം ശതകത്തിൽ ജീവിച്ചിരുന്ന താലീസു് എന്ന തത്ത്വജ്ഞനോടു് ഏറ്റവും പ്രയാസമേറിയ കാര്യം എന്താണെന്നു് ഒരുവൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "തന്നത്താനറിയുക." സോക്രട്ടീസു് തന്റെ അനുയായികൾക്കു നൽകിയ വിലപ്പെട്ട ഉപദേശമിതായിരുന്നു: "നിന്നെത്തന്നെ അറിയുക." ശരി. എങ്കിൽ, മനുഷ്യാ നീ ആരാണു്?

ആദ്യമായി ശാസ്ത്രജ്ഞനോടു് ഒന്നു ചോദിച്ചു നോക്കാം. വെസ്റ്റു് മിനിസ്റ്ററിലെ കാകു്സ്റ്റൽ ഹാളിൽവച്ചു് ഡോ. തോമസു് ലോസൺ (Dr. Thomas Lawson) കഴിഞ്ഞവർഷങ്ങൾക്കു മുമ്പു് മനുഷ്യൻ ആരെന്നു വെളിപ്പെടുത്തി. "140 റാത്തൽ ഭാരമുള്ള ഒരു സാമാന്യ മനുഷ്യശരീരത്തിൽ അഞ്ചു ഷില്ലിംഗിനു് ലഭിക്കുന്ന രാസവിഭവങ്ങളേയുള്ളു. ആ ശരീരത്തിൽ പത്തുഗ്യാലൻ വെള്ളവും, എട്ടുകട്ട സോപ്പിനുള്ള കൊഴുപ്പും, ഒമ്പതിനായിരം പെൻസിലിനുള്ള ഈയവും, രണ്ടായിരത്തിഇരുന്നൂറു തീപ്പെട്ടിക്കൊള്ളികൾക്കുള്ള ഫോസ്ഫറസും, ഒരു നുള്ള ഉപ്പിലുള്ള മാഗ്നീഷ്യ

malankaralibrary.com

വും, ഒരു ആണികൂടവേണ്ട ഇരുമ്പും, ഒരു ചെറിയ കോഴി
ക്കൂട പൂശുവാനുള്ള ചുണ്ണാമ്പും, ഒരു പട്ടിയിലുള്ള ചെള്ള
കളയാൻ ആവശ്യമുള്ളത്ര ഗന്ധകവും ഉണ്ട്.'' മനുഷ്യാ,
നിനക്ക് വെറും അഞ്ചു ഷില്ലിങ്ങേ വിലയുള്ളോ? ഇതു
നീ സമ്മതിക്കുന്നില്ലെങ്കിൽ ഇനി നമുക്കു ചിന്തകന്മാ
രോട് ചോദിക്കാം. സംവേങ്ങളുടെ (events) സമാഹാര
മാണ് മനുഷ്യനെന്നു റസ്സലും, മനുഷ്യൻ നിരുപയോഗ
കരമായ ഒരു വികാരം മാത്രമാണെന്നു ഷാങ്പോം
സാർത്രും, പാറാവിലെ തടവുകാരനാണ് മനുഷ്യനെന്നു
പ്ലേറോയും, ഭ്രമിക്കു ഒരു ത്വക്കുണ്ട്, ആ ത്വക്കിനു രോ
ഗങ്ങളുണ്ട്. അതിലൊരു രോഗത്തെ മനുഷ്യനെന്നു വി
ളിക്കുന്നുവെന്നു നീഷേയും പറയുന്നു. ശരീരത്തോട
വലിയ ബന്ധമൊന്നുമില്ലാതെ വെറുമൊരു ചിന്തിക്കുന്ന
യന്ത്രമാണ് മനുഷ്യൻ–ഡെയ്ക്കാർട്ടിന്റെ നോട്ടത്തിൽ.
വെറും ഭൗതിക വസ്തുവായിട്ടാണ് മാർക്കു മനുഷ്യനെ മാ
നിക്കുന്നതു. ഫ്രോയിഡിന്റെ വീക്ഷണത്തിൽ മനുഷ്യൻ
വെറും ലൈംഗികവികാരപ്രചോദിത മൃഗമാണ്. ഹേ
മനുഷ്യ നീ ഇപ്പറഞ്ഞവയൊക്കെയാണെന്നോ? അല്ലെ
ങ്കിൽ ഇനിയും അന്വേഷണം തുടരാം. ''അനന്തതയുമാ
യി തട്ടിച്ചുനോക്കുമ്പോൾ മനുഷ്യൻ ഒന്നുമല്ല. ഇല്ലായ്മയു
മായി തുലനം ചെയ്യുമ്പോൾ അവൻ എല്ലാമാണ്. ഇല്ലാ
യ്മയുടേയും എല്ലാത്തിന്റേയും ഇടനിലയാണവൻ,'' എന്നു
പാസ്കലും, ''മനുഷ്യൻ മൃഗമാണ്. എന്നാൽ, അതുമാത്ര
മല്ല വേറെ ചിലതുകൂടിയാണ്. വേരുകളം ഭ്രമിയിലും
പൂക്കേണ്ട ശിഖരങ്ങളം സ്വർഗ്ഗത്തിലുമായി നിലകൊള്ളുന്ന
ഒരു കാല്പനിക ഭൗമിക വൃക്ഷ (mythic earth tree) മാണ
വൻ'', എന്നു ഹെൻറി ജോജ്ജും, ''മനുഷ്യൻ മാലാഖ
യാണ്'', എന്നു ഡിസ്റേലിയും, ''മണ്ണിൽ മനുഷ്യ
നാണ് ഏറ്റവും വലുതെന്നു'' വില്യം ഹാർവിയും, ''ലോ
കത്തിൽ അവനേക്കാൾ ബലമുള്ളതായി മറ്റൊന്നുമില്ലെ

malankaralibrary.com

ന്നു്,'' സോഫോക്ലിസും പറഞ്ഞിരിക്കുന്നു. അഞ്ചു ഷില്ലിംഗു് വിലയുള്ള മനുഷ്യശരീരം കണ്ടിട്ടാണോ അവർ ഈ പ്രസ്താവനകളിറക്കിയതു്? അല്ലെന്നോ? എങ്കിൽ പിന്നെ നീ ആരാണു്?

ഇതാ കേട്ടോളൂ. ആത്മശരീരങ്ങളുടെ സത്താപരസംയുക്ത (substantially united) മായ സാകല്യമാണു് നീ. ഇതു കേൾക്കുമ്പോൾ, മനുഷ്യൻ പദാർത്ഥമാത്രമെന്നു് വാദിക്കുന്ന എപ്പിക്യൂറിയന്മാരും, അശ്രുപിയായ ആത്മാവെന്നു് പഠിപ്പിക്കുന്ന പ്ലേയ്റണിസ്റ്റുകളും, കറങ്ങിത്തിരിയുന്ന ആശയമെന്നു് ഊന്നിപ്പറയുന്ന ഹെഗേലിയന്മാരുമെല്ലാം ചിരിച്ചേക്കാം. ചിരിച്ചുകൊള്ളട്ടെ. ദൈവശാസ്ത്ര വീക്ഷണത്തിൽ നീ ആരെന്നുകൂടി അറിഞ്ഞിരിക്കുക: എം. റയ്മണ്ടു്, 'നീ' (you) എന്ന ഗ്രന്ഥത്തിൽ അതു വ്യക്തമായി വിവരിച്ചിട്ടുണ്ടു്. അതിലെ ചില വാചകങ്ങളം ഇവിടെ പകർത്താം: ''നിത്യത്വത്തിൽ ദൈവം ഉച്ചരിച്ച വചനത്തിലെ ഒരു മാത്രയാണു് നീ സമയത്തിന്റെ തികവിൽ ദൈവം യൂദായിലെ കുന്നിൻചെരുവിൽ നട്ടുപിടിപ്പിച്ച താമസംവിനാ കുരിശിൻ തണ്ടുകളിൽ ചുറ്റിപ്പിണഞ്ഞുകയറിയ മുന്തിരിച്ചെടിയുടെ ശാഖയാണു് നീ...നിത്യം ജീവിക്കുന്ന ക്രിസ്തു മൂലക്കല്ലായ ദൈവാലയത്തിന്റെ ജീവിക്കുന്ന ഒരു കല്ലാണു് നീ. ദൈവത്തിൽനിന്നുള്ള ദൈവവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവുമായവൻ ശിരസ്സായുള്ള ശരീരത്തിലെ ഒരവയവമാണു നീ!''

malankaralibrary.com

ദൈവം എവിടെ?

''ദൈവമെവിടെ, ദൈവമുറങ്ങുന്ന ദേവാലയമെവിടെ....'' എന്നിങ്ങനെ തുടങ്ങുന്ന ഒരു സിനിമാഗാനം. വേറൊരു ഗാനമൊഴുകുന്നതു് ഇങ്ങനെയാണു്: ''ഈശ്വരനുണ്ടോ, ഇല്ലയോ ഉണ്ടായിരിക്കാം, ഇല്ലായിരിക്കാം. കണ്ടിട്ടുള്ളവരില്ലല്ലൊ....!'' ദൈവം എവിടെയെന്നന്വേഷിച്ചു് അലഞ്ഞു നടക്കുന്ന ചിലർ. വേറെ ചിലർ ദൈവത്തെ സൗകര്യത്തിനു കിട്ടിയാൽ തട്ടിക്കളയാൻ തക്കം നോക്കിയിരിക്കുന്നു! മറ്റു ചിലർ 'ദൈവം മരിച്ചുപോയി' എന്നു് ചരമപ്രസംഗം നടത്തുന്നു!

ഇങ്ങനെ ആയിരങ്ങളും അനുദിനം അജ്ഞേയവാദത്തിലേക്കും നിരീശ്വരത്വത്തിലേക്കും മുഖംകുത്തി വീഴുന്നതുകണ്ടു് മനസ്സുനൊന്തു് അമേരിക്കൻ ശാസ്ത്രജ്ഞനായ ഡാക്ടർ എ. ക്രെസിമോറിസൺ (Dr. A. Cressy Morrison) ഒരു ഗ്രന്ഥം രചിച്ചു. ''Man does not stand alone'' എന്നാണു് പ്രസ്തുത ഗ്രന്ഥത്തിന്റെ പേരു്. അതിലെ ചില വാചകങ്ങളും ഇവിടെ ഉദ്ധരിക്കുന്നു: ..''ഇരുപത്തി മൂന്നു ഡിഗ്രി കോണിൽ സംവിധാനം ചെയ്തിരിക്കുന്ന ഭ്രമിയുടെ ചെരിവാണു് മാറിവരുന്ന കാലാവസ്ഥകൾക്കു് കാരണം. ഈ ചെരിവില്ലായിരുന്നെങ്കിൽ നീരാവി വടക്കോട്ടും തെക്കോട്ടും സഞ്ചരിച്ചു് ഭൂഖണ്ഡങ്ങളെയെല്ലാം മഞ്ഞുകൊണ്ടു് മൂടിയേനെ. ഇപ്പോഴുള്ള ദൂരത്തിനുപകരം ചന്ദ്രനും ഭ്രമിയും തമ്മിലുള്ള അകലം വെറും അമ്പതിനായിരം മൈലാണെന്നു് സങ്കല്പിക്കുക. എങ്കിൽ, വേലിയേറ്റങ്ങളും ഭൂഖണ്ഡങ്ങളെ മുഴുവനും ദിവസത്തിൽ രണ്ടു

malankaralibrary.com

പ്രാവശ്യം വീതം മുക്കിക്കളിപ്പിച്ചേനെ. ഭൂമിയുടെ ഉപരിതലത്തിനു് വെറും പത്തടിമാത്രമെ കട്ടിയുണ്ടായിരുന്നുള്ളുവെങ്കിൽ ഓക്സിജൻ എന്ന വാതകം ഭൂമുഖത്തു് കണികാണില്ലായിരുന്നു. എങ്കിൽ, ജന്തുലോകത്തിന്റെ കാര്യം കഷ്ടത്തിലായേനെ. ഇനി, കടലിനു് കുറേയധികം അടികൂടികൂടി താഴ്ചയുണ്ടെന്നിരിക്കട്ടെ. എങ്കിൽ, കാർബൺഡയോക്സയിഡും ഓക്സിജനും പൂർണ്ണമായി ആഗിരണം ചെയ്യപ്പെടുകയും അതോടെ സസ്യജീവൻ അപ്രത്യക്ഷമാകുകയും ചെയ്യും ...!" അദ്ദേഹം ഗ്രന്ഥം സമാപിക്കുകയാണു്: "....അചഞ്ചലമായ ഗണിതശാസ്ത്ര തത്വങ്ങളിൽ നിന്നും നമുക്കു് തെളിയിക്കാൻ കഴിയും നമ്മുടെ വിശ്വം ആസൂത്രണം ചെയ്യപ്പെട്ടതും സൃഷ്ടിക്കപ്പെട്ടതും അസാമാന്യമായ ഒരു പ്രതിഭയാലാണെന്നു്".

"പ്രപഞ്ചവും പ്രപഞ്ചനിയമവും നിലനിൽക്കുന്നതിനെപ്പറ്റി ആലോചിക്കുന്തോറും അവയെ സൃഷ്ടിച്ചു് പരിരക്ഷിക്കുന്ന ഒരു മഹാശക്തിയെപ്പറ്റി ഞാൻ ചിന്തിച്ചുപോകുന്നു. അങ്ങനെയൊരു പ്രപഞ്ചശില്പിയില്ലാത്ത പ്രപഞ്ചത്തെ എനിക്കു് സങ്കല്പിക്കാൻ സാദ്ധ്യമല്ല" എന്നു പറഞ്ഞ ഐൻസ്റ്റയിനും, "പരമാണുവിന്റെ ഹൃദയത്തെപ്പറ്റി വിശദമായി മനസ്സിലാക്കാൻ സാധിക്കുന്ന നിമിഷത്തിൽതന്നെ നമുക്കു് ഈശ്വരനേയും അടുത്തറിയാൻ കഴിയും" എന്നു പഠിപ്പിച്ച ഡോ. സി. വി. രാമനും, "ആകാശത്തെ നോക്കീട്ടു് ദൈവമുണ്ടെന്നു് ബോധിക്കാത്ത മനുഷ്യൻ ഏതാണു്?" എന്നു ചോദിച്ച സിസറോയും, "പ്രകൃതിയുടെ ഘടന ബുദ്ധിമാനായ ഒരു സൃഷ്ടികർത്താവിന്റെ ആവശ്യകതയെ സ്പഷ്ടമാക്കുന്നുവെന്നു്" പ്രഘോഷിച്ച പ്രശസ്തനായ ഡേവിഡ് ഹ്യൂംസും, "ദൈവം എന്റെ കൺമുമ്പിൽക്കൂടി കടന്നുപോകുന്നതു് ഞാൻ കണ്ടു, എന്റെ കണ്ണഞ്ചിപ്പോയി എന്നു്" അത്ഭുതകര

malankaralibrary.com

മായ സസ്യവൈവിദ്ധ്യങ്ങളും അവയുടെ പ്രവർത്തനങ്ങളും കണ്ടുകൊണ്ടു് വിളിച്ചുപറഞ്ഞ സസ്യശാസ്ത്രജ്ഞനായ ലീനേയും നമുക്കു് കൈചൂണ്ടി കാണിച്ചുതരുന്നുണ്ടു് ദൈവം എവിടെയാണെന്നു്. പ്രഥിതനായ ഹോമർ തന്റെ 'ഒഡിസ്സി'യിൽ എഴുതി: "ഓരോ മനുഷ്യനും ദൈവത്തിനുവേണ്ടി വിശക്കുന്നു" (Every man hungers for God) എന്നു്. ആ വിശപ്പടക്കണമോ? എങ്കിൽ ഒരു കാര്യം ചെയ്യൂ. കണ്ണൊന്നു തുറക്കൂ; നല്ലപോലെ നോക്കൂ!

ഇതു സംഭവിക്കാതിരിക്കട്ടെ

റഷ്യയിൽ ലെനിന്റെ വിജയത്തിനു് ഏറ്റവും സഹായിച്ച ഘടകം ഏതാണെന്നു് ചോദിച്ചതിനു് അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "അതു് വേറൊന്നുമല്ല. ഞങ്ങളുടെ ശത്രുക്കളുടെ ശക്തിക്കുറവുതന്നെ. ഞങ്ങളെ എന്താഗ്രഹിക്കുന്നുവെന്നതിനേപ്പറ്റി ബോധമുള്ള കുറേപ്പേർ 1917–ൽ പെട്രോഗ്രഡിൽ ഉണ്ടായിരുന്നെങ്കിൽ, ഞങ്ങളെ ഒരിക്കലും റഷ്യയിൽ ശക്തിപ്രാപിക്കില്ലായിരുന്നു".

ആയിരക്കണക്കിനു് നല്ല മനുഷ്യർ അന്നു് പെട്രോഗ്രഡിലുണ്ടായിരുന്നു. പക്ഷേ, അവരാരും ചിന്തിച്ചില്ല, മറ്റുള്ളവരോടു് തങ്ങളെക്കു് ചില കടമകളും കടപ്പാടുകളുമുണ്ടെന്നു്. നിരീശ്വരത്വത്തിലേക്കു് മാതൃരാജ്യത്തെ വലിച്ചിഴയ്ക്കാൻ പണിയെടുക്കുന്ന ഒരു ചെറുസംഘം ഉത്സാ

malankaralibrary.com

ഹമതികൾ തങ്ങളുടെ മൂക്കിനുതാഴെ പ്രവർത്തിക്കുന്നുണ്ടായിരുന്നെന്നു് വളരെ വൈകിമാത്രമേ അവർ അറിഞ്ഞുള്ളൂ. ചുരുക്കം ചിലരുടെ പതറാത്ത പരിശ്രമം ആ വലിയ രാജ്യത്തെ കമ്മ്യൂണിസത്തിന്റെ കൈകളിലേക്കു് എറിഞ്ഞുകൊടുത്തു.

ഒരു നാടിനെ നശിപ്പിക്കാൻ കുറേപ്പേർക്കു് കഴിയുമെങ്കിൽ, അതിനെ രക്ഷിക്കാനും കുറച്ചുപേക്കു് കഴിയും. ഈ സത്യം പലപ്പോഴും പലരും ഓർമ്മിക്കാറില്ല. നമ്മുടെ മാതൃരാജ്യമായ ഇന്ത്യയെ കമ്മ്യൂണിസ്റ്റു് രാഷ്ട്രങ്ങൾക്കു് തീറെഴുതിക്കൊടുക്കാൻ അഹോരാത്രം പണിയെടുക്കുന്ന നല്ലൊരുകൂട്ടമാളുകൾ ഇന്നീ രാജ്യത്തുണ്ടു്. അതു കണ്ടെത്തും നാം കണ്ണടച്ചു് ഇരുട്ടാക്കാനാണു് ഭാവമെങ്കിൽ റഷ്യയിൽ സംഭവിച്ചതു് ഇവിടേയും സംഭവിക്കും. അപ്പോഴായിരിക്കും പലരും കണ്ണുതുറക്കുക. നെടുവീർപ്പിടുക. പക്ഷേ, എന്തുഫലം!

വേദനയുടെ വെള്ളരിപ്രാവു്

മുള്ളുകളില്ലാത്ത വഴിയിലൂടെ മുന്നോട്ടു പോകാനാണു് ഓരോ മനുഷ്യനും ആഗ്രഹിക്കുക. വേദനയിലേയ്ക്കു് വഴുതിവീഴുന്ന നിമിഷത്തിൽ അവന്റെ കണ്ണുകൾ നിറയുകയും മുഖം വാടുകയും ചെയ്യും. ആരോടെന്നില്ലാതെ അവൻ വിലപിക്കാൻ തുടങ്ങും:

"എന്തുചെയ്യേണ്ടതെങ്ങോട്ടു പോകേണ്ടതീ—
യന്ധകൂപത്തിലടിഞ്ഞതോ ഞാൻ

malankaralibrary.com

അന്തമില്ലാതുള്ളോരാഴത്തിലേക്കിതാ
ഹന്ത താഴുന്നു താഴുന്നു കഷ്ടം!''

(ആശാൻ)

എന്നാൽ, വേദനയിൽ വാവിട്ട നിലവിളിക്കാതെ അതിന്റെ വെല്ലുവിളിയെ സ്വീകരിച്ചു് വിജയിച്ച ചില വിശേഷജ്യോതിസ്സുകളുണ്ടു്, സാഹിത്യനഭോമണ്ഡലത്തിൽ.

അമേരിക്കൻ ജനതയുടെ പ്രിയപ്പെട്ട നോവലിസ്റ്റാണു് കാർസൻ മക്‌ലർസു് (Carson Meculiers). ആ മഹതി മൺമറഞ്ഞപ്പോഴും ഒരു പ്രശസ്ത നിരൂപകൻ ആ ജീവിതത്തെ വിശേഷിപ്പിച്ചതു്. വേദനയുടെ ദൈവവിളി (Vocation of Pain) എന്നാണു്. അപ്പറഞ്ഞതിനു് കാരണമുണ്ടു്. ആ മഹജ്ജീവിതം വേദനയുടേതായിരുന്നു. വേദനയുടെ നിറമുള്ള മഷിയിൽ മുക്കിയെഴുതിയതാണു് അവരുടെ കൃതികളെല്ലാംതന്നെ. തളർവാതം പിടിപെട്ടു് ഇടതുഭാഗം തളർന്നു; ഭർത്താവു് ആത്മഹത്യ ചെയ്തു. തനിക്കിനി ഒരുവരിപോലും എഴുതാനാവില്ലെന്നു് തോന്നി. എങ്കിലും നിരാശയിലേയ്ക്കു് കമഴ്ന്നടിച്ചു വീണില്ല. പരിശ്രമിച്ചുനോക്കി—വീണ്ടും വീണ്ടും. ദിവസത്തിൽ കഷ്ടിച്ചു് ഒരു പേജ് എഴുതുവാൻ സാധിച്ചു. തന്റെ വേദനയുടെ കഥയെപ്പറ്റി ഇത്രയുമേ ആ മഹതിക്കു് പറയാനുള്ളൂ: ''ചിലപ്പോഴും ഞാൻ വിചാരിക്കാറുണ്ടു്, ദൈവം എന്നെ ജോലിയിലിട്ടു് കശക്കുകയാണെന്നു്. എന്നാൽ ഞാനോ എന്റെ ജോലിയോ ദൈവത്തെ ശപിച്ചില്ല. ഞാൻ എന്റെ ജീവിതം തുടരുന്നു.'' വേദനയിലൂടെ വലിഞ്ഞിഴഞ്ഞ മറ്റൊരു ജീവിതമായിരുന്നു എഴുത്തുകാരനും കവിയുമായ റോബർട്ടു് ലൂയിസു് സ്റ്റീവൻസന്റേതു്. മരണത്തിന്റെ വക്കിലൂടെ ജീവിതം വേച്ചു വേച്ചു നീങ്ങിയ അവസരത്തിലാണു് ''Dr. Jekyll

malankaralibrary.com

and Mr. Hyde," "Kidnapped", "Treasure Island" എന്നീ വിശിഷ്ട കൃതികളും അദ്ദേഹം രചിച്ചതു്.

"Fun in Bed"–എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഫ്രാങ്ക്സ്കുല്ലി (Frank Scully) വളരെ വർഷങ്ങളും ദീനക്കിടക്കയിൽ കഴിച്ചുകൂട്ടിയ ആളാണു്. എന്നിട്ടും ഏറെ ഗ്രന്ഥങ്ങളും രചിക്കാനും ആയിരക്കണക്കിനു് ലേഖനങ്ങളെഴുതാനും അദ്ദേഹത്തിനു് കഴിഞ്ഞു. ഒരിക്കൽ ഗ്ലോറിയാ സ്വാൻസൻ (Gloria Swanson) ചോദിച്ചു, ദീനം പിടിപെട്ട കിടക്കുമ്പോഴും എങ്ങനെയാണു് ഇത്രയധികം എഴുതാൻ സാധിക്കുക എന്നു്. ഇതായിരുന്നു മറുപടി: "കുറച്ചു ദിവസത്തെ ദീനത്തിനുശേഷം ഓരോ രോഗിയും തീരുമാനിക്കണം, താൻ ജീവിക്കുമോ മരിക്കുമോ എന്നു്. ഞാൻ മരിക്കുമെന്നു് എനിക്കു് തീച്ചയുണ്ടായിരുന്നു. എല്ലാ ദിവസവും രാവിലെ ഉണർന്നാൽ അന്നത്തെ പത്രത്തിലെ ചരമവാർത്തകളിലൂടെ ഞാൻ കണ്ണോടിക്കും. അവിടെ എന്റെ പേരു് കണ്ടില്ലെങ്കിൽ ആ ദിവസത്തെ ജോലിക്കുള്ള പ്ലാൻ തയ്യാറാക്കും. സാഹിത്യ രചനയിലേർപ്പെട്ടുന്ന ആ അമൂല്യ നിമിഷങ്ങളുണ്ടല്ലോ ആ നിമിഷങ്ങളിൽ ഞാൻ എന്റെ രോഗം മറക്കുന്നു." കുറച്ചു മാസങ്ങൾകൂടിയേ ജീവിതമുള്ളുവെന്നു് ഡോക്ടർ വിധി പറഞ്ഞതിനു ശേഷമാണു് ഹാൻഡൽ തന്റെ നല്ല കവിത രചിച്ചതു്. ദീനക്കിടക്കയിൽ മരണത്തോടു് മല്ലിട്ടു കഴിഞ്ഞിരുന്ന അവസരത്തിലാണു് സെനറർ ജോൺ കെന്നഡി പ്രസിദ്ധമായ "പ്രൊഫൈൽസ് ഇൻ കറേജ്" എന്ന വിശിഷ്ട ഗ്രന്ഥം എഴുതിയതു്. സിഫ്റർ അപസ്മാര രോഗിയായിരുന്നു; ഇബ്സൻ പ്രമേഹരോഗിയും. ഇവരെല്ലാം ഒരു സത്യം ഉറക്കെ വിളിച്ചു പറയുന്നുണ്ടു്. വേദനയുടെ വെല്ലുവിളികളെ സധീരം സ്വീകരിക്കൂ! "ജീവിതത്തോടുള്ള വെറുപ്പും പരാതിയും: എനിക്കിങ്ങനെ

malankaralibrary.com

വന്നല്ലൊ എന്നുള്ള പതം പറച്ചിലും, സ്വയം സഹതാപ പ്രകടനവുമാണു് നമ്മുടെ വേദനകളെ നയിക്കുന്നതെങ്കിൽ നാം മോഹഭംഗത്തിലേക്കായിരിക്കും നയിക്കപ്പെടുക,'' എന്നു് ഡാ. സ്റ്റാൻലി ജോൺസു് നമുക്കു് മുന്നറിയിപ്പു് നല്കുമ്പോഴും, ''ഞാൻ ഉറങ്ങി, ഞാൻ സ്വപ്നം കണ്ടു, ജീവിതം സുന്ദരമാണെന്നു്; ഞാൻ ഉണർന്നു, എനിക്കു മനസ്സിലായി, ജീവിതം കർത്തവ്യമാണെന്നു്'', എന്നു് എലൻ സ്റ്റർളി ഹൂപ്പർ നമ്മേ ധൈര്യപ്പെടുത്തുന്നു.

പകരം ഞങ്ങൾ ചോദിക്കും

മഹാനായ ഹെൻട്രി എട്ടാമൻ ഫ്രാൻസിലെ രാജാവായ ഫ്രാൻസീസു് ഒന്നാമനുമായി വഴക്കിലായി. വഴക്കുമൂത്തു് സംഗതി അല്പം ഗൗരവത്തിലായി. തോമസു് മൂറിനെ വിളിച്ചു് ഹെൻട്രി പറഞ്ഞു, ഫ്രാൻസീസു് ഒന്നാമനു് ശക്തിയായ ഒരു താക്കീതു നല്കാൻ. തോമസുമൂർ അതിനോടു യോജിച്ചില്ല.

''പ്രഭോ, അദ്ദേഹത്തിന്റെ സ്വഭാവം അത്ര നല്ലതല്ല. അദ്ദേഹം എന്റെ തലപോലും വെട്ടാൻ മടിക്കില്ല.''

''ഭയപ്പെടാനില്ല. അയാളം താങ്കളുടെ തല വെട്ടുകയാണെങ്കിൽ, ലണ്ടനിലുള്ള എല്ലാ ഫ്രഞ്ചുകാരുടേയും തലകളും ഞാൻ കൊയ്തെടുക്കും.''

''ശരിയാണു്. പക്ഷേ, ആ തലകളിലൊന്നുപോലും എനിക്കു പറ്റുമോയെന്നു തോന്നുന്നില്ല.''

malankaralibrary.com

പ്രതികാരംകൊണ്ട് ഒന്നും നേടാൻ പോകുന്നില്ല. മുറിവുകളും വലുതാക്കാൻ മാത്രമേ അതുപകരിക്കൂ. ചില ജാഥകളിൽ ഉയരുന്ന കേൾക്കാം പ്രതികാരത്തിന്റെ കൊലവിളി. "പകരം ഞങ്ങൾ ചോദിക്കും" എന്നലറിക്കൊണ്ട് ആവേശത്തോടെ ആകാശത്തിലേയ്ക്ക് മുഷ്ടിയെറിഞ്ഞ് അപസ്മാരലക്ഷണം കാണിക്കുന്ന 'ജാഥാമനുഷ്യർ', ബേക്കണേറയും റൂസ്സോയുടേയും വാക്കുകൾ ഓർത്തിരുന്നെങ്കിൽ! "പ്രതികാരം ചെയ്യുമ്പോൾ ഒരുത്തൻ ശത്രുവിനു തുല്യമേ ആകുന്നുള്ളൂ; ക്ഷമിക്കുമ്പോൾ അവനേക്കാൾ വലിയവനാണ്" എന്നു ബേക്കണും, "ക്ഷമിക്കുകയെന്നതു് അരോചകമായി തോന്നാമെങ്കിലും അതിന്റെ ഫലം മാധുര്യമേറിയതാണു്" എന്നു റൂസ്സോയും പറഞ്ഞിരിക്കുന്നു. സ്പെയിനിലെ രാജാവായിരുന്ന ഫിലിപ്പ് ദ്വിതീയന്റെ ജീവിതം ക്ഷമ പരിശീലിക്കാൻ എല്ലാവർക്കും ഒരു മാതൃകയാണു്. പരി. പിതാവിനു് അയയ്ക്കാൻ ഒരെഴുത്തു് അദ്ദേഹം രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നു് എഴുതിത്തീർത്തു. അതു മണലിലിട്ടുണക്കി കവറിലിട്ടു് ശരിപ്പെടുത്താനായി സെക്രട്ടറിയെ ഏല്പിച്ചു. സെക്രട്ടറി ഉറക്കത്തിൽ നിന്നുണർന്നു് അബോധാവസ്ഥയിൽ മണൽക്കൂപ്പിക്കു പകരം മഷിക്കൂപ്പിയെടുത്തു് കടലാസ്സിലേയ്ക്കു കമഴ്ത്തി. തനിക്കു പറ്റിയ അബദ്ധം രാജാവറിയുമ്പോൾ എന്തു പറയുമെന്നോർത്തു് സെക്രട്ടറി വല്ലാതെ ഭയപ്പെട്ടു. പക്ഷേ, വേറൊരു കടലാസ്സു് കൊണ്ടുവരാനാണു് രാജാവു കല്പിച്ചതു്. അദ്ദേഹം വേറെ എഴുത്തു് എഴുതി അയയ്ക്കുകയും ചെയ്തു. "ക്ഷമാബലമശക്ത നാം ശക്തനാം ഭ്രഷ്ണം ക്ഷമാ". ക്ഷമ അശക്തന്മാർക്കു ബലവും ശക്തന്മാർക്കു ഭ്രഷ്ണവുമാണു്.

malankaralibrary.com

നല്ല ഭാര്യയുണ്ടെങ്കിൽ!

''സഹതപിക്കാനും കൂടെ കരയാനും ഒരു സ്നേഹിതനുണ്ടെങ്കിൽ, ഏതു ദുഃഖവും സ്വീകാര്യമാണു്'' എന്നു് റൊമെയിൻ റോളണ്ടു് ഒരു കഥാപാത്രത്തെപ്പറ്റി അദ്ദേഹത്തിന്റെ നോവലിൽ പറഞ്ഞിട്ടുണ്ടു്. തീച്ചയായും ഓരോ ഭർത്താവും പറയും, സഹതപിക്കാനും കൂടെ കരയാനും ഒരു നല്ല ഭാര്യയുണ്ടെങ്കിൽ ഏതു ദുഃഖവും സ്വീകാര്യമാണു് എന്നു്. അമേരിക്കൻ നോവലിസ്റ്റായ ഡാനിയേൽ ഹാത്തോൺ അപ്പറയുന്നവരുടെ കൂട്ടത്തിൽപ്പെട്ടയാളാണു്. കസ്റ്റംസു് ഓഫീസിലായിരുന്നു പുള്ളിക്കാരന്റെ ജോലി. ഒരു ദിവസം അപ്രതീക്ഷിതമായി ജോലി നഷ്ടപ്പെട്ടു. ഹൃദയം നൊന്തു നിരാശയോടുകൂടിയാണു് വീട്ടിലേക്കു് കയറിച്ചെന്നതു്. ഭാര്യ സോഫിയായ്ക്കു് കാര്യം മനസ്സിലായി. പുഞ്ചിരിയോടെ അവൾ ഭർത്താവിനെ സ്വീകരിച്ചു. അടുത്തു ചെന്നിരുന്നു. എന്നിട്ടു് വാടിയ ആ മുഖത്തേക്കു വാടാത്ത പുഞ്ചിരിപ്പൂക്കൾ കുടഞ്ഞിട്ടുകൊണ്ടു് അവൾ പറഞ്ഞു: ''ഇനി അങ്ങേക്കു് പുസ്തകമെഴുതാൻ ധാരാളം സമയം കിട്ടും.'' ''അതുവരെ നമ്മളെങ്ങനെ ജീവിക്കും സോഫിയാ?'' സോഫിയായുടെ കണ്ണുകളിലേക്കു് നോക്കിക്കൊണ്ടു് അദ്ദേഹം ചോദിച്ചു.

അവൾ ഒറ്റയോട്ടം മുറിയിലേക്കു്. മേശ തുറന്നു് ഒരു പൊതിക്കെട്ടുമായി വേഗം തിരിച്ചുവന്നു. എന്നിട്ടു് പറഞ്ഞു: ''അങ്ങൊരു ജീനിയസ്സാണെന്നു് എനിക്കറിയാമായിരുന്നു. എന്നെങ്കിലും അങ്ങു് ഒരനശ്വര കൃതി രചിക്കുമെന്നും എനിക്കു തീച്ചയുണ്ടായിരുന്നു. അതുകൊണ്ടു്

malankaralibrary.com

വീട്ടുചിലവിനു തന്ന കാശിൽനിന്നും ഞാൻ മിച്ചംവച്ചു് സൂക്ഷിച്ചതാണിതു്. ഒരു കൊല്ലക്കാലം നമുക്കു് സുഖമായി ജീവിക്കാനുള്ള വക ഇതിലുണ്ടു്.''

ഹാത്തോൺ സന്തോഷാശ്രുക്കളും പൊഴിച്ചു. ആ ഹൃദയം തുടിച്ചു. ഭാവനകളും ചിറകടിച്ചുയർന്നു. ഇരുന്നെഴുതി. ആ വർഷം അദ്ദേഹത്തിന്റെ മാസ്റ്റർപീസായ ''The Scarlet Letter'' പുറത്തു വന്നു.

ഭാര്യയുടെ ഒരു വാക്കു്, ഒരു നോക്കു്, ഒരു പുഞ്ചിരി ഇവയിലെല്ലാം ഒളിഞ്ഞു കിടപ്പുണ്ടു്, നിരാശനായ ഭർത്താവിനെ കർമ്മനിരതനാക്കാനുള്ള കാന്തശക്തി.

''ഭർത്താവിനെ അപ്രീതിപ്പെടുത്തുന്ന ഭാര്യയ്ക്കു മരണശേഷം ഭർത്താവിരിക്കുന്ന ലോകത്തിലേക്കു പോവുക സാദ്ധ്യമല്ല. അതിനാൽ സ്ത്രീ ഒരിക്കലും ഭർത്താവിന്റെ അപ്രീതി സമ്പാദിക്കരുതു്.'' (വസിഷ്ഠാ 21–24)

ദൈവത്തിന്റെ ആശയം

ഇംഗ്ലീഷു് നോവലിസ്റ്റായ എച്ചു്. ജി. വെൽസു് ഒരിക്കൽ അമേരിക്കൻ നോവലിസ്റ്റായ ഹെൻറി ജയിംസിനെ സന്ദർശിക്കുകയുണ്ടായി. ജയിംസിന്റെ വീട്ടിൽ പ്രത്യേകതരത്തിലുള്ള ഒരു പക്ഷിയെ സ്റ്റഫ്ചെയ്തു വച്ചിരിക്കുന്നതു കണ്ടു് വെൽസു് ചോദിച്ചു: ''മി. ജയിംസു് അതെന്താണു്?''

''അതോ, അതൊരു കൊക്കാണു്.''

malankaralibrary.com

"ഓഹോ, കൊക്കിനെക്കുറിച്ചുള്ള എന്റെ ആശയം ഇങ്ങനെയല്ലായിരുന്നു."

"അതുശരി. പക്ഷേ, ദൈവത്തിന്റെ ആശയം ഇതായിരുന്നു."

പലതിനേയും കുറിച്ച് നമുക്കു പല ആശയങ്ങളുണ്ട്. ആ ആശയങ്ങളുടെ അടിസ്ഥാനത്തിൽ അവയെ നമ്മൾ അളക്കാറുമുണ്ട്. പക്ഷേ, നമ്മുടെ ആശയം ദൈവത്തിന്റെ ആശയമായിരിക്കണമെന്നില്ല. നമ്മൾ വിചാരിക്കാറുണ്ട്, നമ്മുടെ ആശയങ്ങൾ അങ്ങേയറ്റം അവികലമാണെന്ന്. എന്നാൽ, സ്രഷ്ടാവിന്റെ പ്ലാൻ നമ്മുടെ ലോജിക്കിന്റെ പിടിയിലൊതുങ്ങില്ലതന്നെ. ഇതാ ഒരു ഉദാഹരണം. വളരെയധികം പ്രതീക്ഷകളോടെ സാഹിത്യരംഗത്തേക്കു കാലെടുത്തു കുത്തിയവളാണ് ലൂയിസാ മെ അല്ക്കോട്ട് (Louisa May Alcott). പക്ഷേ, ഒന്നിനു പുറകെ ഒന്നായി പരാജയങ്ങളാണ് അവൾക്കനുഭവപ്പെട്ടതു്. അതുകണ്ട് ഒരു പ്രസാധകൻ അവളോടു പറഞ്ഞു: "സ്ത്രീകളെക്കുറിച്ചു വല്ല പുസ്തകവുമെഴുതു്." അങ്ങനെയൊരു പുസ്തകമെഴുതാൻ അവൾക്കു തീരെ ഇഷ്ടമില്ലായിരുന്നു. എങ്കിലും മനസ്സില്ലാമനസ്സോടെ ഒരു പുസ്തകം എഴുതിത്തീർത്തു. "Little women" എന്ന ആ ഗ്രന്ഥം അവളെ അമേരിക്കൻ ജനതയുടെ ഹൃദയത്തിൽ അനശ്വരയാക്കിത്തീർത്തു. തനിക്കു് ആ പുസ്തകം ഇത്രമാത്രം പേരും പെരുമയും നേടിത്തരുമെന്നു് സ്വപ്നത്തിൽപോലും അവൾ വിചാരിച്ചിരുന്നതല്ല. പക്ഷേ, ദൈവത്തിന്റെ ആശയം അങ്ങിനെയായിരുന്നു.

"വളഞ്ഞ വരയിൽകൂടി ദൈവത്തിനു് നേരെ എഴുതുവാൻ കഴിയുമെന്നു്" ബ്രസ്സീലിലെ ജനങ്ങളുടെയിടയിൽ ഒരു പഴഞ്ചൊല്ലുണ്ട്. അതു് എത്രയോ വാസ്തവം ഇല്ലേ?

malankaralibrary.com

പ്രസംഗംമാത്രം പോരാ

ഇംഗ്ലണ്ടിലെ സാഹിത്യവേദിയിൽ കെടാവിളക്കുകളായി വിളങ്ങിയിരുന്നവരാണ് ഡോ. സാമുവൽ ജോൺസണും മിസ്സസ് കാതറൈൻ മെക്കാളിയും. ഇരുവരും പലേ പ്രശ്നങ്ങളേപ്പറ്റി ചച്ച്നടത്തുക പതിവായിരുന്നു. മനുഷ്യരെല്ലാം സമന്മാരാണ് എന്നതായിരുന്ന ഒരു ദിവസത്തെ ചർച്ചാവിഷയം. സമന്മാരാണെന്നു് കാതറൈൻ വാദിച്ചു. ജോൺസൺ അതിനെ ശക്തിയായി എതിർത്തു. അവസാനം ജോൺസൺ പറഞ്ഞു: "ശരി, ഭവതി പറഞ്ഞതു് ഞാൻ സമ്മതിച്ചിരിക്കുന്നു." കുറേ കഴിഞ്ഞു് ജോൺസൺ പറഞ്ഞു: "ഇന്നു് ഡിന്നറിനു് നമ്മോടൊന്നിച്ചിരിക്കാൻ ഭവതിയുടെ ഭൃത്യനേയും ക്ഷണിക്കണം." അവർ മറുപടി പറഞ്ഞു: "എന്തു്, വേലക്കാരനെ നമ്മുടെ കൂട്ടത്തിൽ ഇരുത്താനോ? ശ്ശെയ്, അക്കാര്യംമാത്രം സാധ്യമല്ല. അതിനു് ഞാൻ വേറൊരു ജന്മം ജനിക്കണം." അതുകേട്ടു് ജോൺസൺ പറഞ്ഞു: "സമത്വം പ്രസംഗിക്കുന്നവർക്കു് ഒരു തകരാറുള്ളതായി ഞാൻ കാണുന്നു. തങ്ങളം പ്രസംഗിക്കുന്ന തത്ത്വത്തിൽ നിന്നു് തങ്ങളെത്തന്നെ അവർ മാറ്റിനിറുത്തുന്നു. മറ്റുള്ളവർക്കുവേണ്ടി എത്രനേരം വേണമെങ്കിലും അവർ പ്രസംഗിക്കും. പക്ഷേ, തങ്ങളംതന്നെ മറ്റുള്ളവർക്കു് മാതൃകയായിത്തീരണമെന്ന ചിന്ത അവരെ അലട്ടാറില്ല."

നല്ല കാര്യങ്ങളം എത്ര നേരം വേണമെങ്കിലും പ്രസംഗപീഠത്തിൽനിന്നടിച്ചുവിടാൻ ആർക്കും സാധിക്കും. പക്ഷേ, പ്രായോഗിക ജീവിതത്തിൽ അവ പകർത്തിക്കാട്ടാ

malankaralibrary.com

നാണ് ബുദ്ധിമുട്ട്. ധാരാളം പ്രസംഗിച്ച കൂട്ടത്തിലാണല്ലൊ നമ്മുടെ എം. എൽ. എ. മാരും എം. പി. മാരും മന്ത്രിമാരും മറ്റു നേതാക്കളുമെല്ലാം. എന്നാൽ, അവരുടെ പ്രസംഗങ്ങളും പ്രവൃത്തികളുംകൂടി നടത്തുന്ന 'അഴിമതികൾ'ക്ക് അവസാനമുണ്ടോ? 1971 ജൂലൈ 8-ാം തീയതിയിലെ 'ദീപനാളം' വാരികയിൽ ആനി തയ്യിൽ എഴുതിയ ചില വാചകങ്ങൾ ഇത്തരുണത്തിൽ ഓർത്തുപോകുകയാണ്: ''1969-ൽ ബാംഗ്ലൂരിൽവച്ച് 'സഭ ഇന്ന് ഇൻഡ്യയിൽ' എന്ന വിഷയത്തെക്കുറിച്ചുണ്ടായ സെമിനാറിൽ 'നല്ല കാര്യങ്ങളിൽ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുന്നതിൽ തെറ്റില്ല' എന്ന് ഞാൻ വാദിച്ചപ്പോൾ എന്നെ ശക്തിയായി എതിർത്തത് ശ്രീ. ഓസ്റ്റിനും ഏ. സി. ജോജ്ജുമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഇടതും വലതും ഒരുപോലെ നിഷിദ്ധമാണ്. കത്തോലിക്കർക്ക് ആ പാർട്ടിയുമായി യാതൊരു ബന്ധവും പാടില്ല എന്നവർ വാദിച്ചു. ഇവർ രണ്ടുപേരും ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പുരംഗത്തു പ്രവർത്തിക്കുന്നതു കണ്ടപ്പോൾ എനിക്ക് ചിരി വന്നു.'' കണ്ടോ നേതാക്കന്മാരുടെ പ്രസംഗവും പ്രവൃത്തിയും ഒളിച്ചോടിപ്പോകുന്ന പോക്ക്! ''ഞങ്ങൾ ചെയ്യണമെന്നു നിങ്ങൾ ഉപദേശിക്കുന്ന കാര്യങ്ങൾ നിങ്ങൾതന്നെ ചെയ്തുകാണിക്കുക'' എന്നു പൂവുത്തുസും, ''പ്രസംഗം ശ്രവിക്കുന്നതിനേക്കാൾ അതു ചെയ്തുകാണാൻ ഞാൻ ഇഷ്ടപ്പെടുന്നു'' എന്നു എഡ്ഗാർസ്നും പറഞ്ഞിരിക്കുന്നതു നേതാക്കന്മാരിൽ പലർക്കും അജ്ഞാതമല്ലത്രെ. എങ്കിലും അവയെ അവഗണിച്ചു മുന്നേറുന്നതിലാണ് തങ്ങളുടെ സാമർത്ഥ്യമെന്നു അവർ കരുതുന്നു; അല്ല, അഭിമാനിക്കുന്നു. കഷ്ടം!

malankaralibrary.com

സുന്ദരികളുടെ കൂടിക്കാഴ്ച

റഷ്യൻ നോവലിസ്റ്റായ ടർജനീവ് (Turgenieff) രസകരമായ ഒരു കൊച്ചുകഥയെഴുതിയിട്ടുണ്ട്. ഇതാണ് ആ കഥ. വലുതും ചെറുതുമായ എല്ലാ പുണ്യങ്ങളേയും ദൈവം ഒരു റീപാർട്ടിക്കു ക്ഷണിച്ചു. സ്വർഗ്ഗത്തിലെ വിശാലവും മനോഹരവുമായ ഒരു ഹാളിൽ അവരെല്ലാവരും സമ്മേളിച്ചു. എല്ലാവർക്കും എന്തെന്നില്ലാത്ത ആഹ്ലാദം! കാരണമുണ്ട്. അവർ തമ്മിൽ നേരത്തെ പരിചയക്കാരാണ്. അതുമല്ല, അവരിൽ ചിലർ അടുത്ത ബന്ധുക്കളുമായിരുന്നു. അവരുടെ സംഭാഷണങ്ങളും പൊട്ടിച്ചിരികളുമെല്ലാം ശ്രദ്ധിച്ചുകൊണ്ട് ദൈവം അടുത്തുനിൽപുണ്ട്. സുന്ദരികളായ രണ്ടു പുണ്യങ്ങൾ തമ്മിൽ യാതൊന്നും സംസാരിക്കാതെ പരിചയമില്ലാത്തവരേപ്പോലെ ഇരിക്കുന്നതു് ദൈവം കണ്ടു. അതിൽ ഒരു സുന്ദരിയെ വിളിച്ചു് അടുത്തിരിക്കുന്ന സുന്ദരിക്കു് പരിചയപ്പെടുത്തിക്കൊണ്ടു് ദൈവം പറഞ്ഞു: "ഉപവീ, ദേ, ഈ ഇരിക്കുന്നതാണ് കൃതജ്ഞത." അതു കേട്ടു് ആ രണ്ടു സുന്ദരികൾക്കും അത്ഭുതപ്പെട്ടുപോയി. കാരണം, ജീവിതത്തിൽ അവർ തമ്മിൽ ഒരിക്കലും കണ്ടിട്ടില്ലായിരുന്നു!

നമ്മുടെ ജീവിതത്തിൽ പലപ്പോഴും പരസ്പരം കണ്ടുമുട്ടാത്ത രണ്ടു പുണ്യങ്ങളാണ് ഉപവിയും, കൃതജ്ഞതയും. ഉപകാരങ്ങൾക്കു് നന്ദി പറയാതെ കടന്നുകളയാനുള്ള വ്യഗ്രതയാണ് പലരും പ്രകടിപ്പിക്കുക. ഒരു കാര്യം മറക്കല്ലെ. ഉപവിയും കൃതജ്ഞതയും മനുഷ്യജീവിതത്തി

malankaralibrary.com

ൻ് മാറുകൂട്ടുന്ന രണ്ടു ഘടകങ്ങളത്രേ! ജീവിതമാകുന്ന ത്രാസിന്റെ രണ്ടു തട്ടുകളായി ഉപവിയേയും കൃതജ്ഞതയേയും കണക്കാക്കുന്നതിൽ തെറ്റുണ്ടെന്നു് തോന്നുന്നില്ല. ആ തട്ടുകൾ തുല്യനിലയിൽ നില്ക്കുമ്പോഴാണു് മനുഷ്യവ്യക്തിത്വം പൂവും കായും അണിയുക. "സുഖം പ്രാപിച്ചവർ പത്തുപേരായിരുന്നില്ലേ. ബാക്കി ഒമ്പതുപേർ എവിടെ?" എന്ന ക്രിസ്തുനാഥന്റെ ഉത്തരം മുട്ടിക്കുന്ന ചോദ്യത്തിൽ ഈ സത്യം മുഴുവനും അടങ്ങിയിട്ടുണ്ടു്. ഉപവിയുടെ തുറന്ന കരങ്ങൾ നമ്മുടെ നേരെ നീട്ടുമ്പോൾ കൃതജ്ഞതയുടെ കൂപ്പിയ കരങ്ങൾ ഉയർത്തുവാൻ നാം മടിക്കരുതു്. മഹാത്മഗാന്ധി തെക്കേ ആഫ്രിക്കയിൽവച്ചു് ഒരു ഹോട്ടലിൽ കയറി ഊണു കഴിച്ചു. ഊണു കഴിഞ്ഞു് അദ്ദേഹം വെയിറ്ററോടു് പറഞ്ഞു: "താങ്കളുടെ സേവനത്തിനു് നന്ദി." ഉടനെ അയാൾ പറയുകയാണു്: "സർ, ഞാൻ ഒരിക്കലും അങ്ങയെ മറക്കുകയില്ല. എന്റെ ഇരുപത്തഞ്ചു വർഷത്തെ ഈ ജോലിക്കിടയിൽ ആദ്യമായിട്ടാണു് ഞാനൊരു നന്ദിവാക്കു് ഇപ്പോൾ കേൾക്കുന്നതു്." "Gratitude is a lively sense of future favours" എന്ന സർ റോബർട്ടു് വാൾപോളിന്റെ വാക്കുകൾ ശ്രദ്ധേയമാണു്.

ജീവിക്കണമോ മരിക്കണമോ?

ഷേക്സ്പീയറിന്റെ പ്രധാന കഥാപാത്രമായ ഹാംലറ്റ് ആത്മഗതമായി ഒരു ചോദ്യം ഉന്നയിക്കുന്നു: "ജീവിക്കണമോ മരിക്കണമോ?" അയാൾ ചിന്തിക്കുകയാണു്: "ഒരു കഠാരികൊണ്ടു് ജീവിതത്തിനു് അന്ത്യംവിരാ

malankaralibrary.com

മമിട്ടുക: അങ്ങനെ മനുഷ്യജീവിതത്തിലെ ക്ലേശങ്ങളും ദുരിതങ്ങളും കടഞ്ഞു മാറ്റുക, അതായിരിക്കും നല്ലതു്.'' ജീവിതത്തിലെ ഇരുളുമൂടിയ ചില നിമിഷങ്ങളിൽ ഓരോ മനുഷ്യനും തന്നോടുതന്നെ ഈ ചോദ്യം ചോദിച്ചുപോകും. എന്നാൽ, കണ്ണീരും പുഞ്ചിരിയും ഇടകലർന്നതാണു് മനുഷ്യജീവിതമെന്നും ആ ജീവിതം ജീവിതവ്യമാണെന്നും അവൻ അപ്പോ മറന്നുപോകുന്നു! കഴിഞ്ഞുപോയതിനെപ്പറ്റി കേഴാതെ, വരാനിരിക്കുന്നതിനേപ്പറ്റി വ്യാകുലപ്പെടാതെ, ഇന്നിന്റെ കാര്യത്തിൽ ശ്രദ്ധയൂന്നി മുന്നോട്ടു നീങ്ങുന്നെങ്കിലേ ജീവിതം വിജയിക്കൂ. ''ജീവിതം അത്രയ്ക്കാനും കുഴപ്പം പിടിച്ചതല്ല. നാം കല്പിച്ചുകൂട്ടി അതങ്ങനെയാക്കുന്നില്ലെങ്കിൽ'' എന്ന ടൈന്റെ വാക്കുകൾ വിസ്മരിക്കാതിരിക്കുക. കൂടാതെ ജീവിതവിജയത്തിനുതകുന്ന ചില തത്ത്വങ്ങൾകൂടി നമ്മൾ അറിഞ്ഞിരിക്കണം. ''How to live 365 Days A Year'' എന്ന ഗ്രന്ഥത്തിൽ John A. Schindler ആ തത്ത്വങ്ങൾ നല്കിയിട്ടുണ്ടു്:

1. ജീവിതം ലളിതമായിരിക്കുക.
2. ജോലിയെ സ്നേഹിക്കാൻ പഠിക്കുക.
3. സന്തോഷകരമായ കാര്യങ്ങൾ പറയുക.
4. ഓരോ നിമിഷത്തേയും വിജയമാക്കി മാറ്റുക.
5. നല്ല ഒരു ഹോബിയുണ്ടായിരിക്കുക.
6. എപ്പോഴും എന്തെങ്കിലും ആസൂത്രണംചെയ്തുകൊണ്ടിരിക്കുക.

malankaralibrary.com

പ്രായം ഒരു പ്രശ്നമല്ല

വി. ചാൾസ് ബൊറോമിയായുടെ ജീവിതത്തെ ചുറ്റിപ്പറ്റിനിൽക്കുന്ന രസകരമായ ഒരു കഥയുണ്ട്. ജോലിത്തിരക്കിലേർപ്പെട്ടിരിക്കുന്ന സമയത്തു് ആരെങ്കിലും അദ്ദേഹത്തെ ഭക്ഷണത്തിനു വിളിച്ചാൽ അദ്ദേഹം പറയും: "ഓ ഇത്ര നേരത്തെയോ? ഇപ്പോൾ വേണ്ട, കുറച്ചു് കഴിയട്ടെ". കുറച്ചു് കഴിഞ്ഞുചെന്നു് വിളിക്കുമ്പോഴത്തെ മറുപടി: "ഓ, ഇപ്പോഴോ? സമയം തെറ്റിയല്ലോ. ഇനി വേണ്ടാ," എന്നായിരിക്കും. ഏതാണ്ടിതുപോലെയാണു് പല മനുഷ്യരുടെയും കഥ. ഇത്രയും നേരത്തെയാണോ വലിയ കാര്യങ്ങളൊക്കെ ചെയ്യുന്നതെന്നു് വളരുന്ന തലമുറയും, വടിയും കുത്തിപ്പിടിച്ചു നടക്കുന്ന ഈ വയസ്സുകാലത്താണോ വല്ലതും ചെയ്യുന്നതെന്നു് വളർന്ന തലമുറയും ചിന്തിക്കുന്നു. അതിന്റെ ഫലമോ? ലോകത്തിനു കിട്ടേണ്ട ചില നിധികളും കിട്ടാതെ പോകുന്നു.

വലിയ കാര്യങ്ങളും ചെയ്യുന്നതിനു് പ്രായം ഒരു പ്രതിബന്ധമാണോ? അല്ല എന്നാണു് ഉത്തരം. ഇതാ, സംവേങ്ങളും സംസാരിക്കുന്നു. മൂന്നുവിധ സംഗീത ഉപകരണങ്ങളും വിദഗ്ധമായി ഉപയോഗിക്കാനും ആഴ്ചയിൽ ഒരു പാട്ടുവീതം രചിക്കാനും ഏഴു വയസ്സുള്ള ഹാർഡലിനു കഴിഞ്ഞു. പതിനൊന്നാമത്തെ വയസ്സിലാണു് ബ്രൗണിംഗ് ഒന്നാംതരം കവിതയെഴുതിയതു്. ഇംഗ്ലീഷ്കാരോടു് യുദ്ധം ചെയ്യാൻ ഫ്രഞ്ചു സൈന്യത്തെ നയിച്ചപ്പോൾ ജോവാൻ ഓഫ് ആർക്കിനു പതിനേഴു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ഇരുപത്തൊന്നാമത്തെ വയസ്സിൽ

malankaralibrary.com

പീൽ പാർലിമെൻറിൽ പ്രവേശിക്കുകയും വി. ചാൾസ് ബൊറോമിയാ കട്ടിനാളാവുകയും ചെയ്തു. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ മ്കോർമിക്കു കൊയ്ത്തു യന്ത്രം കണ്ടുപിടിച്ചു. ന്യൂട്ടൺ ആകർഷണതത്ത്വം കണ്ടുപിടിച്ചതു ഇരുപത്തിനാലാം വയസ്സിലാണു്. ചരിത്രപ്രസിദ്ധമായ ലെപ്പാന്റോ യുദ്ധത്തിന്റെ നേതാവു് ഇരുപത്തിനാലുകാരൻ ഡോൺ ജോണായിരുന്നു. ഇരുപത്തിനാലാമത്തെ വയസ്സിൽ ചാൾസ് ഡിക്കൻസ് ''പിക്ക് വിക്കു് പേപ്പേഴ്സ്'' തുടങ്ങുകയും 25–ാം വയസ്സിൽ ''ഒലിവർടിസ്റ്റു്'' എഴുതുകയും ചെയ്തു. 26 വയസ്സുള്ളപ്പോഴാണു് ബഞ്ചമിൻ ഫ്രാങ്ക്ലിൻ ''പൂവർ റിച്ചാർഡ്സ് അൽമനാക്കു്'' എഴുതിയതു്. 33–ാം വയസ്സിൽ മഹാനായ അലക്സാണ്ഡർ ലോകം മുഴുവനും കീഴടക്കി. ജഫേഴ്സൺ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ നക്കൽ തയ്യാറാക്കിയതു്. 33–ാമത്തെ വയസ്സിലാണു്.

ചെറുപ്പക്കാരെ വിട്ടിട്ടു് ഇനി പ്രായം ചെന്നവരുടെ കാര്യമെടുക്കാം. അറുപതു വയസ്സു് കഴിഞ്ഞപ്പോഴാണു് ചോസറുടെ പ്രസിദ്ധമായ ''കാൻറർബറി കഥകൾ'' എഴുതപ്പെട്ടതു്. എഴുപത്തിനാലാം വയസ്സിലാണു് ഇമ്മാനുവൽ കാൻറു് ''മെറ്റാഫിസിക്സു് ഓഫ് എത്തിക്സു്'' എന്ന ഗ്രന്ഥം രചിച്ചതു്. എൺപതാം വയസിൽ ടെന്നിസൻ ''ക്രോസിംഗ് ദബാർ'' എഴുതി. എൺപതു വയസ്സു കഴിഞ്ഞപ്പോഴാണു് ഗൊയ്ഥേ ''ഫൗസ്റ്റു്'' എഴുതിയതും സൊഫോക്ലീസ് തന്റെ വിശിഷ്ടകൃതി രചിച്ചതും. എൺപത്തിയേഴാം വയസ്സിലാണു് മൈക്കിൾ എയ്ഞ്ചൽ അദ്ദേഹത്തിന്റെ പ്രധാന ചിത്രം വരച്ചതെങ്കിൽ ''ലെപ്പാന്റോ യുദ്ധം'' എന്ന അനശ്വരചിത്രം റൂബിസിയൻ വരച്ചതു്, തൊണ്ണൂറെട്ടാം വയസ്സിലാണു്. തൊണ്ണൂറാമത്തെ വയസ്സിൽ തിയോഫ്റാസ്റ്റസ് ''മനുഷ്യസ്വഭാവം'' എന്ന

malankaralibrary.com

ഗ്രന്ഥം രചിച്ചു. വിശ്വോത്തരങ്ങളായ പല നാടകങ്ങളും തൊണ്ണൂറഞ്ചാമത്തെ വയസ്സിലെഴുതാൻ ബർണാർഡ് ഷാസ്സ് കഴിഞ്ഞു. എൺപതു വയസ്സ് കഴിഞ്ഞപ്പോഴാ കേറേറാ ഗ്രീക്ക പഠിക്കാൻ തുടങ്ങി. എന്നാൽ വയസ്സ് കുറേ അധികമങ്ങട് ചെന്നതിനുശേഷമാണ് വിക്ടോറിയാ മഹാരാജ്ഞി ഹിന്ദി പഠിക്കാനാരംഭിച്ചതു്. പാശ്ചാത്യരുടെ പട്ടിക അവിടെ നിൽക്കട്ടെ. നമ്മുടെ കേരളക്കരയിലുമുണ്ട് എടുത്തു പറയാൻ കൊള്ളാവുന്നവർ. ഉള്ളൂർ. "കേരള ഭാഷാചരിത്രം" എന്ന മഹദ്ഗ്രന്ഥം എഴുതിയതും, കൊട്ടാരത്തിൽ ശങ്കുണ്ണി "ഐതിഹ്യമാല" രചിച്ചതും മഹാകവി ജി. യുടെ ചില പ്രധാന കൃതികളും എഴുതപ്പെട്ടതും അറുപതു വയസ്സിനു ശേഷമാണു്. ഋഗ്വേദം തർജ്ജിമ ചെയ്യുകയെന്ന ആയാസമേറിയ ജോലി വള്ളത്തോളും ആരംഭിച്ചതു് വയസ്സുകാലത്താണു്. എഴുപതു വയസ്സിനുശേഷം പത്തും, എഴുപതഞ്ചിൽ അഞ്ചും കൃതികളും പ്രസിദ്ധീകരിക്കാൻ പുത്തേഴത്തു രാമമേനോനു് കഴിഞ്ഞു.

ഈ ചെറുപ്പക്കാരും പ്രായം ചെന്നവരുമൊക്കെ എന്താണു് നമ്മോടു് സംസാരിക്കുന്നതു്. ഒന്നുമാത്രം. പ്രായം നോക്കേണ്ട, പ്രവർത്തിച്ചോളൂ എന്നു്. മഹാകവി ലോംഗ്ഫെല്ലോ തന്റെ കവിതയിലൂടെ ഈ സത്യം ലോകത്തെ അറിയിച്ചിട്ടുണ്ടു്: "സൽക്കർമ്മങ്ങളും സാധനങ്ങളും നിർവ്വഹിക്കുന്നതിനു് വൈകിയെന്നോ സമയം തെറ്റിയെന്നോ പറയുവാൻ അവസാനശ്വാസം വിടുന്നതുവരെ ആർക്കും അവകാശമില്ല."

malankaralibrary.com

അവരെ സൂക്ഷിക്കുക

ജീവിതയാത്രയിൽ പലതരം വ്യക്തികളെ നമ്മൾ കണ്ടുമുട്ടാറുണ്ട്. അവരിൽ ചിലരെ നമ്മൾ സൂക്ഷിക്കണം. മറ്റു ചിലരെ വീക്ഷിക്കണം, വേറെ ചിലരെ അനുകരിക്കണം. ജീവിതവിജയത്തിനിതാവശ്യമാണ്. ആ വ്യക്തികൾ ആരൊക്കെയാണെന്നോ?

പറയാം. "Life of Sir Richard Burton" എന്ന ഗ്രന്ഥത്തിൽ ലേഡി ബേർട്ടൻ ആ മനുഷ്യരെ നമുക്കു കൈചൂണ്ടി കാണിച്ചുതരുന്നുണ്ട്.

1. തനിക്കു് അറിവില്ലെന്നതിനേപ്പറ്റി അറിവില്ലാത്ത അറിവില്ലാത്തവൻ. അവൻ വിഡ്ഢിയാണു്. അവനിൽ നിന്നോടിയകലുക.

2. തനിയ്ക്കു് അറിവില്ലെന്നതിനേപ്പറ്റി അറിവുള്ള അറിവില്ലാത്തവൻ. അവൻ പാവമാണു്. അവനെ പഠിപ്പിക്കുക.

3. തനിക്കു് അറിവുണ്ടെന്നതിനേപ്പറ്റി അറിവില്ലാത്ത അറിവുള്ളവൻ. അവൻ ഉറക്കത്തിലാണു്. അവനെ ഉണർത്തുക.

4. തനിക്കു് അറിവുണ്ടെന്നതിനേപ്പറ്റി അറിവുള്ള അറിവുള്ളവൻ. അവൻ ബുദ്ധിമാനാണു്. അവനെ അനുകരിക്കുക.

ആംഗ്ലേയ കവിയായ അലക്സാണ്ടർ പോപ്പ് "Essay on Criticism" –ൽ എഴുതി, മാലാഖമാർ കാലുകുത്താൻ

malankaralibrary.com

വിറയ്ക്കുന്നിടത്തു് വിഷ്ണുകം ഓടിക്കേറുന്നെന്നു്. താഴെ പ്പറയുന്ന ഏഴു സുന്ദരവിഷ്ണുകളെ പ്രത്യേകം സൂക്ഷിക്കുക.

1. തെറ്റുകളെ തിരുത്താൻ മടിക്കുന്നവൻ.

2. വിജയത്തിലെത്തിയ ഓരോ മനുഷ്യനേയും അതിലേയ്ക്കുന്തിവിടാൻ പുറകേ ആളുണ്ടായിരുന്നെന്നു് കരുതുന്നവൻ.

3. തന്റെ തീരുമാനങ്ങളം ആവശ്യമെങ്കിൽ മാറ്റാൻ മനസ്സില്ലാത്തവൻ.

4. ഒരു പ്രവൃത്തി ചെയ്യാൻ എപ്പോഴും ഭാഗ്യം നോക്കി കാത്തിരിക്കുന്നവൻ.

5. "ഇതൊന്നും സാദ്ധ്യമല്ല" എന്നു് എപ്പോഴും പറയുന്നവൻ,

6. നിസ്സാരകാര്യങ്ങളംക്കുവേണ്ടി പണം വാരിയെറിയുന്നവൻ.

7. ദൈവത്തെക്കൊണ്ടു് തനിക്കാവശ്യമില്ലെന്നു് അവകാശപ്പെടുന്നവൻ.

വിമർശനത്തിനു് സ്വാഗതം!

മഹാനായ എബ്രഹാം ലിങ്കൺ ഒരു ഓർഡറിൽ ഒപ്പു വച്ചു. അദ്ദേഹം ചെയ്തതു് അബദ്ധമാണെന്നു് മനസ്സിലാക്കിയ സെക്രട്ടറി സ്റ്റാൻറൺ (Stanton) ആ ഓർഡർ തടഞ്ഞു. അതുമല്ല. ലിങ്കൺ വെറുമൊരു വിഡ്ഢിയാ

malankaralibrary.com

ണെന്നും അദ്ദേഹം വിളിച്ചു പറഞ്ഞു. കേട്ടതുപാതി കേൾക്കാത്തതുപാതി ആ വിവരം മറ്റുള്ളവർ ലിങ്കനെ അറിയിച്ചു. അപ്പോൾ പുഞ്ചിരിയോടെ ലിങ്കൺ പറയുകയാണു്:—"ഞാൻ ഒരു വിഡ്ഢിയാണെന്നു സ്റ്റാൻറൺ പറഞ്ഞെങ്കിൽ, അതു വാസ്തവമായിരിക്കണം. കാരണം, അദ്ദേഹം ഒരിക്കലും അബദ്ധം പറയുകയില്ല". ആ ഓർഡറിൽ അബദ്ധമുണ്ടെന്നു് സ്റ്റാൻറൺ ലിങ്കനെ സവിനയം അറിയിച്ചപ്പോൾ സസന്തോഷം അദ്ദേഹം ആ ഓർഡർ പിൻവലിച്ചു. മഹാനായ ലിങ്കനെ സംബന്ധിച്ചിടത്തോളം വിമർശനത്തെ അദ്ദേഹം എപ്പോഴും സ്വാഗതം ചെയ്തിരുന്നു. അതായിരുന്നു ആ ജീവിതത്തിന്റെ നേട്ടത്തിനു് നിദാനവും.

വിമർശകരുടെ നേരെ പല്ലിറുമ്മുക, നാക്കുകടിക്കുക, കണ്ണുരുട്ടുക മുതലായ അപസ്മാര ലക്ഷണങ്ങളും കാണിക്കുന്ന ധാരാളം പേരുണ്ടു്, നമുക്കു ചുറ്റും. എന്തെങ്കിലും നന്മചെയ്യാനാഗ്രഹിക്കുന്നവർ വിമർശനത്തെ സ്വാഗതം ചെയ്തേ പറ്റൂ എന്ന തുറന്ന സത്യം അവക്കജ്ഞാതമാണു്. വിമർശനത്തെ കണ്ടു് പേടിച്ചോടുന്നവരും അതിനെ അടിച്ചമർത്താൻ ചാട്ടവാറു് വീശുന്നവരും വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണു് ജീവിക്കുക. അങ്ങനെയുള്ളവർക്കു് എങ്ങനെ ജീവിതത്തിൽ കാര്യമായി വല്ലതും ചെയ്യാൻ സാധിക്കും! കാർഡിനൽ ന്യൂമാന്റെ വാക്കുകളും ചിന്തനീയമാണു്: "Nothing would be done at all, if a man waited till he could do it so well that no one could find fault with it" (തന്റെ പ്രവൃത്തിയെ മറ്റൊരുവൻ വിമർശിക്കാത്ത നിലവരുന്നതുവരെ വല്ലതും പ്രവർത്തിക്കാൻ കാത്തിരിക്കുന്ന ഒരുവനു് ഒരിക്കലും ഒന്നും ചെയ്യാൻ സാധ്യമല്ല). എൽബർട്ടു് ഹബാർഡു് (Elbert Hubbard) ഒരിക്കൽ പറയുകയുണ്ടായി, വിമർശനത്തിൽനിന്നു് മുക്തിനേ

malankaralibrary.com

ടാൻ ഒറ്റവഴിമാത്രമേ തനിക്കറിയാൻ പാടുള്ള എന്നു്. അതിതാണു്: "Do nothing, say nothing, be nothing" (ഒന്നും ചെയ്യാതിരിക്കുക, ഒന്നും പറയാതിരിക്കുക, ഒന്നുമല്ലാതിരിക്കുക).

ഫലവൃക്ഷങ്ങളുടെ നേരെ കല്ലും കൊഴികളും എറിയപ്പെടുന്ന എന്ന പുരാതന പേർഷ്യൻ പഴഞ്ചൊല്ലിൽ പതിരുണ്ടെന്നു് തോന്നുന്നില്ല.



മതിക്കരുതു് ഒരു ടോണിക്കു്

മുല കുടിപ്പിക്കുന്നേ മാതാക്കൾ ചില ടോണിക്കുകൾ വാങ്ങിക്കഴിക്കാറുണ്ടു്. കൂടുതൽ പാൽ കുടിച്ചു് കുഞ്ഞു് ആരോഗ്യവാനായി വളരാൻ അവ സഹായിക്കുന്നു. എന്നാൽ കുഞ്ഞിന്റെ ശരീരത്തിനുമാത്രം ആരോഗ്യം കിട്ടിയാൽ പോരാ. അവന്റെ കുരുന്നു മനസ്സിനുകൂടി ആരോഗ്യം കിട്ടണം. അതും അമ്മയിൽനിന്നുവേണം ആദ്യം ലഭിക്കാൻ. അതിനു മാതാക്കൾ ചില ടോണിക്കുകൾ കൂടി വാങ്ങിക്കഴിക്കണം. അവ വേറൊന്നുമല്ല. ഈടുറ്റ നല്ല പുസ്തകങ്ങൾ. അവ വായിച്ചു് അമ്മമാർ അറിവു സമ്പാദിക്കണം. എന്നിട്ടു് ആ അറിവിന്റെ മുലക്കണ്ണു് കുഞ്ഞിന്റെ വായിൽവച്ചുകൊടുക്കണം. അവൻ മതിയാവോളം അമ്മയിൽനിന്നു് കുടിക്കട്ടെ. ഫ്രഞ്ചുസാഹിത്യകാരനായ ലമാർട്ടയിന്റെ മാതാവു് തന്റെ ഡയറിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ലാഘവമായ പുസ്തകങ്ങൾ വായിക്കുന്നതിലുള്ള അപകടത്തെപ്പറ്റി

malankaralibrary.com

ഞാൻ വീണ്ടും ഇന്നു ചിന്തിക്കുകയായിരുന്നു. ഇത്തരം വായനയിൽ ആസക്തി വർധിക്കുമ്പോഴും ഈടറ്റ പുസ്തകങ്ങളും വായിക്കുന്നതു് മുഷിപ്പൻ ജോലിയായിത്തോന്നും. എങ്കിലും, എന്റെ കുട്ടികൾക്കാവശ്യമായ ജ്ഞാനം പ്രദാനം ചെയ്യാൻ ഈടറ്റ പുസ്തകങ്ങളും വായിക്കേണ്ടതു് തീച്ചയായും ഒരാവശ്യമാണു്.''

''Reading makes a full man'' (വായന മനുഷ്യനെ പൂർണ്ണനാക്കുന്നു) എന്നു് ഒരു ചൊല്ലുണ്ടു്. ''പുസ്തകത്തോടുള്ള സ്നേഹം വളർത്തുക, ജീവിതം സുഖകരമാക്കാനും കെട്ടുപിണഞ്ഞു കിടക്കുന്ന എണ്ണമറ്റ വൈവിധ്യമേറിയ വിചാരവികാരങ്ങളിലൂടെ ശരിയായ വഴി കണ്ടെത്താനും അതു സഹായിക്കുകയും മറ്റുള്ളവരേയും തന്നെത്തന്നെയും മാനിക്കാൻ നമ്മെ പഠിപ്പിക്കുകയും ചെയ്യും. മനുഷ്യനോടും ലോകത്തോടുമുള്ള സ്നേഹംകൊണ്ടു് മനസ്സും ഹൃദയവും വഴിഞ്ഞൊഴുകും'' എന്നു് മാക്ലിംഗോക്കിയും ''Books are my never failing friends with whom I converse day by day'' എന്നു ബേക്കണും പറഞ്ഞിരിക്കുന്നു.

കാര്യമൊക്കെ ശരിയാണു്. അവർക്കു് അങ്ങനെയൊക്കെ പറയാം. പക്ഷേ, മാതാക്കളായ ഞങ്ങൾക്കല്ലേ അറിയാൻ പാടുള്ളൂ ഞങ്ങളുടെ ബുദ്ധിമുട്ടുകൾ. സത്യം പറഞ്ഞാൽ തല ചൊറിയാൻ നേരമില്ല. പിന്നെയല്ലെ വായന? ഇത്തരം വാക്കുകൾ തീച്ചയായും മാതാക്കളിൽനിന്നും പ്രതീക്ഷിക്കാം. പക്ഷേ, അതിനു് ഇതേ പറയാനുള്ളൂ. മാതാക്കളേ, നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ വായിക്കാൻ സമയമുണ്ടു്. ഒരു ദിവസം എത്രമാത്രം സമയം നിങ്ങൾ അനാവശ്യമായി ചെലവഴിക്കുന്നെന്നു് ഒന്നോർത്തു നോക്കൂ. ആ സമയത്തു് നിങ്ങൾക്കു് പുസ്തകം വായിക്കാൻ പറ്റില്ലേ? ആക്കും എവിടെവച്ചു വേണമെങ്കി

malankaralibrary.com

ലും വായിക്കാനൊക്കുമെന്നാണു് പെടാക്കു് എന്ന മഹാൻ പറയുന്നതു്. വായനപ്രിയനായിരുന്ന ജൂലിയസു് സീസർ. അദ്ദേഹം ഒരു കൈയിൽ വാളും മറേറ കൈയിൽ പുസ്തകവുമായി ഒരു വലിയ നദി നീന്തിക്കടന്നു് യുദ്ധഭൂമിയിലേക്കു പുറപ്പെട്ടതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ജോൺസൺ, ബർണാഡ്ഷാ, ഷെല്ലി, സ്റ്റീവൻസൺ തുടങ്ങിയവർ ക്ഷണാവസരത്തിൽപോലും പാരായണം ചെയ്തിരുന്നവരാണു്. എങ്കിൽ, പ്രിയ മാതാക്കളേ, നിങ്ങൾക്കും വായിക്കാൻ സമയം കിട്ടില്ലെന്നോ! ശ്ശേ, മോശം!

സ്നേഹം! സ്നേഹം!

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമാണു് ഓരോ വ്യക്തിയും അതിയായി ദാഹിക്കുക. ആ ദാഹശമനത്തിനു് എന്തും ചെയ്യാൻ അവൻ മടിക്കില്ലതന്നെ. അതുകൊണ്ടാണു്, "സ്നേഹം എല്ലാത്തിനേം കീഴടക്കുന്നെന്നു്," വെർജിൽ പറഞ്ഞതും, "സ്നേഹംകൊണ്ടു് കടക്കാൻ പാടില്ലാത്ത കോട്ടയേതെന്നു്" ഷേക്സ്പീയർ ചോദിച്ചതും, "സ്നേഹമാണഖിലസാരമൂഴിയിൽ" എന്നു് കുമാരനാശാൻ പാടിയതും, "പരിണാമത്തിന്റെ ഒമേഗാപോയിൻറിലേയ്ക്കു മനുഷ്യകുലത്തെ നയിക്കുന്ന ശക്തി സ്നേഹമാണെന്നു്" തെയ്യാർദ്ഷെർദാൻ പഠിപ്പിച്ചതും. ബിഷപ്പു് ഫുൾട്ടൻഷീൻ സ്നേഹത്തെ ഇപ്രകാരം വിലയിരുത്തുന്നു. "ഒരിക്കൽ ഉപേക്ഷിച്ചാൽ പിന്നീടൊരിക്കലും തിരിച്ചെടുക്കാൻ പറാത്ത ചില വസ്തുക്കളുണ്ടു്. അതിലൊ

malankaralibrary.com

ന്നു് നാം ഉച്ഛ്വസിക്കുന്ന വായു. ആ വായു വീണ്ടും നാം ശ്വസിച്ചാൽ അതു നമുക്കു് വിഷമാണു്. മറെറാന്നു് സ്നേഹം. സ്നേഹത്തെ ഒരിക്കൽ മറെറാരു ഹൃദയത്തിലേയ്ക്കു് നിശ്വസിച്ചുകഴിഞ്ഞാൽ, പിന്നീടൊരിക്കലും നാം അതിനെ തിരിച്ചെടുക്കുന്നില്ല. തിരിച്ചെടുക്കുന്നെങ്കിൽ, അതു നമ്മേ ശ്വാസംമുട്ടിക്കുകയും നമ്മിൽ വിഷം കലർത്തുകയും ചെയ്യും.''

സ്നേഹം നിശ്ചലമല്ല; ചലനാത്മകമാണു്. അതങ്ങനെ ഒഴുകിക്കൊണ്ടിരിക്കും. ആ ഒഴുക്കിനൊത്തൊഴുകിയാൽ ഏതു കടവിലാണു് നമ്മളടുക്കുക? ഉത്തരമിതാണു്. അനന്തസ്നേഹമായ ദൈവത്തിൽ. ''കരമസോവു് സഹോദരന്മാരി''ൽ ഡോസ്റ്റോയ്വിസ്കി എഴുതി: ''ദൈവത്തിന്റെ എല്ലാ സൃഷ്ടികളേയും സ്നേഹിക്കുക. ഓരോ മണൽ തരിയേയും ഓരോ ഇലയേയും ഓരോ പ്രകാശരശ്മിയേയും സ്നേഹിക്കുക. മൃഗങ്ങളേയും സസ്യങ്ങളേയും എല്ലാത്തിനേയും സ്നേഹിക്കുക. നിങ്ങൾ എല്ലാത്തിനേയും സ്നേഹിക്കുന്നെങ്കിൽ അവയിൽ ദൈവികരഹസ്യങ്ങൾ നിങ്ങൾ ദർശിക്കും. ഒരിക്കൽ ദർശിച്ചാൽ ഓരോ ദിവസവും കൂടുതലായി അതു നിങ്ങൾ ഗ്രഹിക്കും. അവസാനം, ലോകത്തെ മുഴുവനും സ്നേഹംകൊണ്ടു വാരിപ്പുണരാനുള്ള നിലയിൽ നിങ്ങളെത്തും.'' ടോൾസ്റ്റോയി പറഞ്ഞു: ''സ്നേഹം ദൈവമാണു്.''

malankaralibrary.com

കൃതജ്ഞത പ്രതീക്ഷിക്കേണ്ട

''ഓ അവക്കുവേണ്ടി ഞാനെന്തുമാത്രം ബുദ്ധിമുട്ടിയതാണു്. എന്നിട്ടു് അവരെന്നോടു് ഈ ചെയ്ത്തു ചെയ്യല്ലോ... പാമ്പിനു് പാൽകൊടുത്തതുപോലെയായല്ലൊ .... ചോറുകൊടുത്ത കൈയിൽ കേറിക്കടിക്കുമെന്നു് ഞാൻ കരുതിയില്ല.....''! കൃതജ്ഞതയ്ക്കു പകരം കടുത്ത കൃതഘ്നത കിട്ടുമ്പോഴും പലരും ഇങ്ങനെ ആവലാതിപ്പെടാറുണ്ടു്. എന്നാൽ, ഈ ആവലാതിപ്പെടലിന്റെ ആവശ്യമില്ലെന്നും നമ്മൾ കൃതജ്ഞത പ്രതീക്ഷിക്കേണ്ടെന്നും ഹംഗറിയിലെ എലിസബത്തുരാജ്ഞി സ്വാനുഭവത്തിലൂടെ നമ്മെ പഠിപ്പിക്കുന്നുണ്ടു്.

ജർമ്മനിയിൽ ക്ഷാമമുണ്ടായി. എലിസബത്തുരാജ്ഞി സഹായിക്കാനോടിയെത്തി. ദിനംപ്രതി ഏകദേശം തൊള്ളായിരംപേരെ രാജ്ഞി സഹായിച്ചുകൊണ്ടിരുന്നു. കൊട്ടാരത്തിനുസമീപത്തു് ഒരു അനാഥശുശ്രൂഷാകേന്ദ്രവും തുറന്നു പ്രവർത്തനമാരംഭിച്ചു. ഭർത്താവു് മരിച്ചപ്പോഴും ഭർതൃസഹോദരൻ ഭരണം പിടിച്ചെടുത്തു. എലിസബത്തിന്റെ മൂത്തപുത്രനാണു് യഥാർത്ഥത്തിൽ കിരീടാവകാശം കിട്ടേണ്ടിയിരുന്നതു്. ധർമ്മം കൊടുത്തു് ഖജനാവു് മുടിക്കുന്നെന്ന കുറ്റമാരോപിച്ചു് ഭർതൃസഹോദരൻ എലിസബത്തിനെ കൊട്ടാരത്തിൽനിന്നും ആട്ടിയോടിച്ചു. അവരുടെ എല്ലാ വസ്തുവകകളും കണ്ടുകെട്ടി. പട്ടണത്തിൽപോലും ജീവിക്കുന്നതിനു് അനുവദിച്ചില്ല. തന്റെ മൂന്നു കുട്ടികളുമായി എലിസബത്തു് വീടുതോറും ഭിക്ഷയാചിച്ചുനടന്നു. പക്ഷേ, ആരും ഒന്നും കൊടുത്തി

malankaralibrary.com

ല്ല. എങ്ങും ഒരഭയസ്ഥാനം കിട്ടിയില്ല. അവസാനം പാവപ്പെട്ട ഒരു ആട്ടിടയകുടുംബം രാജ്ഞിയെ സ്വീകരിച്ചു. തന്റെ ജീവിതം മേടയിൽനിന്നു് ഓടയിലേയ്ക്കിറിയപ്പെട്ടെങ്കിലും എലിസബത്തിനു് നിരാശയുണ്ടായില്ല. അവർ സന്തോഷിച്ചു. കാരണം, തന്റെ കാരുണ്യപ്രവൃത്തികൾക്കു് കിട്ടിയ കൃതജ്ഞതയായി അവർ ആ കൃതഘ്നതയെ കണക്കാക്കി.

മനുഷ്യരെ രക്ഷിക്കാൻവേണ്ടി മനുഷ്യനായിപ്പിറന്നതിനു് ക്രിസ്തുനാഥനു കിട്ടിയ കൃതജ്ഞത മരക്കുരിശായിരുന്നു. മനുഷ്യരെ സ്നേഹിച്ചതിനു് എബ്രാഹം ലിങ്കനും ഗാന്ധിജിക്കും, കെന്നഡിക്കും, മാർട്ടിൻലൂതർ കിംഗിനും കിട്ടിയ കൃതജ്ഞതയുടെ പൂച്ചെണ്ടുകളും വെടിയുണ്ടകളായിരുന്നു. എങ്കിൽ പിന്നെ നമ്മളെന്തിനു അവക്കാർക്കും ലഭിച്ചിട്ടില്ലാത്ത കൃതജ്ഞത പ്രതീക്ഷിക്കണം?

''ഒരു സൽക്കർമ്മത്തിന്റെ പ്രതിഫലം ആ സൽക്കർമ്മം ചെയ്യാൻ സാധിച്ചതുതന്നെയാണു്'' എന്നു് സെനക്കായും, ''ഒരു സേവനത്തിന്റെ ഫലം ആ സേവനംതന്നെ'' എന്നു് സിസറോയും നമുക്കു് മുന്നറിയിപ്പു നൽകുന്നുണ്ടു്. കൃതഘ്നത കിട്ടുമ്പോൾ നമ്മുടെ മുഖം വാടാതിരിക്കാൻ ഷേക്സ്പിയറിന്റെ വാക്കുകളും ഓർക്കുക. ''ശീതക്കാറ്റേ, നീ വീശുക, വീശുക. മനുഷ്യന്റെ കൃതഘ്നതപോലെ നീ അത്ര ദയയില്ലാത്തതല്ല.... ആകാശമേ, നീയുറഞ്ഞു് കട്ടിയാവുക, കട്ടിയാവുക: വിസ്മരിക്കപ്പെടുന്ന ഉപകാരങ്ങളെപ്പോലെ നീ അത്ര ഉപദ്രവകാരിയല്ല.''

നമുക്കു കിട്ടുന്നതു് കൃതജ്ഞതയോ കൃതഘ്നതയോ ആയിക്കൊള്ളട്ടെ. മനസ്സുമടിക്കാതെ കഴിവുപോലെ മറ്റുള്ളവർക്കു് ഉപകാരം ചെയ്യാൻ ശ്രമിക്കുക. ''നിങ്ങൾ ഏറ്റ

malankaralibrary.com

വും വിലമതിച്ചിരിക്കുന്ന ആദർശത്തിനുവേണ്ടി നിങ്ങളുടെ ജീവിതം അർപ്പിക്കുക. അതാണ് ജീവിതത്തിന്റെ ആനന്ദം'' എന്ന് ബർണാഡ്ഷാ നമ്മെ ഓർപ്പിക്കുമ്പോൾ, ജോൺവെസ്ലി (John Wesley) നമ്മെ ഉപദേശിക്കുന്നു:

"Do all the good you can
By all the means you can,
In all the way you can,
In all the places you can,
At all the times you can,
To all the people you can,
As long as ever you can."

മടുത്തു, ഇനി പറ്റുല്ല

ജെ. മാവുത്രസിന്റെ "Just a moment please" എന്ന പുസ്തകത്തിൽ ഒരു കഥ വിവരിക്കുന്നുണ്ട്. വലിയൊരു പാൽത്തൊട്ടിയിൽ രണ്ടു തവളകൾ വീണു. തൊട്ടിയുടെ അകവശം വളരെ മിനുസമായതുകൊണ്ട് എത്ര ശ്രമിച്ചിട്ടും തവളകൾക്കു മുകളിലേക്ക് അള്ളിപ്പിടിച്ചു കയറാനോ അല്പനേരമെങ്കിലും പിടിച്ചുനില്ക്കാനോ കഴിഞ്ഞില്ല. മണിക്കൂറുകളോളം അവരിരുവരും പാലിലൂടെ നീന്തി. കൈകാലുകൾ കഴഞ്ഞു. നിരാശയോടെ ഒരു തവള പറഞ്ഞു: ''ഞാൻ മടുത്തു, ഇനി പറ്റുല്ല.'' അതുയും പറഞ്ഞിട്ട് അതു മുങ്ങിച്ചത്തു. എന്നാൽ, മറേറ തവള അതു കേട്ടിട്ടും കണ്ടിട്ടും പരിശ്രമം നിറുത്തിയില്ല. അതു ശക്തിയായി നീന്തിത്തുടിച്ചുകൊണ്ടിരുന്നു. അതാ, പാലിൽ വെണ്ണ ഉരുണ്ടുകൂടിത്തുടങ്ങി. സന്തോഷസൂച

malankaralibrary.com

കമായി ഒന്നു ശബ്ദിച്ചിട്ട് വലിയൊരു വെണ്ണക്കട്ടയുടെ മുകളിലേക്കു് ആ തവള ചാടിക്കയറി.

പ്രത്യാശയുടെ കിരണങ്ങളും അപ്രത്യക്ഷമാകുമ്പോഴും മനംമടുത്തു തളർന്നുവീഴുന്നവരാണു് ഒട്ടുമിക്കവരും. ഒന്നുകൂടി ശ്രമിച്ചുനോക്കാൻ അവർ തയ്യാറില്ല. ജീവിതക്ലേശങ്ങളിൽനിന്നു പേടിച്ചോടിമറയാനാണു് അവരുടെ വ്യഗ്രത. ഇങ്ങനെ ഓടിയൊളിക്കാൻ ശ്രമിച്ച ഒരദ്ധ്യാപികയെ ഒരു വയസ്സിത്തള്ള ഉപദേശിക്കുന്ന വിധം "So Big" എന്ന പുസ്തകത്തിൽ എഡ്നാ ഫെർബർ പറയുന്നുണ്ടു്. തള്ള ഉപദേശിക്കുകയാണു്: "മകളേ, നിനക്കു ജീവിതത്തിൽനിന്നു വളരെദൂരം ഓടിയകലാൻ പറ്റില്ല". ശരിയല്ലേ? ക്ലേശങ്ങളെ പേടിച്ചു് നാം ഓടുകയാണെങ്കിൽ വീണ്ടും ക്ലേശങ്ങളുടെ കടന്നൽക്കൂടിലേക്കല്ലേ നാം ഉരുണ്ടുവീഴുക? അതിനാൽ, "ഞാൻ മടുത്തു, ഇനി പറ്റുല്ല," എന്നു നിരാശയോടെ നിലവിളിച്ചലയാതെ ധീരമായി ജീവിതത്തെ നേരിടുക. "പ്രതിബന്ധങ്ങളാണു് നമ്മുടെ ഏറ്റവും വലിയ ഉപദേശി. അനന്തശക്തിയാണു് അവയെ നമ്മെക്കാൾ അറിവോടുകൂടി ക്രമപ്പെടുത്തിയിരിക്കുന്നതു്," എന്നു ബർക്കും, "കരയാനും ഇഴയാനും എളുപ്പമാണു്. പക്ഷേ, പ്രത്യാശയുടെ കിരണങ്ങളും എങ്ങും കാണാനില്ലാത്തപ്പോൾ മല്ലിട്ടു മല്ലിട്ടു കയറുക! ഹാ, അതല്ലേ രസം പിടിച്ച കളി," എന്നു് റോബർട്ട് സെർവീസും,

"In the world's broad field of battle,
In the bivouac of life
Be not like dumb, driven cattle!
Be a hero in the strife" എന്നു് ലോംഗ്ഫെല്ലോയും നമ്മെ ധൈര്യപ്പെടുത്തുന്നു.

malankaralibrary.com

സത്യം മറിക്കുന്നില്ല

"വിവേകവും ബുദ്ധിയും എത്രതന്നെ ഉണ്ടായാലും സത്യനിഷ്ഠയില്ലെങ്കിൽ അതുകൊണ്ടൊരു ഫലവുമില്ല. ആരേയും വിലവയ്ക്കേണ്ടതു് അയാളുടെ സത്യനിഷ്ഠയെ അടിസ്ഥാനപ്പെടുത്തിവേണം. പാമരനായ ഒരു ഗ്രാമീണൻ സത്യവാനാണെങ്കിൽ അസത്യവാനായ ഒരു പണ്ഡിതനെക്കാൾ മഹാനാണെന്നു് ഞാൻ പറയും. സത്യനിഷ്ഠയുള്ള ഒരു മനുഷ്യനാണു് ഈശ്വരന്റെ ഏറ്റവും മഹിമയുള്ള സൃഷ്ടി." ഒലിവർഗോൾഡ്സ്മിത്തിന്റെ "Vicar of Wakefield" എന്ന നോവലിലെ വാചകങ്ങളാണിവ. കൊള്ളാം. എന്നാൽ, ഈ വാചകങ്ങൾക്കു് ആധുനിക മനുഷ്യൻ എന്തുവില കല്പിക്കുന്നുണ്ടു്? കാര്യസാദ്ധ്യത്തിനുവേണ്ടി നിന്നനില്പിൽ നൂറുകണക്കിനു നുണ തട്ടിവിടാൻ മനുഷ്യനിന്നു് യാതൊരു മടിയുണ്ടോ? അസത്യം പറയുന്നതിൽ അന്യേയറ്റം അഭിമാനം കൊള്ളുന്നവരും അഭിനിവേശം പ്രകടിപ്പിക്കുന്നവരും അത്ര വിരളമല്ലതന്നെ. വേദപുസ്തകം പിടിച്ചു സത്യംചെയ്തിട്ടു് അസത്യം വിളിച്ചുപറയുന്ന 'സത്യവാദികൾ' കുറച്ചൊന്നുമല്ല കോടതിമുറികളിൽ. അവക്കു ജയ്വിളിക്കാനുമുണ്ടു്, അനേകമാളുകൾ. "സമ്പത്തു വർദ്ധിക്കുന്നതോടൊപ്പം മനുഷ്യരുടെ സത്യസന്ധതയുടെ നിലവാരം ഉയർന്നതായി താൻ കണ്ടിട്ടില്ലെന്നു്" തോമസ് ജഫേഴ്സൻ വെട്ടിത്തുറന്നു പറഞ്ഞിരിക്കുന്നതു് എത്രയോ പരമാർത്ഥം! "But I remember I am in this earthly world, where to do evil is often laudible but to do good is often accounted dangerous folly" (തിന്മ ചെയ്യുന്നതിനെ പ്രശംസിക്കുകയും നന്മ ചെയ്യുന്നതിനെ അപ

malankaralibrary.com

കടകരമായ വിഡ്ഢിത്തമായി കരുതുകയും ചെയ്യുന്ന ലോകത്തിലാണു് ഞാനെന്നു് എനിക്കോർമ്മയുണ്ടു്) എന്നു് ഷേക്സ്പീയറിന്റെ 'മാക്ബത്തി'ലെ ഒരു കഥാപാത്രം പറയുന്നതു് പ്രത്യേകം ചിന്ത്യമാണു്. പലപ്പോഴും സത്യം ക്രൂശിക്കപ്പെട്ടതായിട്ടാണു് നാം കാണുക. എങ്കിലും ഒരു കാര്യം വിസ്മരിക്കാതിരിക്കുക. സത്യം ക്രൂശിക്കപ്പെട്ടാലും അതൊരിക്കലും മരിക്കുന്നില്ല.

ഹേ, അതൊന്നും സാദ്ധ്യമല്ല!

ആരെങ്കിലും എന്തെങ്കിലും ഒരു പുതിയ പരീക്ഷണത്തിനൊരുമ്പെട്ടാൽ; ''ഹേ, അതൊന്നും സാദ്ധ്യമല്ല!'' എന്നു പറയാൻ മിനക്കിട്ടു നടക്കുന്ന ഒരു കൂട്ടരുണ്ടു്. അങ്ങനെയൊരു അഭിപ്രായം അപ്പോഴം അടിച്ചേല്പിച്ചില്ലെങ്കിൽ എന്തോ ഒരിതുപോലെയാണവർക്കു്. പക്ഷേ, പരീക്ഷണത്തിൽ വിജയിച്ചു് സസന്തോഷം ആ സാഹസികർ തിരിച്ചെത്തുമ്പോഴം ഒരു വക വിളറിയ ചിരിയും മേല്പറഞ്ഞവരുടെ ചുണ്ടിൽ വിരിയാറുണ്ടു്. ''Profiles of the Future'' എന്ന ഗ്രന്ഥത്തിലൂടെ ആർതർ സി. ക്ലാർക്കു് (Arthur C. Clark) ഇക്കൂട്ടരെ ശരിയ്ക്കുന്നു് വാരിയിട്ടുണ്ടു്.

മോട്ടോർ വാഹനം കണ്ടുപിടിച്ചപ്പോഴം ഒരു കൂട്ടർ ഇത്തരമൊരഭിപ്രായവുമായി ഓടിയെത്തി—'മണിക്കൂറിൽ മുപ്പതു മൈൽ വേഗത്തിൽ മോട്ടോർവാഹനത്തിലിരുന്നു് യാത്ര ചെയ്താൽ ശ്വാസംമുട്ടി കഷ്ടപ്പെടുമെന്നു്'. എഡിസന്റെ വൈദ്യുതവെളിച്ചത്തെപ്പറ്റി അന്വേഷിക്കാൻ നിയമിച്ച ഒരു ബ്രിട്ടീഷു് പാർലമെന്ററി കമ്മറ്റി ഇങ്ങനെ

malankaralibrary.com

വിധി പറഞ്ഞു–'അതൊരുവക കുട്ടിക്കളി'യാണെന്ന്. റൈറ് സഹോദരന്മാരുടെ വിമാനത്തിനു് പറക്കാൻ കഴിയുകയില്ലെന്നു് പ്രഗത്ഭരായ ചില ശാസ്ത്രജ്ഞന്മാർ ജല്പിച്ചു. അവർ ചൂണ്ടിക്കാട്ടിയ കാരണമിതാണു്: ''ഏതെങ്കിലും ഒരു വാഹനം ഭൂമിയിൽ ഓടി ആകാശത്തിലേക്കു് അതിന്റെ മുൻഭാഗം ഉയത്തി പക്ഷിയെപ്പോലെ ഉയരുമ്പോഴേക്കു കുത്തനെയായി അതു് ഒരു പേനാക്കത്തിപോലെ കീഴോട്ടുവീഴും. അതുകൊണ്ടു് പറക്കൽപ്രസ്ഥാനം മനുഷ്യനാൽ സാധിക്കുന്ന കാര്യമല്ല.'' യൂറോപ്പിനു തൊട്ടുപടിഞ്ഞാറെ കടലിൽക്കൂടി പടിഞ്ഞാറോട്ടു സഞ്ചരിച്ചാൽ ഏതെങ്കിലും ഒരു പുതിയ രാജ്യം കണ്ടെത്താൻ കഴിയുമെന്ന നിഗമനത്തിൽ കൊളംബസ് ഒരു സഞ്ചാരപദ്ധതി തയ്യാറാക്കി. അതേപ്പറ്റി പഠനം നടത്തിയ അന്നത്തെ വിദ്വദ്ധ കമ്മിറ്റി പറഞ്ഞതു്: ''സൃഷ്ടിക്കുശേഷം സഹസ്രാബ്ദങ്ങളം കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഇതുവരെ അറിയപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഒരു പ്രദേശം ഇനി എവിടെയെങ്കിലും കണ്ടെത്താൻ സാദ്ധ്യമല്ല''. എന്നായിരുന്നു. വാസ്കോഡിഗാമ ഇന്ത്യയിലേക്കുള്ള വഴി 1497–ൽ കണ്ടുപിടിച്ചതും, മെഗല്ലൻ കടലിടുക്കു് 1520–ൽ മെഗല്ലൻ കണ്ടുപിടിച്ചതും അന്നത്തെ വിദ്വദ്ധാഭിപ്രായത്തിനു് എതിരായിട്ടാണു്. കെനിച്ചിഹോറി എന്ന ചെറുപ്പക്കാരൻ ഒരു ചെറുവഞ്ചിയിൽ കയറി 1962 മേയ് 12–ാം തീയതി ഒസാക്കാതുറമുഖത്തുനിന്നു് സാൻ ഫ്രാൻസീസ്കോയിലേക്കു് ഒരു സാഹസികയാത്ര പുറപ്പെട്ടു. 5300–മൈൽ അകലെ പെസഫിക്കു് സമുദ്രത്തിനപ്പുറത്താണു് ആ ലക്ഷ്യം. ''ഹേ, അതൊന്നും സാദ്ധ്യമല്ല. അയാളുടെ കഥ കഴിഞ്ഞു''. പുറം കടലിലെ തിരമാലകൾക്കു പിന്നിൽ ആ ചെറുതോണി മറഞ്ഞതോടെ പലരും അഭിപ്രായപ്പെട്ടു. എന്നാൽ, തൊണ്ണൂറിമൂന്നു ദിവസങ്ങൾക്കുശേഷം ആ ചെറുപ്പക്കാരൻ സാൻഫ്രാൻ

malankaralibrary.com

സിസ്റ്റോയിൽ ചെന്നെത്തിയെന്നറിഞ്ഞപ്പോൾ, ''ഹേ, അതു സാദ്ധ്യമല്ല'' എന്നു തട്ടിവിട്ടവരുടെ തലകൾ കുനിഞ്ഞുപോയി.

പ്രകൃതിയുടെ രഹസ്യങ്ങൾ പ്രത്യക്ഷത്തിൽ നമുക്കജ്ഞാതങ്ങളാണു്. ആ രഹസ്യങ്ങളുടെ കലവറയിലേക്കു് പരീക്ഷണത്തിന്റെ കൈവിളക്കുമായി കടന്നു ചെല്ലാനൊരുമ്പെടുന്നവരെ നാം കൈയ്യടിച്ചു പ്രോത്സാഹിപ്പിക്കണം. ഒരുപക്ഷേ, ആ പരീക്ഷണത്തിൽ അവർ അമ്പേ പരാജയപ്പെട്ടേക്കാം. അപ്പോഴും ഒരു കാര്യം വിസ്മരിക്കാതിരിക്കുക. ഓരോ വിജയത്തിനുമുണ്ടു്, പരാജയത്തിന്റെ നൂറുനൂറു കഥകൾ പറയാൻ.

പരീക്ഷകളെ മനസ്സിലാക്കുക, മാനിക്കുക

''അറിവില്ലാത്ത കാര്യങ്ങളെപ്പറ്റി എനിക്കറിയില്ല എന്നു തുറന്നു പറയുന്നതിനു് എനിക്കു യാതൊരു വിധ ലജ്ജയില്ല'' എന്നു് സിസറോ രേഖപ്പെടുത്തിയിട്ടുണ്ടു്. പ്രസിദ്ധനായ മാക്കോണി തന്റെ ജീവിതത്തിലൂടെ ലോകത്തിനു ഈ സത്യം വ്യക്തമാക്കിക്കൊടുത്തിട്ടുണ്ടു്. രാത്രിസമയം മാക്കോണി തന്റെ സ്നേഹിതനുമൊന്നിച്ചു് പരീക്ഷണശാലയിലിരുന്നു് വയർലസ് പ്രവർത്തനത്തെപ്പറ്റി സംസാരിക്കുകയാണു്. പ്രഭാതംവരെ

malankaralibrary.com

ആ സംഭാഷണം നീണ്ടുപോയി. മുറിയ്ക്കുള്ളിൽനിന്നു് പുറത്തുകടന്നപ്പോഴും മാക്കോണി പറഞ്ഞു: ''ഇക്കാലമത്രയും വയർലസ്സു് എന്ന പ്രതിഭാസത്തെപ്പറ്റി ഞാൻ പഠിക്കുകയായിരുന്നു. എന്നാൽ റേഡിയോയെ സംബന്ധിച്ചു് ഒരു കാര്യം എനിക്കിതുവരെയും അറിയാൻ പാടില്ല.''

''ഹേ, അങ്ങേയ്ക്കറിയാൻപാടില്ലെന്നോ? എന്താണു് അക്കാര്യം?'' കൂട്ടുകാരൻ ചോദിച്ചു.

''ഓ, അതു വേറൊന്നുമല്ല. അതെങ്ങനെ പ്രവർത്തിക്കുന്നുവെന്നു് ഇതുവരെ ഒരു രൂപവും കിട്ടിയിട്ടില്ല.'' എന്നായിരുന്നു മാക്കോണിയുടെ മറുപടി.

തങ്ങളുടെ പരിധികൾക്കപ്പുറത്തുള്ള യാഥാർത്ഥ്യങ്ങളെ നിഷേധിക്കാൻ പലപ്പോഴും ശാസ്ത്രജ്ഞന്മാർ ഒരുമ്പെടാറുണ്ടു്. ''ഒരു കാര്യം നമ്മുടെ മനസ്സിലാക്കുകയോ കാണുകയോ ചെയ്യാത്തതുകൊണ്ടു് അതു സ്ഥിതിചെയ്യുന്നില്ലെന്നർത്ഥമില്ല'' എന്നു പാസ്ചർ പറയുന്നതിനു് അവർ വലിയ അർത്ഥമൊന്നും കല്പിക്കുന്നില്ല. ''തന്റെ തത്വശാസ്ത്രഗ്രന്ഥങ്ങൾ സ്വപ്നംപോലും കാണാത്ത പലതുമുണ്ടേടോ ഈ ലോകത്തിൽ.'' എന്നു് ഷേക്സ്പിയർ, ഹാംലറിനെക്കൊണ്ടു് പറയിപ്പിക്കുന്നതും ശാസ്ത്രജ്ഞന്മാക്കിഷ്ടപ്പെട്ടെന്നു വരില്ല. ഒരു കാര്യം ഓർക്കുക. ശാസ്ത്രജ്ഞൻ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം കണ്ടുപിടിച്ചിട്ടില്ല. പദാർത്ഥങ്ങളേയും അവയുടെ ഊർജ്ജത്തേയും സംബന്ധിക്കുന്ന ചില നിയമങ്ങളോ ക്രമീകരണങ്ങളോ മനസ്സിലാക്കുന്നതുകൊണ്ടുമാത്രം ശാസ്ത്രജ്ഞനു് എല്ലാക്കാര്യങ്ങളേയുംപറ്റി ആധികാരികമായി സംസാരിക്കാൻ അവകാശമില്ലതന്നെ. തത്വശാസ്ത്രത്തിനേറെയും ദൈവശാസ്ത്രത്തിനേറെയും മണ്ഡലത്തിൽ ഒരു കടന്നാക്രമണം നടത്താൻ

malankaralibrary.com

ശാസ്ത്രജ്ഞൻ ശ്രമിക്കരുതു്. പരിധികളെ മാനിച്ചേ പറ്റൂ. എങ്ങനെയെന്നോ?

പണ്ഡിതനായ ഫ്രൻട്ടൻ ജെ. ഷീൻ "Life is Worth Living" എന്ന ഗ്രന്ഥത്തിൽ അതെപ്പറ്റി അല്പം പറയുന്നുണ്ടു്. "നൂറടി ഉയരമുള്ള ഒരു പാലത്തിൽനിന്നു് ഒരാളെ നദിയിലേയ്ക്കു് എടുത്തു ചാടട്ടെന്നു സങ്കല്പിക്കുക. ഒരു ഊർജ്ജതന്ത്രജ്ഞനും, മനഃശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞനും ഇതു കാണുന്നെന്നു വിചാരിക്കുക. ഓരോരുത്തനും ഓരോ കോണിലൂടെ അതു വീക്ഷിക്കുന്നു. അങ്ങനെ അവർ തങ്ങളുടേതായ പ്രത്യേക ശാസ്ത്രശില്പം കെട്ടിപ്പടുക്കുന്നു. ഊർജ്ജതന്ത്രജ്ഞൻ പറയുന്നു: 'ഇതു കാണാൻ ബഹുരസമാണു്. പദാർത്ഥങ്ങളെ കീഴോട്ടു വീഴുന്നതിനു് ഇതൊരുദാഹരണമാണു്. ആദ്യത്തെ സെക്കൻറിൽ അയാളെ 32 അടി താഴുന്നു; രണ്ടാമത്തെ സെക്കൻറിൽ അറുപത്തിനാലടി. ഇനി വെള്ളത്തിൽ ചെന്നു വീഴാൻ എത്ര സമയം വേണ്ടി വരുമെന്നു് ഞാൻ ഒന്നു കണക്കെടുത്തുകൊള്ളട്ടെ.'

ഈ മനുഷ്യനെ എടുത്തുചാടാൻ പ്രേരിപ്പിച്ച കാരണങ്ങളെക്കുറിച്ചു ചിന്തിക്കാതിരുന്നതു് ആ ഊർജ്ജതന്ത്രജ്ഞന്റെ കുറവല്ല; അതു് അയാളുടെ ശാസ്ത്രത്തിനപ്പുറത്തുള്ള വിഷയമാണു്.

മനഃശാസ്ത്രജ്ഞൻ അയാളെ നിരീക്ഷിച്ചിട്ടു് പറയുന്നു: എനിക്കാശ്ചര്യം തോന്നുന്നു. എന്തുകൊണ്ടായിരിക്കാം ഇയാളം നദിയിലേക്കു ചാടിയതു്? ഇയാൾക്കു് കിറുക്കായിരിക്കുമോ? അതോ ഭാര്യയുമായി കലഹിച്ചതായിരിക്കുമോ? ആഭായനിക്കുതിയുദ്യോഗസ്ഥൻ ഭീഷണിപ്പെടുത്തിയതായിരിക്കുമോ? അതോ, അമ്മായിയമ്മ ആക്ഷേപിച്ചതായിരിക്കുമോ? മനഃശാസ്ത്രപരമായ കാര്യങ്ങളെക്കുറിച്ചല്ലാതെ മറ്റു വിവരങ്ങളെക്കുറിച്ചു് അന്വേഷിക്കാ

malankaralibrary.com

തിരുന്നതിന്റ നമുക്ക് ആ മനഃശാസ്ത്രജ്ഞനെ കുറെ പ്പെടുത്തിക്കൂടാ. ദൈവശാസ്ത്രജ്ഞൻ പറയുന്നു: അയാളെ വെള്ളത്തിലേയ്ക്ക് എടുത്തു ചാടുന്നതിനുമുമ്പ് 'മനസ്താപ പ്രകരണം' ചൊല്ലിയിരിക്കുമോ എന്തോ! അയാളെ പാപസ്ഥിതിയിലാണോ, ദൈവവുമായി ഐക്യപ്പെട്ടാണോ മരണം പ്രാപിച്ചതു!" ഇവിടെ ആരും ആരുടേയും മണ്ഡലം എൻക്രോച്ച് ചെയ്യുന്നില്ല. ഓരോരുത്തനും പരിധികളെ അങ്ങേയറ്റം മാനിക്കുന്നു. അതാണു വേണ്ടതും.

നായ്ക്കൾ നല്കുന്ന പാഠം

റോമൻ സാഹിത്യകാരനായ പ്ലീനി ഒരിക്കൽ ഇങ്ങനെ എഴുതി: എനിക്ക് ഒരു നായെ അറിയാം. അവന്റെ യജമാനനെ ഒരു ദിവസം കള്ളന്മാർ വധിച്ചു. പക്ഷേ, നായ് ആ ശവശരീരത്തിനടുത്തുനിന്ന് മാറിയില്ല. നാസ്സും ധാരാളം മുറിവുകളേറ്റിരുന്നു. എന്നിട്ടും വന്യമൃഗങ്ങളോ പക്ഷികളോ വന്ന് യജമാനന്റെ ശരീരം തിന്നാതിരിക്കാൻ അവൻ അതിനു കാവൽനിന്നു. അദ്ദേഹം വേറൊരു സംഭവം വിവരിക്കുന്നുണ്ട്. അതു നടന്നതു റോമിലാണ്. ഒരു റോമൻ പൗരനെ വധശിക്ഷയ്ക്കു വിധിച്ചു ജയിലിലടച്ചു. അയാളുടെ വളർത്തുനായും ജയിലിന്റെ വാതുക്കൽ കാവലായി. ആ നായെ അവിടന്ന് ആട്ടിയോടിക്കാൻ അധികാരികളും ശ്രമിച്ചു. പക്ഷേ അതവിടന്നു പോയില്ല. ഒരു ദിവസം അയാളെ തൂക്കിലിട്ടതിനുശേഷം ശവശരീരം റൈബർ നദിയിലേയ്ക്കെറിഞ്ഞു.

malankaralibrary.com

ശവത്തിന്റെകൂടെ നായും നദിയിലേയ്ക്കു ചാടി. തന്റെ യജമാനന്റെ മൃതദേഹം വെള്ളത്തിലാണ്ടുപോകാതെ കൈകളിൽ താങ്ങിപ്പിടിക്കാൻ ആ നായ് വല്ലാതെ ബദ്ധപ്പെട്ടു.''

ഇതുപോലെ, തന്നെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന നായ് ചത്തുവീഴുമ്പോൾ മനുഷ്യൻ ഹൃദയം പൊട്ടിക്കരയാറുണ്ട്. കരഞ്ഞിട്ടുള്ള ഒട്ടേറെ കഥകളുമുണ്ട്. താൻ സ്നേഹിച്ച ഒരു നായുടെ അകാലചരമത്തിൽ പണ്ഡിതനായ ഐ സി. ചാക്കോ വേദനയോടെ ഈ വരികൾ എഴുതി:

''യാത്രാസുഹൃത്തേ മൃദിതാശയസ്തപം
യാത്രം പുരോമേഭ്യേലാഷ: സദാപി
ശീലേനനുണസ്ത മഹോപുരോമേ
പ്രയാതവാൻകിം ചരമപ്രയാണേ?''

(ഭൂമിയിലെ യാത്രകളിൽ എന്റെ മുമ്പേ പോകുന്നതിനു നീ എപ്പോഴും ആഗ്രഹിച്ചിരുന്നു. ആ ശീലത്താൽ പ്രേരിതനായിട്ട് നീ ചരമപ്രയാണത്തിൽ എന്റെ മുമ്പിൽ പോയിരിക്കുകയാണോ?). താൻ ഓമനിച്ച വളർത്തിയ നായ ചത്തുവീണപ്പോൾ ആംഗ്ലേയ മഹാകവി ലോർഡ് ബൈറൺ കരഞ്ഞു. മരിക്കുമ്പോൾ നായുടെ സമീപം തന്നെ സംസ്കരിക്കണമെന്നു് അദ്ദേഹം മരണപത്രത്തിലെഴുതിവച്ചു. പട്ടിയെ കുഴിച്ചിട്ട സ്ഥാനത്തു് അദ്ദേഹം ഒരു സ്മാരകം സ്ഥാപിച്ചു. ആ സ്മാരകശിലയിൽ രേഖപ്പെടുത്തിയിരിക്കുന്ന കവിതയുടെ അവസാന വരികളിപ്രകാരമായിരുന്നു:

''To make a friend's remains,
These stones arise,
I never knew but one and
here he lies''

malankaralibrary.com

(ഒരു സ്നേഹിതന്റെ ഭൗതികാവശിഷ്ടങ്ങളടക്കുന്ന സ്ഥാനത്ത് ഈ കല്ലുകം ഉയർത്തുന്നു. ഞാൻ ഒരുവനെ മാത്രം അറിഞ്ഞിരുന്നു. അവനാണ് ഇവിടെശയിക്കുന്നത്.)

വളർത്തുനായയെ വളരെ കാര്യമായി സ്നേഹിക്കുന്ന മനുഷ്യൻ തന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ദൈവത്തെ സ്നേഹിക്കാൻ പലപ്പോഴും മറക്കാറില്ലേ? വി. ജോൺ വിയാനി ഒരു സുപ്രഭാതത്തിൽ, സ്നേഹിതനുമൊത്തു വയലിലൂടെ പോകുകയായിരുന്നു. മരങ്ങളിലെല്ലാം നിറയെ പക്ഷികളും. അവ പാടുകയാണ്. അതുകണ്ട് വിയാനി പറഞ്ഞു: "ഓ, ചെറുപക്ഷികളേ, പാടുന്നതിനുവേണ്ടി നിങ്ങളും സൃഷ്ടിക്കപ്പെട്ടു; നിങ്ങളും പാടുന്നു. മനുഷ്യൻ ദൈവത്തെ സ്നേഹിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടു; എന്നാൽ, അവൻ അവിടുത്തെ സ്നേഹിക്കുന്നില്ല". ദൈവത്തെ സ്നേഹിക്കണമെങ്കിൽ നാം അവിടുത്തെ അറിയണം. അറിയാത്ത ഒന്നിനെ സ്നേഹിക്കാനാവില്ല. തന്റെ യജമാനൻ ആരെന്നറിഞ്ഞിട്ടേ നായ് സ്നേഹം ആരംഭിക്കൂ. ദൈവത്തെ അറിയാൻ ആഗ്രഹിക്കുന്നെങ്കിൽ നാം സൃഷ്ടവസ്തുക്കളിലേയ്ക്കിറങ്ങിച്ചെന്നാൽ മതി. മറഞ്ഞിരിക്കുന്ന ദൈവത്തെ നമുക്കവിടെ കാണാം. മഹാകവി ടെനിസൺ ഒരു ചെറുപുഷ്പത്തെ വീക്ഷിച്ചുകൊണ്ട് ഇപ്രകാരം പാടി: "മതിലിന്റെ വിടവിൽ വിടരുന്ന പൂവേ! നിന്നെ ഞാൻ വിടവിനുള്ളിൽ നിന്നു സമൂലം പറിച്ചെടുത്തു എന്റെ കൈത്തലത്തിൽ പിടിക്കുന്നു. ചെറുസൂനമേ! വേരോടും മറ്റു സകലത്തോടുംകൂടെ നീ എന്താണെന്നറിയാൻ കഴിഞ്ഞിരുന്നെങ്കിൽ എനിക്ക് ഈശ്വരനും മനുഷ്യനും എന്താണെന്ന് തീച്ചയായും അറിയാൻ സാധിക്കുമായിരുന്നു." കൊൻറാർഡോ ഫെറീനി (Contardo Ferrini) എഴുതി: "ദൈവമേ, പച്ചവിരിച്ച താ

malankaralibrary.com

ഴ്വരകളിലും പാടങ്ങളിലെ പുഷ്പങ്ങളിലും നിന്റെ പുഞ്ചിരിയുണ്ട്.'' ആഗസ്റ്റീനോസ് പറഞ്ഞു: ''ദൈവമേ, ആകാശവും ഭൂമിയും സകലവും നിന്നെ സ്നേഹിപ്പാൻ എന്നോട് പറയുന്നു.''

ഇപ്പോൾ മനസ്സിലായി

മരണാസന്നനായി കിടക്കുന്ന തന്റെ വിശ്വസ്ത സേവകന്റെ കിടക്കയ്ക്കരികെ ചാൾസ് പഞ്ചമൻ ചക്രവർത്തി നില്ക്കുകയാണ്. ചക്രവർത്തി ചോദിച്ചു: ''സ്നേഹിതാ, നിങ്ങൾ വളരെക്കാലം വിശ്വസ്തതാപൂർവ്വം നമ്മെ സ്നേഹിച്ചു, സേവിച്ചു. അതിനു പകരമായി നാമെന്താണ് നല്കേണ്ടത്? നമ്മിൽനിന്നും എന്തെങ്കിലും ആഗ്രഹം സാധിച്ചുകിട്ടേണ്ടതായിട്ടുണ്ടോ? ഉണ്ടെങ്കിൽ വേഗം പറയൂ. നാമതു സാധിച്ചുതരാം.''

മരിച്ചുകൊണ്ടിരിക്കുന്ന ആ മനുഷ്യൻ മറുപടി പറഞ്ഞു: ''അങ്ങിൽനിന്നു ഒരു കാരുണ്യം കിട്ടാൻ ഞാനാഗ്രഹിക്കുന്നു''.

''എന്താണതു. വേഗം പറയൂ?''

''എനിക്കു ജീവിക്കാൻ ഒരു ദിവസംകൂടി തരൂ. ഒറ്റ ദിവസം മാത്രം''.

ചക്രവർത്തിയുടെ മുഖം വാടി. ഹൃദയം നൊന്തു. അദ്ദേഹം പറഞ്ഞു: ''സ്നേഹിതാ, ഈ ലോകത്തിലെ ശക്തനായ ഭരണാധികാരികളിലൊരുവനായി എല്ലാവരും

malankaralibrary.com

നമ്മെ കരുതുന്നു. പക്ഷേ, താങ്കൾ ആവശ്യപ്പെടുന്നതു് നല്കാൻ നാമശക്തനാണെന്നു് താങ്കൾക്കും അറിയാം. ദൈവത്തിനുമാത്രമേ അതു് സാധിക്കൂ.''

അതുകേട്ടു് നെടുവീർപ്പോടെ ആ സേവകൻ പറയുകയാണു്: ''ഞാനൊരു മണ്ടനായിരുന്നെന്നു് എനിക്കിപ്പോൾ മനസ്സിലായി. രാജാവിനെ സേവിക്കുന്നതിനേക്കാളധികമായി ഞാൻ സേവിക്കേണ്ടിയിരുന്നതു് എന്റെ ദൈവത്തെയായിരുന്നു.'' ദൈവത്തെക്കാളും കൂടുതലായി രാജാവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത ഒരു മാന്യമനുഷ്യനാണു് മഹാനായ കാർഡിനൽ വുൾസി. ഫലമോ? എന്റെ രാജാവിനെ സേവിച്ചതുപോലെ ദൈവത്തെ സേവിച്ചിരുന്നെങ്കിൽ ഈ വാർദ്ധക്യകാലത്തു് ദൈവം എന്നെ ഇപ്രകാരം തള്ളിക്കളയുകയില്ലായിരുന്നു എന്നു് വേദനയോടെ അദ്ദേഹം വിളിച്ചു പറഞ്ഞു.

തന്റേടവും ആരോഗ്യവുമൊക്കെയുള്ളപ്പോൾ (മറ്റൊരുവിധത്തിൽ പറഞ്ഞാൽ നല്ലപ്രായത്തിൽ) ചിലർ സ്വതന്ത്രചിന്തയുടെ 'മെഗഫോണുമായി' ഇറങ്ങിത്തിരിക്കാറുണ്ടു്. അവർ വിളിച്ചുപറയും: മതം മണ്ണാങ്കട്ടയാണു്; ആത്മാവിനെപ്പറ്റിയുള്ളതു് അന്ധവിശ്വാസമാണു്; ദൈവം മരിച്ചുപോയി എന്നൊക്കെ. പിന്നെ ഒരുവകകാടുകേറിയ ജീവിതം (ഉദാ:– ഇപ്പോഴത്തെ ഹിപ്പിജീവിതം) അവർ ആരംഭിക്കുകയായി. പക്ഷേ, ജീവിതസായാഹ്നത്തിൽ അവരിൽ പലരും പ്പെയിറെന്നു് മറിച്ചു് വസ്ത്രാറുണ്ടു്. തങ്ങൾ ചെയ്ത തെറ്റിനെപ്പറ്റി വിലപിക്കുകയും 'ഞാൻ പിഴയാളി' ചൊല്ലുകയും ചെയ്യുന്നു. നിരാശയുടെ നെടുവീർപ്പുമായി ജീവിതം അവസാനിപ്പിക്കുന്നവരും അവരിൽ വിരളമല്ല. ഈ നിലയിലേയ്ക്കു് നമ്മൾ നീങ്ങാതിരിക്കാൻ കവി നമ്മെ ഉപദേശിക്കുകയാണു് ഈ വരികളിലൂടെ:

malankaralibrary.com

"ഭൂവിൽ പിറന്ന നരരൊക്കെയുമിപ്രപഞ്ചം
ഹാ! വിട്ടുപോകുമൊരു നാളതു സത്യമല്ലൊ;
ഭാവിക്കു വേണ്ടതഖിലം ശുഭമാക്കിവേണം
ജീവിക്കുവാൻ മനുജനെപ്പൊഴുമിജ്ജഗത്തിൽ"
(നീക്കുമിളകഥം.)

കവി ലോംഗ്ഫെല്ലൊ നമ്മെ ചിന്തിപ്പിക്കുന്നു:

"Life is real, life is earnest
And the grave is not its goal"

(ജീവിതം സത്യമാണു്, സുഖദായകമാണു്. പക്ഷേ, അതിന്റെ ലക്ഷ്യം കുഴിമാടത്തിനപ്പുറമാണു്)

എന്നാൽ, "തിന്നുക, കുടിക്കുക, മദോന്മത്തരായി ജീവിക്കുക. എന്തുകൊണ്ടെന്നാൽ നാളെ നമ്മും മരിച്ചുപോകും" എന്ന എപ്പിക്കൂരിയൻ തത്ത്വം സ്വീകരിക്കുന്നവക്കും, "ഓരോ നിമിഷവും കളയാതനുഭവിക്കുക, വരുവാനിരിക്കുന്നവയെപ്പറ്റി ചിന്തിക്കേണ്ട. ഐഹികാനന്ദം രൊക്കം കിട്ടുന്നവയാണു്, അതങ്ങു് മുതലാക്കി എടുക്കുകയല്ലേ നന്നു്? ഇരുപതുംകാലം നാം പള്ളികളിലും അമ്പലങ്ങളിലും കഴിച്ചുകൂട്ടിയ സമയം നമുക്കു് എന്നന്നേക്കുമായി നഷ്ടമായു്; ഇനിയുള്ള സമയമെങ്കിലും മദിരാലയങ്ങളിലും സിനിമാശാലകളിലും കഴിച്ചുകൂട്ടി തൃപ്തിയടയുക" എന്നു പാടിയ പ്രസിദ്ധ പേർഷ്യൻ കവിയായ ഒമാർഖയ്യാമിനെ ഓമനിക്കുന്നവക്കും,

"എന്തു വന്നാലുമെനിക്കാസ്പദിക്കണം
മന്ദിരിച്ചാറുപോലുള്ളൊരുജ്ജീവിതം
എന്നുമതിന്റെ ലഹരിയിലാനന്ദ–
ത്തുന്ദിലമെൻ മനം മൂളിപ്പറക്കണം"

എന്നു ചങ്ങമ്പുഴക്കവിത പാടിപ്പാടി ലഹരിപിടിക്കുന്നവക്കും മേല്പറഞ്ഞ കാര്യങ്ങളും അത്ര രുചിക്കുമെന്നു് തോന്നുന്നില്ല.

malankaralibrary.com

പണം എന്തിന്?

സെമിരാമിസ് രാജ്ഞിയുടെ ശവകുടീരത്തിൽ ഇങ്ങനെ എഴുതിവച്ചിരുന്നു: ''ഏതു രാജാവിനെങ്കിലും പണം ആവശ്യമുണ്ടെങ്കിൽ ഇതു തുറക്കട്ടെ.'' ഡാരിയൂസ് രാജാവു ശവകുടീരം തുറന്നുനോക്കിയപ്പോഴാണ് കണ്ടതു്, ''നീ അത്യാഗ്രഹിയല്ലായിരുന്നെങ്കിൽ മരിച്ചവരുടെ ശവകുടീരം തുറക്കുകയില്ലായിരുന്നു'' എന്നെഴുതിയ ഒരു കുറിപ്പുമാത്രമാണു്. മനുഷ്യന്റെ ധനതൃഷ്ണയ്ക്കു മനുഷ്യനോളംതന്നെ പഴക്കമുണ്ടു്. ഒന്നുകിട്ടിയാൽ രണ്ടാക്കാനാണു് അവന്റെ അടുത്ത ശ്രമം. അതു ചിലപ്പോഴാണു് ചെന്നുനില്ക്കുന്നതു്, കള്ളക്കടത്തിലും കള്ളനോട്ടടിയിലും നോട്ടിരട്ടിപ്പിക്കലിലുമൊക്കെയായിരിക്കും. മനുഷ്യന്റെ ഈ ധനാത്തിയെപ്പറ്റി ''Thinking Life Through'' എന്ന ഗ്രന്ഥത്തിൽ ഫ്യൂട്ടൻ ജെ. ഷീൻ പറയുന്നു: ''വിശുദ്ധവലഞ്ഞ ജനങ്ങൾക്കു് അപ്പത്തിനും മത്സ്യത്തിനും പകരം ആയിരം ഡോളർ വീതമാണു ക്രിസ്തുനാഥൻ അന്നു കൊടുത്തിരുന്നതെങ്കിൽ അവരിലാരെങ്കിലും പറയുമായിരുന്നോ, ''കർത്താവേ, എനിക്കുമതി. ധാരാളം മതി'' എന്നു്.

പണസമ്പാദനവ്യഗ്രതയിൽ മനുഷ്യത്വത്തെപ്പോലും മറിച്ചിടാൻ മനുഷ്യൻ മടിക്കില്ല. യൂദാസിന്റെ ചരിത്രം അതു പഠിപ്പിക്കുന്നുണ്ടു്. തന്റെ മനഃസാക്ഷിയുടെ ത്രാസിലിട്ടു് അയാളും മുപ്പതു വെള്ളിക്കാശിനേയും സ്വന്തഗുരുവിനേയും തൂക്കിനോക്കി. അയാളുടെ വീക്ഷണത്തിൽ വെള്ളിക്കാശിനായിരുന്നു തൂക്കം കൂടുതൽ. പണത്തിന്റെ പേരിൽ മനുഷ്യത്വം ഇങ്ങനെ നീചമായി ചവിട്ടി

malankaralibrary.com

യരുത്തപ്പെടുന്നതുകണ്ടിട്ട്, ''ഒട്ടകത്തിനു് ഒരു ഭാരമേ വഹിക്കാനുള്ളു. ധനവാനാകട്ടെ രണ്ടുണ്ടു്. അവയിൽ ഒന്നു സമ്പത്തിനേറെയും മറേറതു പാപത്തിനേറെയും'' എന്നു വി. ബർണ്ണാർദും, ''ധനവാനായി മരിക്കുന്നവൻ അപമാനിതനായി മരിക്കുന്നു'' എന്നു കോടീശ്വരനായ ആൻഡ്രൂ കർണെജിയും പറഞ്ഞു.

പണത്തിനു വല്ലാത്തൊരു കുഴപ്പമുണ്ടു്. അതു ചിലപ്പോഴും മനുഷ്യനെ കണ്ണീരു കുടിപ്പിക്കും. ഈ സത്യം ഫോർഡു് ഒരിക്കൽ വിളിച്ചു പറഞ്ഞു: The accumulation of wealth seems to unsettle and dissatisfy them'' (ധനവർദ്ധനവു മനുഷ്യരെ അസംതൃപ്തരും ആകുലചിത്തരുമാക്കുന്നു) എന്നു്. റോക്കു ഫെല്ലറിന്റെ ജീവിതകഥ ഇതിനൊരു ചിതോദാഹരണമാണു്. മുപ്പത്തിമൂന്നാമത്തെ വയസ്സിൽ കോടീശ്വരനായിത്തീർന്ന അദ്ദേഹം അമ്പത്തിമൂന്നാമത്തെ വയസ്സിൽ രോഗിയായിത്തീർന്നു. ഊണില്ല, ഉറക്കമില്ല, സമാധാനമില്ല, ആകെ വിഷമം. പേരുകേട്ട പല ഡോക്ടറന്മാരും മാറിമാറി പരിശോധിച്ചു. അവരിലൊരാൾ ഒരു ചികിത്സ നിർദ്ദേശിച്ചു: ''പണത്തെപ്പററി ചിന്തിച്ചു മനസ്സു പുണ്ണാക്കാതിരിക്കുക. മാറുള്ളവരോടു് അനുഭാവപൂർവ്വം പെരുമാറുക.'' റോക്കു ഫെല്ലർ ആ വൈദ്യവിധി സ്വീകരിച്ചു. ഫലം അത്ഭുതകരമായിരുന്നു. അമ്പത്തിമൂന്നാമത്തെ വയസ്സിൽ മരിക്കാൻ തുടങ്ങിയ ആ കോടീശ്വരൻ തൊണ്ണൂറെട്ടു വയസ്സുവരെ ജീവിച്ചു.

ക്രോറസു് എന്ന തത്ത്വജ്ഞൻ താത്ത്വികബുദ്ധ്യാ ധനത്തെ വെറും മണ്ണാങ്കട്ടയായി കരുതി ആഭരണാദിയലങ്കാരങ്ങളെ കടലിലെറിയുകയും, ഡെമോക്രീറസു് എന്ന യാഥം മനഃശല്യങ്ങളൊഴിവാക്കാൻ ധനം മുഴുവൻ ഉപേക്ഷിക്കുകയും ചെയ്ത സംഭവങ്ങളും ചരിത്രത്തിന്റെ താളുകളിലുണ്ടു്. ഇവരെ അതേപടി അനുകരിക്കാനാവില്ല.

malankaralibrary.com

പക്ഷേ, അവർ പഠിപ്പിക്കുന്ന സത്യം മറക്കാനോ മായ്ക്കാനോ പറ്റില്ല. നല്ലകാര്യങ്ങൾക്കുവേണ്ടി നല്ലതുപോലെ നൽകാനുള്ള ഒരു വസ്തുവാണു പണം. "ശരിക്കു വിനിയോഗിക്കാനറിയാമെങ്കിൽ പണം മനുഷ്യനു നല്ലൊരു സ്നേഹിതനാണു്. അല്ലെങ്കിൽ പണം അവനെ ഭരിക്കും" എന്നു ഹോറെസ്സു് ഗ്രീൻലിയും, "സമ്പത്തു ജീവിതലക്ഷ്യമല്ല. ഒരു ജീവിതോപകരണം മാത്രം" എന്നു ബീച്ചറും നമ്മെ ഉപദേശിക്കുന്നു.

കാറോടിച്ചു, കൊട്ടകാറോടിച്ചു... എന്നിട്ടും!

"ഗലീലയിലെ ആ മരപ്പണിക്കാരനെന്തുപറ്റി? അവനിപ്പോഴും ജോലി വല്ലതുമുണ്ടോ?" മതമർദ്ദകനായ ജൂലിയൻ ചക്രവർത്തി തനിക്കു് പരിചയമുണ്ടായിരുന്ന ഒരുവനെ അന്ത്യോഖ്യയിൽവച്ചു കണ്ടപ്പോഴും ചോദിച്ചു. അയാളുടനെ മറുപടി കൊടുത്തു: "ഉണ്ടു്. അങ്ങേക്കും റോമാ സാമ്രാജ്യത്തിനുംവേണ്ടി അദ്ദേഹം ഇപ്പോഴും ശവപ്പെട്ടി പണിതുകൊണ്ടിരിക്കുകയാണു്". കൈയിലിരുന്ന ഭൂപടം ഞെരിച്ചുകൊണ്ടു് ഒരിക്കൽ നെപ്പോളിയൻ അലറി, സഭയേയും അതുപോലെ ഞെരിച്ചുകളയുമെന്നു്. റോമാനഗരത്തെ ബോംബു് ചെയ്തു വെണ്ണീറാക്കുമെന്നു് ഹിറ്റ്ലറും പന്ത്രണ്ടാം പീയൂസിനെ പിടിച്ചു് തടവിലാക്കുമെന്നു് മുസ്സോളിനിയും പ്രസ്താവനകളിറക്കി. വി. പത്രോസിന്റെ ദേവാലയത്തെ താനൊരു മോസ്കാക്കു

മെന്നു് സൂചിപ്പിച്ചാൻ സലാവുദീൻ പീയൂസു് രണ്ടാമനോടു പറഞ്ഞു. ഡി. ആലംബർട്ടു് (D. Alembert) ലോകത്തിനു് ഉറപ്പുകൊടുത്തു: ഇരുപതു വർഷങ്ങൾക്കകം ദൈവത്തിനു് ഒറ്റ ആരാധകൻപോലും കിട്ടില്ലെന്നു്. എന്നാൽ, ഇരുപതു വർഷങ്ങൾ കഴിഞ്ഞപ്പോൾ വോൾട്ടയർ കലി കൊണ്ടു തുള്ളി. കാരണമെന്തെന്നോ? ദൈവത്തിനു് അന്നു ദിനം ആരാധകർ വർദ്ധിക്കുന്നതു കണ്ടിട്ടു്. അദ്ദേഹം തട്ടിവിട്ടു: "നോക്കിക്കോ, ഇരുപത്തഞ്ചു വർഷങ്ങൾക്കകം നല്ല ദൈവം അന്തർദ്ധാനം ചെയ്തിരിക്കും". ഫ്രാൻസിലെ മന്ത്രിയായിരുന്ന വിവിയാനിയും വിളിച്ചുകൂവി, താൻ സ്വപ്നത്തിലെ വിളക്കുകളെല്ലാം കെടുത്താൻ പോവുകയാണെന്നു്. എന്നിട്ടെന്തു പറ്റി?

അപകടം പതിയിരുന്ന ചുറ്റുപാടുകളുടെ നടുവിലേക്കാണു് സഭ പിറന്നുവീണതു്. ഒരു വശത്തു് സ്റ്റോയിസവും, നെയോപ്ലേറ്റോണിസവും, മറുവശത്തു് തകർന്നുകൊണ്ടിരിക്കുന്ന റോമൻ സംസ്കാരവും ബുദ്ധിജീവികളുടെ സ്കെപ്റ്റിസിസവും. ആരിയനിസം, നെസ്റ്റോറിയനിസം, മൊണോഫിസിറ്റിസം, പെലാജിയനിസം മുതലായ പാഷണ്ഡതകളുടെ ഘോഷയാത്ര. മൂന്നു നൂറ്റാണ്ടുകളോളം നീണ്ടുനിന്ന നീറോ, ഡയോക്ലീഷ്യൻ തുടങ്ങിയ വിപ്പുവ മല്ലന്മാരുടെ മതമർദ്ദനം. ഹിറ്റ്ലർ മുസ്സോളിനി പ്രഭൃതികളുടെ ഭീഷണികൾ. കമ്മ്യൂണിസത്തിന്റെ കൊലവിളി. മോഡേണിസത്തിന്റെ വെല്ലുവിളി. അങ്ങനെ അകത്തുനിന്നും പുറത്തുനിന്നും എത്രമാത്രം കൊലകൊമ്പന്മാർ സഭയോടു് ഒളിഞ്ഞും തെളിഞ്ഞും പയറ്റിനോക്കി. സഭ പിടഞ്ഞു മരിക്കുന്നതുകണ്ടു് ആനന്ദാശ്രുക്കൾ പൊഴിക്കാൻ കാത്തിരുന്നവരും കുറച്ചൊന്നുമല്ല. പക്ഷേ, അവക്കെല്ലാം നിരാശപ്പെടേണ്ടിവന്നു.

malankaralibrary.com

കാറും കോളുംകൊണ്ട് സഭാനൗക ആടിയുലഞ്ഞെക്കാം. എന്നാൽ, അതൊരിക്കലും മറിയാനോ മുങ്ങാനോ പോകുന്നില്ല. കാരണം, എല്ലാം കണ്ടുകൊണ്ട് ക്രിസ്തുനാഥൻ അതിന്റെ അമരത്തിരിപ്പുണ്ട്. ആ വിളക്കുമരം കണ്ണടക്കില്ല. സഭയുടെ സവിശേഷത കണ്ടിട്ടാണ് മെക്കോള എഴുതിയതു്: "കത്തോലിക്കാസഭയെപ്പോലെ ശ്രദ്ധാർഹമായ വേറൊരു മാനുഷിക ഭരണകൂടം ഈ ഭൂമിയിലില്ല, ഇതിനുമുമ്പുണ്ടായിട്ടുമില്ല. ആ സഭയുടെ ചരിത്രം മനുഷ്യസംസ്ക്കാരത്തിന്റെ രണ്ടു സുപ്രധാന കാലഘട്ടങ്ങളെ തമ്മിൽ യോജിപ്പിക്കുന്നു. പൊതു ദേവാലയത്തിൽ നിന്നും ബലിയുടെ ധൂമപടലം ഉയരുകയും, കടുവായും പുലിയും ഫ്ളാവിയൻ ആംഫി തീയേറ്ററിലേക്ക് കൊണ്ടുവരപ്പെടുകയുംചെയ്ത കാലഘട്ടത്തിലേക്ക് ഓർമ്മകളെ തിരിച്ചുവിടത്തക്കവണ്ണം നീണ്ട ചരിത്രമുള്ള മറ്റൊരു മതസ്ഥാപനവുമില്ല. മാർപ്പാപ്പമാരുടെ നീണ്ട പാരമ്പര്യവുമായി തുലനംചെയ്യുമ്പോൾ ഏതു പഴകിയ രാജകുടുംബവും ഇന്നലെ മാത്രം മുളച്ചതാണ്. സഭയുടെ ആ നീണ്ട ഭരണകാലം അവസാനിച്ചുവെന്നു് സൂചിപ്പിക്കുന്നയാതൊരടയാളവും ഇന്നു കാണുന്നില്ല. എല്ലാ ഗവണ്മെന്റുകളുടേയും ലോകത്തിലുള്ള എല്ലാ സാമ്രാജ്യങ്ങളുടേയും ആരംഭവും വളർച്ചയും അവസാനവും ദർശിച്ചു. അവയുടെയെല്ലാം അന്ത്യവും അവസാനം ദർശിക്കുകയില്ലെന്നു് ആക്കുപറയുവാൻ കഴിയും....! ന്യൂസിലണ്ടുകാരനായ ഏതെങ്കിലുമൊരു യാത്രക്കാരൻ, വ്യാപകമായ പ്രശാന്തതയുടെ മദ്ധ്യത്തിൽ വീണടിഞ്ഞ ലണ്ടൻപാലത്തിന്റെ ഏതെങ്കിലുമൊരു ആർച്ചിൽ കയറിനിന്നുകൊണ്ട് സെൻറ് പോൾ സ് കത്തീഡ്രലിന്റെ നഷ്ടാവശിഷ്ടങ്ങളെ ചിത്രീകരിക്കുവാൻ പരിശ്രമിക്കുന്ന അവസരത്തിലും പൂർവ്വാധികം ഉന്മേഷത്തോടുകൂടി അക്ഷയമായി, അവൻ സ്ഥിതിചെയ്യുകയും...."

malankaralibrary.com

ന്യൂനപക്ഷത്തിന് കഴിവില്ലേ?

തോമസ് അപ്പസ്തോലൻ ക്രി. വ. 52–ൽ ഇന്ത്യൻ മണ്ണിൽ കാലുകുത്തി. അദ്ദേഹം നട്ടുനനച്ച സഭയുടെ വളർച്ചയ്ക്ക് അന്നുതൊട്ടിന്നുവരെ അനേകായിരങ്ങൾ ആത്മാർത്ഥമായി അദ്ധ്വാനിച്ചതാണ്. എന്നിട്ടും ഇന്ത്യൻ ജനതയുടെ 97.3 ശതമാനം ഇന്നും ക്രിസ്തുമതത്തിനു പുറത്തുതന്നെയാണ് നില്പ്. അങ്ങനെ ഇന്ത്യൻ ചരിത്രത്തിന്റെ താളുകളിൽ ന്യൂനപക്ഷത്തിന്റെ ലിസ്റ്റിലേയ്ക്കു നീങ്ങി, ക്രിസ്ത്യാനികൾ. എങ്കിലും ഈ ന്യൂനപക്ഷത്തിനു ഭാരതത്തിലെ ഭൂരിപക്ഷത്തിന്റെ മുഴുവൻ ഹൃദയത്തെ പിടിച്ചടക്കാനാവില്ലേ? തീർച്ചയായും. എന്നിട്ടെന്തേ ഇന്നുവരെ കഴിയാത്തതു്? കാരണം മറെറാന്നല്ല. ക്രിസ്തുവിന്റെ തത്വങ്ങളെ ജീവിതത്തിലേയ്ക്കു പകർത്തുന്നതിൽ ക്രിസ്ത്യാനികൾ അമ്പേ പരാജയപ്പെട്ടുപോയി. ശാസ്ത്രജ്ഞനായ ഡോക്ടർ സി. വി. രാമൻ ഈ നഗ്നസത്യത്തിലേയ്ക്കു വിരൽ ചൂണ്ടിയിട്ടുണ്ട്: "ശ്രീകൃഷ്ണന്റെ ധർമ്മോപദേശത്തിലും ശ്രീബുദ്ധന്റെ അഹിംസാതത്വത്തിലും ശ്രീയേശുവിന്റെ പരിത്യാഗാരൂപിയിലും ഞാൻ വിശ്വസിക്കുന്നു. ഇവരിൽ ആരെ ഞാൻ കൂടുതൽ ബഹുമാനിക്കും, മതിക്കും എന്ന് എന്നോടു ചോദിച്ചാൽ ഞാൻ പറയും ശ്രീയേശുവിനെയെന്ന്. എന്നാൽ എനിക്ക് അദ്ദേഹത്തിന്റെ മതത്തിൽ വിശ്വാസമില്ല. കാരണം അദ്ദേഹത്തിന്റെ തത്വസംഹിതയനുസരിച്ചു ജീവിക്കുന്ന ഒരൊററ ക്രൈസ്തവനെപ്പോലും എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല."

ഇന്ത്യയുടെ പുരോഗമനത്തിനു കാര്യമായി വല്ലതും ചെയ്യാൻ ക്രൈസ്തവസഭയ്ക്ക് കഴിയുമെന്ന് ഗാന്ധിജി പല

malankaralibrary.com

പ്പോഴും പ്രത്യാശ പ്രകടിപ്പിച്ചിരുന്നു. അതിനു ചില നിർദ്ദേശങ്ങളും പലപ്പോഴായി അദ്ദേഹം ഉന്നയിച്ചിരുന്നു: "ക്രിസ്ത്യാനികളായ നിങ്ങളെല്ലാവരും ക്രിസ്തുവിനെപ്പോലെ ജീവിക്കാനാരംഭിക്കുക; മായം ചേർക്കാതെ നിങ്ങളും നിങ്ങളുടെ മതം ആചരിക്കുകയും ജീവിതത്തിൽ സ്നേഹത്തിനു പ്രമുഖസ്ഥാനം കൊടുക്കുകയും ചെയ്യുക. കാരണം, നിങ്ങളുടെ മതത്തിന്റെ കേന്ദ്രബിന്ദു സ്നേഹമാണു്." ഇന്ത്യയിലെ ജനങ്ങളുടെ ഉന്നമനത്തിനായി ക്രിസ്ത്യാനികൾക്കു് എന്തു ചെയ്യാൻ സാധിക്കുമെന്നു് വിനോബാഭാവയോടു ചോദിച്ച ഒരു മെത്രാനു കിട്ടിയ മറുപടി: "Practise what you preach" (നിങ്ങളും പ്രസംഗിക്കുന്നതു പ്രവർത്തിക്കുക) എന്നതായിരുന്നു. ക്രിസ്തുവിന്റെ തത്വങ്ങളും ക്രിസ്ത്യാനിയുടെ ജീവിതത്തിനു നിറം പകരട്ടെ! അവൻ ജീവിക്കുന്ന ഒരു ക്രിസ്തുവായി മാറട്ടെ! "Example is better than precept" (പ്രമാണത്തെക്കാളും ശ്രേഷ്ഠമാണു പ്രവൃത്തി) എന്ന തത്വത്തെ മുറുകെപ്പിടിച്ചു മുന്നേറട്ടെ! എങ്കിൽ ഒരു കാര്യം തീച്ചു്. ആ ന്യൂനപക്ഷത്തിനു് ഇന്ത്യയുടെ മുഖച്ഛായതന്നെ മാറ്റാൻ കഴിയും.

വെസ്റ്റൽകന്യകകൾ അന്നും ഇന്നും

വെസ്റ്റായിലെ അമ്പലത്തിലെ പീഠത്തിൽ കത്തിയെരിയുന്ന വിശുദ്ധാഗ്നി അണയാതെ സൂക്ഷിക്കാൻ പുരാതന റോമിൽ ആറു കന്യകമാരെ നിയോഗിച്ചിരുന്നു. പത്തു വയസ്സുള്ളപ്പോൾ അവർ അമ്പലത്തിലേക്കു് വരുന്നു. മുപ്പതുവർഷക്കാലം അവരവിടെ ജീവിക്കണം. അതിനിടയിൽ അവർക്കു് വിവാഹിതരാകാൻ പാടില്ല.

malankaralibrary.com

ദേവന്മാരിൽനിന്നു് രാജ്യത്തിനു് സംരക്ഷണം വാങ്ങിക്കൊടുത്തു് രാജ്യത്തെ സൗഭാഗ്യപൂർണ്ണമാക്കിത്തീർക്കുന്നതു ഈ കന്യകമാരാണെന്നായിരുന്നു റോമ്മാക്കാരുടെ വിശ്വാസം. വെസ്റ്റൽ കന്യകമാരെ എല്ലാവരും അങ്ങേയറ്റം ബഹുമാനിച്ചിരുന്നു. പരസ്യമായിത്തന്നെ സൈനീക ബഹുമാനങ്ങളും അവർക്കു നല്കിയിരുന്നു. കൊലക്കളത്തിലേക്കു കൊണ്ടുപോകപ്പെടുന്ന ഒരുക്രിമിനൽപുള്ളി വഴിമദ്ധ്യേ ഒരു വെസ്റ്റൽകന്യകയെ കാണാനിടയായാൽ വധശിക്ഷയിൽനിന്നു് അയാളെ മോചിതനാകും. നാടകശാല തുടങ്ങി മറ്റു എല്ലായിടത്തും ഏറ്റവുംനല്ല ഇരിപ്പിടങ്ങളും വെസ്റ്റൽ കന്യകകൾക്കു് കൊടുത്തിരുന്നു. പക്ഷേ, ഈ കന്യകമാർ കന്യാത്വം കളഞ്ഞുകുളിച്ചാൽ ജീവനോടെ ജനങ്ങളും അവരെ കുഴിച്ചുമൂടും. കന്യകകളെ എത്ര കാര്യമായി പേഗൻ ജനത കണക്കാക്കിയിരുന്നെന്നു് വെസ്റ്റൽ കന്യകമാരുടെ ചരിത്രം വിളിച്ചുപറയുന്നു.

വെസ്റ്റൽ കന്യകകളുടെ കാലം അവസാനിച്ചിട്ടില്ല. കത്തോലിക്കാ സഭയിലെയ്ക്കുന്ന കടന്നു ചെല്ലൂ; കണ്ണോന്നു തുറക്കൂ! ആജീവനാന്തം അർപ്പിത ജീവിതം നയിക്കുന്ന ആയിരക്കണക്കിനു് 'വെസ്റ്റൽ കന്യക'മാരെ അവിടെ കാണാൻ കഴിയും. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാണവർ. കന്യാത്വം! മനുഷ്യനെ മാലാഖയാക്കി മാറ്റുന്ന മാന്ത്രിക മോതിരമാണതു്; ദൈവസ്നേഹത്തിന്റെ പരിമളം പരത്തുന്ന സുന്ദരസൂനമാണതു്. അതുകൊണ്ടാണു്, "മാംസത്തിൽ മാംസം കൂടാതെ ജീവിക്കുക സ്വർഗ്ഗീയമാണു്–ലൗകികമല്ല. ആകയാൽ മാംസത്തിൽ മാലാഖയ്ക്കുടത്ത ജീവിതം കൈവരുത്തുകയെന്നതുതന്നെ പ്രതിസമ്മാനിക്കപ്പെടുന്നതിനേക്കാൾ മഹത്തരമാകുന്നു." എന്നു് വി. ജറോമും, "കന്യാത്വത്തേക്കാൾ മഹനീയമായി എന്തുണ്ടു്? അതു് അശുദ്ധബീജത്തിൽനിന്നു്

malankaralibrary.com

വിശ്വാസിയേയും ശത്രുവിൽനിന്നു് മിത്രത്തേയും മനുഷ്യനിൽനിന്നു് മാലാഖയേയും സൃഷ്ടിക്കുന്നു", എന്നു് വി. ബർണ്ണാർദ്ദും പറഞ്ഞതു്. പക്ഷേ, കന്യാത്വത്തെ കല്ലെറിയാൻ കച്ചകെട്ടി നില്ക്കുന്നവർ വിശ്വാസികളുടെ ഈ വാക്കുകളും കേൾക്കുമ്പോൾ പല്ലിറുമ്മാതിരിക്കില്ല!

ബാലൻസു് കിട്ടണമെങ്കിൽ!

ടാറിട്ട റോഡിലൂടെ സൈക്കിളിൽ പായുന്ന ആ മനുഷ്യനെ ഒന്നു നോക്കൂ! അയാളുടെ ബാലൻസൊന്നു തെറ്റട്ടെ. അപ്പോൾ കാണാം തലകുത്തി മറിയുന്നതു്. ബാലൻസിന്റെ ബലമാണു് അയാളെ മറിഞ്ഞുവീഴാതിരിക്കാൻ സഹായിക്കുക. ആദ്ധ്യാത്മിക ജീവിതയാത്ര ചെയ്യുന്നവർക്കും ഒരു ബാലൻസുപിടുത്തം ആവശ്യമാണു്, തലകുത്തിമറിയാതിരിക്കാൻ. അതിനു സഹായിക്കുന്ന രണ്ടു സവിശേഷ ഘടകങ്ങളുണ്ടു്. അതിലൊന്നാണു് അനുദിന ധ്യാനം. ഡാക്ടർ എ. റിഗ്സു് (Dr. A. Riggs) പറയുകയുണ്ടായി: "വലിയ ടെൻഷൻ നിറഞ്ഞ ജീവിതം ശാരീരികമായും മാനസികമായും ഉപദ്രവം ചെയ്യും. ഈ ടെൻഷൻ കുറയ്ക്കാൻ സാധാരണ രണ്ടു മാർഗ്ഗങ്ങളാണു് നമ്മിൽ പലരും ഉപയോഗിക്കുക. ഒന്നുകിൽ നല്ലപോലെ ജോലി ചെയ്യുക, അല്ലെങ്കിൽ കളിക്കുക. എന്നാൽ, വേറൊരു നല്ല മാർഗ്ഗമുണ്ടു്. അതാണു് ധ്യാനം. പ്രതിദിനധ്യാനം ഒരുവനു് ആവശ്യമായ വിശ്രമവും മാനസികോല്ലാസവും നല്കുന്നു; അവന്റെ ജീവിതത്തിന്റെ ബാലൻസു് തെറ്റാതിരിക്കാൻ സഹായിക്കുന്നു". മനഃശാസ്ത്രവിശാരദനായ വില്യം ജയിംസു് തന്റെ തത്ത്വശാസ്ത്രവിദ്യാർത്ഥികളെ

malankaralibrary.com

ദിവസത്തിൽ പല പ്രാവശ്യം പള്ളിയിലേയ്ക്ക് പറഞ്ഞു വിടുമായിരുന്നു. അദ്ദേഹം പറയുന്നു: ''നിസ്സാര പരീക്ഷണങ്ങളിൽനിന്ന് ഉന്നത പരീക്ഷണങ്ങളുടെ മണ്ഡലങ്ങളിലേയ്ക്ക് ധ്യാനം നമ്മെ ഉയർത്തുന്നു'' എന്ന്. ധ്യാനത്തിന്റെ ഈ ധന്യത കണ്ടിട്ടാണ്, ''ധ്യാനം ഉപേക്ഷിക്കുന്നവൻ ആത്മനാശത്തിനു വഴിതെളിക്കുന്നു'' എന്ന് വി. പത്താം പീയൂസും, ''ധ്യാനം ഉപേക്ഷിക്കുന്ന ആത്മാവിനെ പിശാച് നരകത്തിലേയ്ക്ക് നിഗ്രഹപൂർവ്വം നയിക്കണമെന്നില്ല; സ്വയം അവിടേയ്ക്ക് ചെന്നുകൊള്ളും'' എന്ന് ആവിലായിലെ വി. ത്രേസ്യായും, ''ധ്യാനത്തെ അവഗണിക്കുന്നവനു പാപരഹിതമായി ജീവിക്കുക ധാർമ്മികമായി അസാധ്യമാണ്'' എന്ന് വി. അൽഫോൻസും, ''ധ്യാനം കൂടാതെ യഥാർത്ഥ ക്രിസ്തീയ ജീവിതത്തിൽ എത്തിച്ചേരാൻ അത്ഭുതംകൊണ്ടല്ലാതെ യാതൊരുവനും സാധ്യമല്ല'' എന്ന് പുണ്യചരിതനായ ജേർസനും പറഞ്ഞതു. ധ്യാനത്തിന്റെ അരുവിയിൽ ദിവസവും ഒന്നു മുങ്ങിക്കുളിക്കുക. ഹാവൂ! ആത്മാവിന്റെ ആരോഗ്യം വർദ്ധിക്കാതിരിക്കില്ല!

ബാലൻസ് കിട്ടാൻ സഹായിക്കുന്ന രണ്ടാമത്തെ ഘടകമാണ് അനുദിന ആത്മശോധന. റവ. ആർതർ ഡിവയിൻ ''A Manual of Mystical Theology'' യിൽ എഴുതുന്നു: ''പരിപൂർണ്ണതയുടെ മാർഗ്ഗത്തിൽ ചരിക്കുവാൻ ആരംഭിക്കുന്നവരും അശ്രദ്ധമായി ജീവിക്കുന്നവരും ആത്മശോധന വേണ്ടവിധം ചെയ്യുന്നില്ലെങ്കിൽ, പുണ്യാഭിവൃദ്ധിയിൽ ശ്രേഷ്ഠരും ധ്യാനാത്മകജീവിതത്തിനു അയോഗ്യരുമായിരിക്കും. അതുകൊണ്ട് ഓരോ ദിവസവും കുറച്ചുസമയം ഈ പരിശോധനയ്ക്കായി മാറ്റിവയ്ക്കണം. നമ്മേത്തന്നേയും നമ്മുടെ താല്പര്യങ്ങളേയും ഇതുവഴി നാം അറിയുന്നു''. റോമൻ തത്ത്വജ്ഞാനിയായ സെനെക്കാ

malankaralibrary.com

പറയുന്നു, താൻ എന്നും വൈകുന്നേരം തന്റെ പ്രവൃത്തികളെക്കുറിച്ച് ഒരു വിധിപ്രസ്താവന നടത്താറുണ്ടെന്നു്. അതിപ്രകാരമാണു്. അദ്ദേഹം എഴുതുന്നു: "ദിവസവും രാത്രിയിൽ മുറിയിലെ വിളക്കണയുകയും എന്റെ ദിനചര്യയെക്കുറിച്ചുറിയാവുന്ന ഭാര്യ മിണ്ടാതിരിക്കുകയും ചെയ്യുമ്പോഴും, ആ ദിവസത്തെ എന്റെ പ്രവൃത്തികളെ ഞാൻ പരിശോധിക്കുന്നു. ഒന്നും മറച്ചുവയ്ക്കാതെ, ഞാൻ പറഞ്ഞതും പ്രവർത്തിച്ചതുമായ എല്ലാത്തിനേയുംപറ്റി ചിന്തിക്കുന്നു. എന്തെങ്കിലും കുറ്റം അവയിൽ കാണുന്നെങ്കിൽ സ്വയം പറയും, 'ഇത്തവണ നിന്നോടു ഞാൻ ക്ഷമിച്ചിരിക്കുന്നു. ഇനി അങ്ങനെ ചെയ്യരുതു്.'" മഹാനായ വി. ഗ്രിഗറി ഉപദേശിക്കുന്നു: "പ്രതിദിനം ആത്മശോധന നടത്തുക തിരഞ്ഞെടുക്കപ്പെട്ടവരുടേയും അത്യപേക്ഷിക്കുക ശാപഗ്രസ്തരുടേയും ലക്ഷണമാണു്." പ്രതിദിനം രണ്ടുപ്രാവശ്യം ആത്മശോധന നടത്തണമെന്നു് "The Spiritual Exercises"-ൽ വി. ഇഗ്നേഷ്യസു് നിർദ്ദേശിക്കുന്നു. ചുരുക്കത്തിൽ, ആത്മശോധനയാകുന്ന ടോച്ച്ലൈറ്റടിച്ചു് നോക്കുമ്പോഴാണു് നാമറിയുക, നമ്മുടെ ആത്മാവിന്റെ അഴകിന്റെ ആഴം!

എനിക്കു കോവണി മതി

ബ്രിട്ടീഷു് ഫിലിംരംഗത്തെ തലയെടുപ്പുള്ള ഒരു വ്യക്തിയാണു് ജെ. ആർതർ റാങ്കു് (J. Arthur Rank). തന്റെ സ്റ്റാഫിനുവേണ്ടി അദ്ദേഹം വലിയ ഒരു കെട്ടിടം വിലയ്ക്കു വാങ്ങി. മുകൾത്തട്ടിലേക്കു് കേറാൻ കോവണിയും

malankaralibrary.com

എലിവേററുമുണ്ട്. എല്ലാവരും എലിവേററർ ഉപയോഗിക്കുമ്പോൾ റാങ്ക്, കോവണിയാണ് ഉപയോഗിക്കുക. എന്താണ് ഇതിന്റെ കാരണമെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "എലിവേററിനേക്കാൾ എനിക്കിഷ്ടം 'പ്രാർത്ഥനാകോവണി'യാണ്."

"ങേ, പ്രാർത്ഥനാകോവണിയോ?" ചോദ്യകർത്താവിന് ഒരു സംശയം.

"ങാ, അതുതന്നെ," അദ്ദേഹം ചിരിച്ചു. എന്നിട്ട് തുടർന്നു, "എല്ലാദിവസവും കോവണിപ്പടികളിലൂടെ മുകളിലേക്ക് കേറുമ്പോൾ ആ കോവണി എനിക്ക് പ്രാർത്ഥിക്കാൻ കുറച്ചുസമയം തരുന്നു. എന്നോടൊന്നിച്ച് ജോലിയെടുക്കുന്നവരോടും നമ്മുടെ സിനിമാ കാണുന്ന ലക്ഷോപലക്ഷമാളുകളോടുമുള്ള എന്റെ ഉത്തരവാദിത്വത്തിനനുയോജ്യമായ തീരുമാനങ്ങളെടുക്കാൻ ആ പ്രാർത്ഥന എന്നെ സഹായിക്കുന്നു. വൈകുന്നേരം താഴേയ്ക്കിറങ്ങുമ്പോൾ, ദൈവം നല്കിയ ഉപകാരങ്ങൾക്ക് നന്ദിപറയാൻ ആ കോവണി എന്നെ ഓർമ്മിപ്പിക്കുന്നു."

അത്തേനിയൻ സംസ്ക്കാരത്തിന്റെ അധിപനായിരുന്ന പെരിക്ലസ് തന്റെ പ്രതാപത്തിന്റെ വെന്നിക്കൊടി പാറിപ്പറന്നിരുന്ന കാലഘട്ടത്തിലും പ്രാർത്ഥിക്കാൻ മറന്നില്ല. ശാസ്ത്രലോകത്തിലെ മിടുമിടുക്കന്മാരായ ആംപയറും, ലൂയി പാസ്റ്ററും പ്രാർത്ഥിക്കുന്നതിന് സമയം കണ്ടെത്തി. പ്രസിദ്ധ സാഹിത്യകാരനും ഗ്രന്ഥകാരനുമായ റോബർട്ട് ലൂയിസ്റ്റീവൻസന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് പ്രധാന പങ്കുണ്ടായിരുന്നു. സോക്രട്ടീസ് തന്റെ അന്ത്യനാളുകളിൽ ഇരുപത്തിനാലു മണിക്കൂറും പ്രാർത്ഥിച്ചിരുന്നതായി പറയപ്പെടുന്നു. പ്രസിദ്ധ വാഗ്മിയായ ഡെമോസ്തനീസ് തന്റെ പ്രസംഗങ്ങൾ

malankaralibrary.com

ഒരു പ്രാർത്ഥനയോടുകൂടിയാണു് ആരംഭിച്ചിരുന്നതു്. വിഷമംപിടിച്ച കാലഘട്ടങ്ങളിലെല്ലാം പ്രാർത്ഥനയാണു് തനിക്കു് നവചൈതന്യം പകരുകയും നൂതനമാർഗ്ഗം കാണിച്ചുതരികയും ചെയ്തതെന്നു് ഗാന്ധിജി പല അവസരങ്ങളിലും പരസ്യമായി പറഞ്ഞിട്ടുണ്ടു്. സുപ്രസിദ്ധ വാഗ്മിയായ ലക്കോർഡയർ ഒരിക്കൽ പറഞ്ഞു, പ്രാർത്ഥന മനുഷ്യനെ ബുദ്ധിഭ്രമത്തിൽനിന്നും രക്ഷിക്കുന്നുവെന്നു്.

എന്തിനു നമ്മൾ പ്രാർത്ഥിക്കുന്നു? സർ വില്യം ജയിംസു് തന്റെ "The Varieties of Religious experience" (ആദ്ധ്യാത്മികാനുഭവങ്ങളുടെ വൈവിധ്യങ്ങൾ) എന്ന ഗ്രന്ഥത്തിൽ പ്രസ്തുത ചോദ്യത്തിനു് ഉത്തരം നല്കുന്നുണ്ടു്: "ശാസ്ത്രീയമായി വളരെയധികം പുരോഗമിച്ചിരിക്കുന്ന ഇക്കാലത്തു് പ്രാർത്ഥനയുടെ ശക്തി വലിയ ഒരു വിവാദവിഷയമായിത്തീർന്നിരിക്കയാണു്. പ്രാർത്ഥനയുടെ ആവശ്യകതയെ നിഷേധിക്കുന്നതിനു് പലരും പല ന്യായങ്ങളും ഉന്നയിക്കുന്നുണ്ടു്. അതേസമയം, അതിന്റെ ആവശ്യകതയെ സ്ഥാപിക്കുന്നതിനും വളരെപ്പേർ ശ്രമിക്കുന്നു. എന്നാൽ, എന്തുകൊണ്ടു് നാം പ്രാർത്ഥിക്കുന്നു? കാരണം വ്യക്തമാണു്. നമുക്കു് പ്രാർത്ഥിക്കാതിരിക്കാൻ നിവൃത്തിയില്ല."

ദൈവത്തിന്റെ കത്തു്

ഈജിപ്തിലെ മരുഭൂമിയിൽ ഒരു സന്യാസി വസിച്ചിരുന്നു. പേരു് വി. അന്തോനീസു്. കോൺസ്റ്റന്റയിൻ ചക്രവർത്തിയിൽനിന്നു് അദ്ദേഹത്തിനു് ഒരു കത്തു കിട്ടി. ചക്രവർത്തിയുടെ സ്വന്തം കൈപ്പടയിൽ എഴുതി

malankaralibrary.com

യിരുന്ന ആ കത്തു കണ്ടപ്പോൾ സഹസന്യാസികൾ അത്ഭുതപ്പെട്ടു. എന്നാൽ വിശുദ്ധൻ പറഞ്ഞു: "രാജാക്കന്മാരുടെ രാജാവായ ദൈവം പാവങ്ങളായ നമുക്ക് ഒരു കത്തയച്ചുതന്നിട്ടുണ്ട്. അതിൽ നാം അത്ഭുതപ്പെടണം. ആ കത്ത് ഏതാണെന്നോ? ബൈബിൾ!"

ബൈബിളിനെപ്പോലെ ഇത്രയധികം ഭാഷകളിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥം ലോകത്തിലില്ലതന്നെ. ഇത്രയധികം വായിക്കപ്പെടുന്നതും വേറെ കാണില്ല. ആയിരത്തിരുന്നൂറമ്പതു ഭാഷകളിലായി നൂറു കോടിയിലധികം ബൈബിൾ കോപ്പികൾ ഇപ്പോൾ പ്രചാരത്തിലിരിപ്പുണ്ട്. ബൈബിൾ സൊസൈറ്റിയുടെ കണക്കനുസരിച്ചു നൂറ്റിരുപത്തഞ്ചു ഭാഷകളിലായി മുപ്പത്തിരണ്ടരലക്ഷം ബൈബിൾ പ്രതികൾ ഇന്ത്യയിൽ ഉപയോഗത്തിലിരിക്കുന്നു. വർഷംതോറും ഇരുപത്തഞ്ചു ലക്ഷം ബൈബിൾകോപ്പികളാണ് ലോകത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

ബൈബിളിനു വിശ്വസാഹിത്യത്തിലും അതുല്യസ്ഥാനമാണുള്ളത്. വിശ്വസാഹിത്യത്തിലെ 'മാസ്റ്റർപീസു'കളിലൊന്നാണ് ബൈബിൾ എന്നുപറയുന്നതിൽ അതിശയോക്തിയില്ലതന്നെ. കഥകളും കവിതകളുമുണ്ട് ബൈബിളിൽ. ട്രാജഡികൾക്കും കോമഡികൾക്കും അവിടെ ക്ഷാമമില്ല. എല്ലാവർക്കും ആശയും ആവേശവും ആവോളം പകർന്നുകൊടുക്കുന്ന വറ്റാത്ത ഉറവയാണു ബൈബിൾ. ഷേക്സ്പീയറും ഗോയ്ഥേയും ഗാന്ധിജിയുമെല്ലാം ഈ വസ്തുത സമ്മതിച്ചിട്ടുണ്ട്. ദാന്തയേയും ഡോസ്റ്റോയ് വിസ്കിയേയും പാസ്കലിനേയുമെല്ലാം പ്രശസ്തരാക്കാൻ ബൈബിൾ വഹിച്ച പങ്കു ചെറുതൊന്നുമല്ല. റാവന്ന, റാഫേൽ, മൈക്കിൾ ആഞ്ചലോ തുടങ്ങിയ അനുഗൃഹീതകലാകാരന്മാരുടെ അനശ്വരകലാസൃഷ്ടികൾ കടപ്പെട്ടിരിക്കുന്നതു ബൈബിളിനോടല്ലേ?

malankaralibrary.com

അതുമാത്രമല്ല. യഥാർത്ഥമായ ആദ്ധ്യാത്മികചൈതന്യം കളിയാടണമോ എങ്കിൽ, ബൈബിളിലേയ്ക്കു മനുഷ്യൻ മടങ്ങിച്ചെല്ലണം. ആദ്ധ്യാത്മികജീവിതത്തിന്റെ നിമ്നലവും നിത്യവുമായ സ്രോതസ്സെന്നാണു രണ്ടാം വത്തിക്കാൻ കൗൺസിൽ ബൈബിളിനെ വിശേഷിപ്പിച്ചിരിക്കുന്നതു്. ഒരു കാര്യം തീർച്ച. ബൈബിളിൽനിന്നു പ്രചോദനമുൾക്കൊണ്ടു് ഓരോ വ്യക്തിയും സ്വജീവിതത്തേയും ജീവിതസാഹചര്യങ്ങളേയും നവീകരിക്കുന്നില്ലെങ്കിൽ വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന ആ അധുനാതനീകരണവും നവീകരണവുമൊക്കെയുണ്ടല്ലോ അവ വെറും 'ഉട്ടോപ്പിയ' ആയി അവശേഷിക്കും!

അവിശ്വാസിയുടെ വിശ്വാസം

അവിശ്വാസികളെന്നു് അവകാശപ്പെടുകയും അതിൽ അങ്ങേയറ്റം അഭിമാനം കൊള്ളുകയും ചെയ്യുന്ന അനേകമാളുകളുണ്ടു്, ഈ ഇരുപതാംനൂറ്റാണ്ടിൽ. എന്നാൽ വിശ്വാസിയെപ്പോലെ അവിശ്വാസിയും ചില കാര്യങ്ങൾ വിശ്വസിച്ചേ പറ്റൂ. അല്ലെങ്കിൽ അവൻ അവിശ്വാസി അല്ലതന്നെ. ഫ്രാൻസീസ് ബേക്കന്റെ വാക്കുകൾ കേൾക്കുക: ''സങ്കല്പകഥകളേയും ഇതിഹാസങ്ങളേയുംകാൾ കൂട്ടുതൽ കാര്യങ്ങളിൽ അവിശ്വാസി വിശ്വസിക്കുന്നു. സ്രഷ്ടാവിനെ കൂടാതെയുണ്ടായ സൃഷ്ടവസ്തുക്കളിലും ഗ്രന്ഥകാരനെക്കൂടാതെയുണ്ടായ പുസ്തകങ്ങളിലും കവിയെക്കൂടാതെയുണ്ടായ കാവ്യങ്ങളിലും അയാൾ വിശ്വസിക്കുന്നു.

malankaralibrary.com

ജീവൻ നിജ്ജീവവസ്തുക്കളിൽനിന്നു നാമ്പെടുക്കുന്നുവെന്നും രക്തം കാട്ടുകല്ലുകളിൽനിന്നു് ഉറവെടുക്കുന്നുവെന്നുമാണു് അയാളുടെ അഭിപ്രായം!''

അവിശ്വാസിക്കുമുണ്ടു് ഒരു വിശ്വാസപ്രമാണം. അതിന്റെ ഒരു സാമ്പിളാ തീഹാമർടോത്തു് ''Belief in God'' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്: 'ദൈവമില്ലെന്നും അത്ഭുതാവഹമായ ഈ പ്രപഞ്ചവും അതിലെ സകല സംവിധാനങ്ങളും മനോഹാരിതയുമെല്ലാം യാദൃച്ഛയാ ഉണ്ടായതാണെന്നും ഞാൻ വിശ്വസിക്കുന്നു. ക്ലോക്കിന്റെ ഒരു ചെറു ചക്രമോ ഒരു പെൻസിലിന്റെ മുനയോ യാദൃച്ഛികമായി ഉണ്ടാകാൻ പാടില്ലെന്നിരുന്നാലും ഭംഗിയേറിയ ഈ ലോകം മുഴുവനും താനെ ഉണ്ടായതാണെന്നു ഞാൻ വിശ്വസിക്കുന്നു. ക്രിസ്തു എന്നൊരാൾ ഒരിക്കലും ജീവിച്ചിരുന്നില്ലെന്നും ജീവിച്ചിരുന്നെങ്കിൽത്തന്നെ ദൈവമായിരുന്നില്ല വെറും മനുഷ്യൻ മാത്രമായിരുന്നെന്നും ഞാൻ വിശ്വസിക്കുന്നു. കോടാനുകോടി ആളുകളും അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തിയെന്നും ഇന്നും മുട്ടുകുത്തുന്നുവെന്നും അവർ അദ്ദേഹത്തെ മറന്നിട്ടില്ലെന്നുമുള്ളതിൽ അത്ഭുതത്തിനു വകയൊന്നും കാണുന്നില്ലെന്നും ഇഹലോകജീവിതത്തോടുകൂടി എല്ലാം അവസാനിക്കുമെന്നും മരണാനന്തരം മറ്റു യാതൊന്നുമില്ലെന്നും ഞാൻ വിശ്വസിക്കുന്നു ആമ്മേൻ.'

ഇത്തരം കാര്യങ്ങളും വിശ്വസിക്കാൻ ക്രിസ്ത്യാനികളുടെ വിശ്വാസപ്രമാണത്തിൽ വിശ്വസിക്കുന്നതിനേക്കാളും കൂടുതൽ വിശ്വാസം ആവശ്യമില്ലേ? എങ്കിൽ അവിശ്വാസിയും ഒരർത്ഥത്തിൽ വിശ്വാസിയല്ലേ? തീച്ചയായും.

malankaralibrary.com

സമാധാനം വേണോ?

"സമാധാനമില്ല, സമാധാനമില്ല" എന്നു മുറവിളി കൂട്ടുന്നവരുടെ എണ്ണം ഇന്നു കൂടിക്കൂടി വരുന്നു. സമാധാന സംഭാഷണങ്ങൾക്കായി ഒട്ടുദൂരം വിമാനത്തിൽ പറക്കുകയും സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും സമാധാനസന്ധികളിൽ ഒപ്പുവയ്ക്കുകയും ചെയ്യുന്നുണ്ട്, ഒത്തിരി രാഷ്ട്രതന്ത്രജ്ഞന്മാർ. എന്നിട്ടും സമാധാനം അപ്രത്യക്ഷമാകുന്നു. എന്തേ ഇതിനു കാരണം? മനുഷ്യൻ ദിനംപ്രതി നിർമ്മിച്ചുകൂട്ടുന്ന മാരകായുധങ്ങളുടെ പ്രവാഹമാണോ? അല്ല. മാരകായുധങ്ങളേക്കാൾ പേടിക്കേണ്ടതു മനുഷ്യനെത്തന്നെയാണു്. ഹിരോഷിമായിലെ ബോംബിടീലിന്റെ വേദനിപ്പിക്കുന്ന രംഗത്തെ പരാമർശിച്ചുകൊണ്ടു ഡെനീസ് ദറൊഗ്മണ്ടു് (Denis de Rougamont) എഴുതി: "The bomb in not dangerous; it is a thing; what is terrifyingly dangerous is man" (ബോംബു് അപകടകരമല്ല; അതൊരു വസ്തു മാത്രമാണു് . . . മനുഷ്യനാണു് അപകടകരം)! അപകടകാരിയായ മനുഷ്യനു തകരാറു പറ്റുമ്പോഴാണു സമാധാനം തകരുക. അസ്തിത്വചിന്തകനായ ഗബ്രിയേൽ മാർസൽ "The Broken World" (തകർന്ന ലോകം)· എന്ന നാടകത്തിൽ, മെയിൻ സ്പ്രിംഗ്സ് പൊട്ടിയ വാച്ചിനോടാണു് ആധുനിക ലോകത്തെ ഉപമിച്ചിരിക്കുക. ലോകത്തിന്റെ മെയിൻ സ്പ്രിംഗായ മനുഷ്യനു് എന്തോ തകരാർ പറ്റിയിരിക്കുന്നു. മെയിൻസ്പ്രിംഗിന്റെ ഈ തകരാർ തീർത്തുകൊടുത്തെങ്കിൽ മാത്രമേ സമാധാനം സംസിദ്ധമാകയുള്ളൂ.

"മനുഷ്യനെ പഠിക്കുക, അവനാണു് ഏറ്റവും വലിയ കവിത" എന്നു കീറ്റ്സ് വിശേഷിപ്പിക്കുന്നു

malankaralibrary.com

ഈ മനുഷ്യനുണ്ടല്ലോ, മനുഷ്യൻ. അവൻ ആദ്യമായി നന്നാകണം. ഓരോ മനുഷ്യഹൃദയത്തിലും സമാധാനത്തിന്റെ കുളിർകാറ്റ് ആദ്യമായി വീശണം. അപ്പോഴേ ലോകത്തിൽ സമാധാനത്തിന്റെ നൂറുനൂറു പുഷ്പങ്ങളും ഒപ്പം വിരിയുകയും രാഷ്ട്രവിഹായസ്സിൽ സമാധാനത്തിന്റെ വെള്ളപ്രാവുകളും വട്ടമിട്ടു പറക്കുകയും ചെയ്യും. ''ഭ്രമിയിൽ സമാധാനം'' എന്ന ചാക്രികലേഖനത്തിൽ യോഹന്നാൻ പാപ്പാ പറയുന്നു, ഓരോ മനുഷ്യന്റേയും അന്തരംഗത്തിൽ സമാധാനം കുടികൊള്ളുന്നില്ലെങ്കിൽ, അതായതു ദൈവാഭീഷ്ടപ്രകാരമുള്ള ക്രമം അവരുടെ ഉള്ളിൽ അവരോരോരുത്തരും സുസ്ഥാപിക്കുന്നില്ലെങ്കിൽ, മനുഷ്യരുടെയിടയിൽ സമാധാനമുണ്ടാകുക സാദ്ധ്യമല്ല എന്നു്. ഒരു ചെറുപ്പക്കാരന്റെ കത്തു് ''ന്യൂയോർക്ക് ടൈംസി''ൽ പ്രസിദ്ധീകരിച്ചതിൽനിന്നും ചില വാചകങ്ങൾ ഇവിടെ പകർത്തട്ടെ: ''ലോകത്തിന്റെ പ്രശ്നങ്ങളെല്ലാം ആദ്യമാരംഭിക്കുക സാധാരണ മനുഷ്യരിലാണു്. രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യവും മനുഷ്യത്വമില്ലാത്തതുമായ പ്രവർത്തനങ്ങളെല്ലാം ഓരോ വ്യക്തിയുടെ ഈദൃശ ദുർഗ്രഹണങ്ങൾ വളർന്നു വലുതായതാണു്. പൊതുജനത്തിന്റെ സാന്മാർഗ്ഗിക നിലവാരം ആടിയുലയുമ്പോൾ, രാഷ്ട്രത്തിന്റേയും ലോകത്തിന്റേയും സാന്മാർഗ്ഗികനില ഉലയുന്നു. മനുഷ്യൻ സമാധാനം ആഗ്രഹിക്കുന്നെങ്കിൽ 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക' എന്ന കല്പനയിലേക്കു് അവൻ മടങ്ങിച്ചെല്ലണം.'' ചുരുക്കത്തിൽ, മനുഷ്യൻ നന്നാകാനൊന്നു മനസ്സുവച്ചാൽ മതി, അറച്ചുറച്ചു മാറിനില്ക്കുന്ന സമാധാനം സസന്തോഷം ഓടിയെത്താൻ.

malankaralibrary.com

ആരാണ് ആധുനിക മാന്യൻ

മാന്യന്മാരായി ജീവിക്കാനാണ് എല്ലാവരും ആഗ്രഹിക്കുക. പക്ഷേ, മാന്യന്മാരിൽ കാണേണ്ട ഗുണഗണങ്ങളൊന്നും അവരിൽ കാണില്ലെന്നമാത്രം. ആരാണ് മാന്യൻ? എന്താണ് മാന്യന്റെ ലക്ഷണങ്ങൾ? ഇവ്യെപ്പറ്റി "Idea of a University" എന്ന ഗ്രന്ഥത്തിൽ കാർഡിനൽ ന്യൂമാൻ വിവരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: "... മറ്റുള്ളവരെ ഒരിക്കലും വേദനിപ്പിക്കാത്ത ഒരുവൻ എന്നു മാന്യനെ നിർവ്വചിക്കാം... യഥാർത്ഥ മാന്യൻ തന്റെ സഹപ്രവർത്തകരുമായി അഭിപ്രായത്തിലോ വികാരത്തിലോ യാതൊരു സംഘട്ടനത്തിനും അവസരം നല്കാതേയും അവർക്ക് സംശയമോ മനഃക്ലേശമോ വിരോധമോ ഉണ്ടാകാതേയും സൂക്ഷിക്കുന്നു. എല്ലാവർക്കും സുഖസന്തോഷം നല്കുന്നതിലാണ് അയാളുടെ ശ്രദ്ധ....താൻ ആരോട് സംസാരിക്കുന്നുവെന്ന് അയാൾക്കറിയാം. സംഭാഷണത്തിൽ ആവശ്യമില്ലാത്ത സൂചനകളും അതൃപ്തിയുളവാക്കുന്ന വിഷയങ്ങളും അയാൾ ഒഴിവാക്കുന്നു..നിർബ്ബന്ധിക്കപ്പെട്ടാലല്ലാതെ സ്വന്തം കാര്യങ്ങളെപ്പറ്റി പറയുകയില്ല ...പരദൂഷണത്തിനോ അപവാദത്തിനോ അയാൾ ചെവികൊടുക്കുകയില്ല....വാദപ്രതിവാദങ്ങളിൽ അയാൾ അച്ചടക്കവും സമചിത്തതയും പാലിക്കുന്നു. തന്റെ എതിരാളികളുടെ ഹൃദയം അയാൾ കീഴടക്കുന്നു; അവരുടെ തെറ്റുകൾ വിശദീകരിച്ചുകൊടുക്കുന്നു....!"

പക്ഷേ, ഈ ലക്ഷണങ്ങളുള്ള എത്ര മാന്യന്മാരുണ്ട് ആധുനികയുഗത്തിൽ? ആധുനിക മാന്യൻ ആരെന്നോ?

malankaralibrary.com

ഡോ. രാധാകൃഷ്ണൻ അതു വ്യക്തമായി പറഞ്ഞിട്ടുണ്ട്: "A modern gentle man is one who has all the outward manifestations of virtue and the secret enjoyment of all vices" (പുറത്തു് സദാചാരത്തിന്റെ എല്ലാ പ്രകടന മോടികളും അകത്തു് ദുർവൃത്തികളുടെ രഹസ്യാനുഭോഗവുമുള്ള ആളാണു് ആധുനികമാന്യൻ). എന്താ, ശരിയല്ലേ?



എല്ലാം മല്ലനാകും

വിളറിയ മുഖം. കുഴിഞ്ഞ കണ്ണുകൾ. നീക്കോലി പോലിരിക്കുന്ന ശരീരം. ഈ ലക്ഷണങ്ങളോടുകൂടിയ ഒരു ചെറുക്കൻ. പക്ഷേ, അവനു് വല്ലാത്തൊരു മോഹം. എന്താണെന്നോ? ലോകത്തിലെ ഏറ്റവും വലിയ ശക്തനായിത്തീരണമെന്നു്. കൂട്ടുകാരോടു് അവൻ ഈ വിവരം പറഞ്ഞു. അവർ അവനെ കുക്കുവിളിച്ചു. അവൻ കൂട്ടാക്കിയില്ല. തടി വയ്ക്കാനുള്ള ശ്രമമായി. വ്യായാമം, ഭക്ഷണം, വിശ്രമം....അങ്ങനെയങ്ങുപോയി അതിനുള്ള തിരക്കിട്ട പരിപാടികൾ. വർഷങ്ങൾ കുറേക്കഴിഞ്ഞു. അവന്റെ മട്ടുമാറി. കവിൾ തുടുത്തു. മസിലുകൾ ഉരുണ്ടു. ആരോടും ഒരു കൈനോക്കാമെന്ന മട്ടായി.

ലണ്ടൻ പട്ടണമാണു സംഭവസ്ഥലം. അന്നൊരു ദിവസം അവൻ അവിടെ കായികാഭ്യാസ പ്രകടനം നടത്തുകയാണു്. വെസ്റ്റ്മിനിസ്റ്ററിലെ ഡ്യൂക്കു് കളി കാണാൻ എത്തിയിട്ടുണ്ടു്. ആ ചെറുപ്പക്കാരന്റെ അസാമാന്യശക്തിയിൽ അത്ഭുതംകൊണ്ട ഡ്യൂക്കു് അവനെ വെല്ലു വിളിച്ചു. ഇതായിരുന്നു വെല്ലുവിളി. ഓടുന്ന രണ്ടു

malankaralibrary.com

കുതിരകളെ ഓരോ കൈകൊണ്ടു പിടിച്ചു നിറുത്തുക. അവൻ വെല്ലുവിളി സ്വീകരിച്ചു. പ്രകടനത്തിനു നിശ്ചയിക്കപ്പെട്ട പ്രഭാതം ഓടിയെത്തി. ഒരു പുഞ്ചിരിയോടെ ആ ചെറുപ്പക്കാരൻ ഗ്രൗണ്ടിലേക്കിറങ്ങി. രണ്ടു കുതിരകളുടേയും കഴുത്തിൽ ബന്ധിച്ചിരുന്ന ബാറുകൾ ഓരോ കൈയിലും അവൻ ബലമായി പിടിച്ചു. എന്നിട്ട് കുതിരയെ ഓടിയ്ക്കാൻ തയ്യാറായി നിൽക്കുന്ന ആളുടെനേരെ ആംഗ്യം കാട്ടി. അയാൾ ചാട്ടവീശി. കുതിരകൾ രണ്ടും മുന്നോട്ടൊരു ചാട്ടം. അത്രതന്നെ. അവിടന്ന് ഒരിഞ്ചുപോലും നീങ്ങാൻ ആ മൃഗങ്ങൾക്കു കഴിഞ്ഞില്ല. കാണികളുടെ കൈയടി ഉയർന്നു. ലോകത്തിൽ ജീവിച്ചതിലേക്കുംവച്ച് ഏറ്റവും ശക്തിമാൻ എന്നു് അവർ വിളിച്ചു പറഞ്ഞു. മല്ലനായിത്തീർന്ന ആ എല്ലൻ പയ്യന്റെ പേരറിയണ്ടേ? ലൂയീസ് സയർ (Louis Cyr).

വിജയം വന്നാശ്ലേഷിക്കുമെന്നു വ്യാമോഹിച്ചു വെറുതെ കാത്തുനിന്നതുകൊണ്ടു ഫലമില്ല. കാര്യമായി വല്ലതും ചെയ്തേ പറ്റൂ. ''ആത്മവിശ്വാസമാണു വിജയത്തിന്റെ പ്രഥമരഹസ്യം'' എന്നു് എമേഴ്സൺ പറയുന്നു. വിജയത്തിന്റെ തൃംഗപദത്തിലേറിയ വിശേഷവ്യക്തികളും ഒറ്റദിവസംകൊണ്ടു് ഒറ്റച്ചാട്ടത്തിനു് അവിടെ കേറിപ്പറ്റിയവരല്ല. പരാജയങ്ങളും പരിവേദനങ്ങളും ആ ജീവിതത്തിൽ ധാരാളമുണ്ടായിട്ടുണ്ടു്. മുപ്പതു വർഷത്തോളം നീണ്ടുനിന്ന പരാജയത്തിന്റെ ചരിത്രമാണു വിജയത്തിലെത്തിയ അബ്രാഹം ലിങ്കണിൽ നാം കാണുക. താൻ എഴുതിയതൊന്നു പ്രസിദ്ധീകരിക്കുന്നതിനു് ആറു വർഷം ബുദ്ധിമുട്ടേണ്ടിവന്നു, പ്രഥിതനായ ബർണാഡ്ഷായ്ക്കു്. കൊളംബസ് ഒരു നെയ്ത്തുകാരനായിരുന്നു. ഫ്രാങ്കലിൻ അച്ചടിക്കാരനും, ബേൺസ് കൃഷിക്കാരനും, ഈസോപ്പു് അടിമയും, കൃാപ്റ്റൻകുക്കു് കൃാബിൻ

malankaralibrary.com

ബോയിയുമായിരുന്നു. സുപ്രസിദ്ധ ചിത്രകാരനായിരുന്ന ടർണർ ക്ഷുരകന്റെ പുത്രനും, മഹാനായ കാർഡിനൽ വുൾസി ഇറച്ചിക്കടക്കാരന്റെ പുത്രനും, ബനിയൻ പാത്രം നന്നാക്കുന്നവനും, ബെൻജോൺസൺ കല്പണിക്കാരനും, കോപ്പർനിക്കസ് റൊട്ടിക്കടക്കാരനും, ഹാരിട്രൂമാൻ സ്റ്റോർ സൂക്ഷിപ്പുകാരനുമായിരുന്നു.

"എടുത്തുചാട്ടംകൂടാതെ ദൃഢനിശ്ചയത്തോടെ മുമ്പോട്ടുപോകുന്ന ആൎക്കും തരണം ചെയ്യാനാവാത്ത മാൎഗ്ഗം യാതൊന്നുമില്ല", എന്ന് ബ്രൂയർ നമ്മെ ധൈര്യപ്പെടുത്തുന്നു. മഹാകവി വള്ളത്തോൾ പാടി:

"പരിശ്രമം ചെയ്യുകിലെന്തിനേയും
കരത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയത്രേ
മനുഷ്യനെപ്പാരിലയച്ചതീശൻ."

ജീനിയസ്സാകണമോ?

സ്ഥാനത്തും അസ്ഥാനത്തും പലരും എടുത്തു പ്രയോഗിക്കുന്ന ഒരു പദമാണ് ജീനിയസ്സ്. ആരാണീ ജീനിയസ്സ്? അനിതരസാധാരണമായ പ്രവൃത്തി ചെയ്യുന്ന വ്യക്തിയെ ജീനിയസ്സ് എന്നു വിളിക്കാം. ജീനിയസ്സിനെ വാൎത്തെടുക്കുന്ന ഘടകങ്ങൾ പ്രധാനമായി മൂന്നാണ്. പരിതഃസ്ഥിതി (environment) ജന്മസിദ്ധമായ കഴിവ് (natural ability), വ്യക്തിത്വഗുണങ്ങൾ (personality traits). ഈ ത്രിവിധ ഘടകങ്ങളുൾക്കൊള്ളുന്ന വ്യ

malankaralibrary.com

ക്തികം ധാരാളമില്ലേ നമ്മുടെയിടയിൽ? ഉണ്ട്. എന്നി ട്ടെന്ത്യേ ജീനിയസ്സുകളുടെ എണ്ണം വദ്ധിക്കാത്തത്? കാ രണം മറെറാന്നല്ല. അതിനായി അധികംപേർ ശ്രമി ക്കാറില്ല എന്നതുതന്നെ.

പ്രസിദ്ധ സ്പാനിഷ്വയലിനിസ്റ്റായ സർസാറ യെ (Sarsata) ജീനിയസ്സെന്നു് ഒരു പ്രസിദ്ധ നിരൂപകൻ വിശേഷിപ്പിച്ചു. അതിനു മറുപടിയായി അല്പം നീരസ ത്തോടെ അദ്ദേഹം പറഞ്ഞു: "ഓ, ജീനിയസ്സു്! ദിവസം പതിന്നാലു മണിക്കൂർവീതം മുപ്പത്തേഴു വഷ്ം ബുദ്ധിമുട്ടി പരിശീലിച്ചതാണു്. ഇപ്പോഴും എന്നെ ജീനിയസ്സെന്നു വിളിക്കുന്നു." പ്രസിദ്ധ സംഗീതജ്ഞനായ ബീഥോ വൻ ഒരു സംഗീതക്കച്ചേരി കഴിഞ്ഞു് എഴുന്നേറപ്പോഴും അദ്ദേഹത്തിന്റെ ആരാധകയായ ഒരു സ്ത്രീ അടുത്തുചെന്നു് ഇപ്രകാരം പറഞ്ഞു: "ഈ പ്രതിഭ ദൈവം എനിക്കു തന്നി രുന്നെങ്കിൽ!" ബീഥോവൻ ഉടൻ മറുപടി നല്കി: "മാഡം, ഇതു പ്രതിഭയല്ല; അത്യുത്സാഹവിദ്യയുമല്ല. നാല്പതു വഷ്ക്കാലം ദിവസവും എട്ടു മണിക്കൂർവീതം പിയാനോ യിൽ അഭ്യസിച്ചാൽ നിങ്ങളും എന്നെപ്പോലെയാകും." എഡിസൻ ഒരിക്കൽ പറയുകയുണ്ടായി: "I am not a chance, but my inventions are due to 98% perspiration and 20% genius (എന്റെ കണ്ടുപിടിത്തങ്ങളും താനെ ഉണ്ടായ തല്ല. ഒരുണ്ടറെട്ട ശതമാനം വിയർപ്പും രണ്ടു ശതമാനം ബുദ്ധിവൈഭവവും മൂലമാണു്) എന്നു്.

ജീനിയസ്സായിത്തീരണമെങ്കിൽ കുറച്ചു വിയത്തേ പറ്റൂ. പതറാത്ത പരിശ്രമവും തളരാത്ത മനസ്സും അതിനു കൂടിയേ തീരൂ. "മനുഷ്യജീവിതത്തിനു മൂന്നു തട്ടുകളാണു ള്ളതു്—ഇന്നലെയും ഇന്നും നാളെയും. ഇന്നലെയുടെ അനു ഭവങ്ങളും ഇന്നിൽ ക്രമീകരിച്ചു് നാളേയ്ക്കു് ഒരുങ്ങുക" എന്ന വേർഡ്സ്വത്തിന്റെ വാക്കുകളും, "ചെയ്യാനാ

malankaralibrary.com

വില്ല എന്ന ഒറ്റക്കാരണത്താൽത്തന്നെ ദിവസേന എന്തെങ്കിലും ചെയ്യുക'' എന്ന അമേരിക്കൻ ദാർശനികനായ വില്യം ജെയിംസിന്റെ ഉപദേശവും സ്വീകരിച്ച് നാം സുധീരം മുന്നേറുന്നെങ്കിൽ ജീനിയസ്സിന്റെ മണ്ഡലത്തിലേക്കു നാം അറിയാതെതന്നെ ഉയരുകയായിരിക്കും ചെയ്യുക!

എന്നിട്ടും സ്റ്റാലിൻ മരിച്ചു

സോവ്യറ്റ് റഷ്യയെ കിടുകിടെ വിറപ്പിച്ച സ്റ്റാലിൻ മരണമെന്നു കേൾക്കുമ്പോൾ കിടുകിടെ വിറച്ചിരുന്നു. പ്രശസ്തരായ എട്ടു ഡോക്ടർമാർ അദ്ദേഹത്തിന്റെ ആരോഗ്യനില അനുദിനം അതിസൂക്ഷ്മം പരിശോധിക്കയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരുന്നു. ആ വൈദ്യശാസ്ത്ര സംഘത്തിന്റെ നേതാവായ ഡോ. അലക്സാണ്ടർ ഫ്രാങ്കൽ, സ്റ്റാലിനെ നൂറു വയസ്സുവരെ ജീവിപ്പിക്കാമെന്ന് ഉറപ്പുകൊടുത്തു. സ്റ്റാലിന് സന്തോഷമായി. തന്റെ മുറിയിൽ ഏതു സമയത്തും കടന്നു ചെല്ലാനുള്ള അനുവാദം ഫ്രാങ്കലിന് മാത്രമേ സ്റ്റാലിൻ കൊടുത്തിരുന്നുള്ളൂ. ഫ്രാങ്കലിന്റെ പരീക്ഷണങ്ങൾക്കുവേണ്ടി ചിലവാക്കപ്പെട്ട പണത്തിനോ, ഗവേഷണങ്ങൾക്കായി കൊന്നൊടുക്കിയ മനുഷ്യജീവനോ കണക്കില്ല. എന്നിട്ടും എഴുപത്തിമൂന്നാമത്തെ വയസ്സിൽ സ്റ്റാലിൻ മരിച്ചു. ''ഒട്ടുവളരെ വൈദ്യന്മാരുടെ സഹായത്തോടുകൂടി ഞാനിതാ മരിക്കുന്നു'', എന്ന് മഹാനായ അലക്സാണ്ടർ പറഞ്ഞതു മഹാനായ സ്റ്റാലിന്റെ ജീവിതത്തിലും സംഭവിച്ചു.

malankaralibrary.com

ഭൂമിയിലേക്കു് പിറന്നു വീഴുന്ന ഓരോ മനുഷ്യനും ഒരു ദിവസം ഈ ലോകത്തിൽനിന്നും എന്നന്നേയ്ക്കുമായി കടന്നു പോയേ പറ്റൂ. പ്രകൃതിയുടെ അലംഘനീയമായ നിയമമാണതു്.

"സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമന്നുപോയി കാലചക്രവിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്ക? മാറ്റമൊന്നുമില്ലതിൽ"

എന്ന വരികളിലൂടെ ഈ സത്യമാണു മേരി ജോൺ തോട്ടം നമ്മളെ ഓർപ്പിക്കുക. മനുഷ്യന്റെ സമ്പത്തും സൗന്ദര്യവും എല്ലാമെല്ലാം അവസാനം ആറടി മണ്ണിൽ അടിയുന്നു. തോംപ്സൺ അതു വർണ്ണിക്കുന്നതു നോക്കുക:

"Behold fond man!
See here thy pictured life! pass some few years
Thy flowering Spring, thy
Summer's ardent strength,
Thy sober Autumn fading into age,
And pale concluding Winter comes at last.
And shuts the scene."

കുമാരനാശാൻ വിലപിക്കുകയാണു്:

"കഷ്ടം സ്ഥാനവലിപ്പമോ
പ്രഭുതയോ സജ്ജാതിയോ വംശമോ
പുഷ്ടശ്രീതനുധാടിയോ
ചെറുതുമിങ്ങോരില്ല, ഘോരാനലൻ
സ്പഷ്ടം! മാനുഷഗർവമൊക്കെ
ഇവിടെ പുക്കസ്തമിക്കുന്നിതാ
ഇഷ്ടന്മാർ പിരിയുന്ന ഹാ
ഇവിടമാണാദ്ധ്യാത്മവിദ്യാലയം" എന്നു്.

malankaralibrary.com

മരണത്തോടെ മനുഷ്യന്റെ ഈ ലോകജീവിതമാകുന്ന കർട്ടൻ താഴുകയും പരലോകജീവിതമാകുന്ന കർട്ടൻ ഉയരുകയും ചെയ്യുന്നു. ഈ വിശ്വാസമുള്ളവർ മരണത്തെ ഭയപ്പെടുകയില്ല. അവരെ സംബന്ധിച്ചിടത്തോളം മരണം മധുരമാണു്. അതുകൊണ്ടാണു്, "അന്തിമമായ നിദ്രയാണോ മരണം? അല്ല. അന്തിമമായ പ്രബോധനമാണതു്", എന്നു് സ്ക്കോട്ടം, "ശരിയായി പാഠങ്ങൾ പഠിക്കുന്ന ഒരു വിദ്യാർത്ഥി അവധി കിട്ടി സ്വഭവനത്തിലേയ്ക്കു മടങ്ങിപ്പോകുന്നതുപോലെയാണു് എനിക്കുള്ള ഇപ്പോഴത്തെ അനുഭവം", എന്നു് കാർഡിനൽ ഐസു് മാനും, "മരിക്കുന്നതു് ഇത്ര ഇമ്പമുള്ളതാകുന്നെന്നു് ഞാൻ വിചാരിച്ചിരുന്നില്ല", എന്നു സ്വാരസും, "ഞാൻ മരണത്തോടു് പകുതിയും പ്രേമബന്ധനായിത്തീർന്നിരിക്കുന്നെന്നു്" കീറ്റ്സും, "മരണം ഒരു ദുഷ്കൃതിയല്ല" എന്നു് സിസറോയും, "നിത്യതയുടെ അരമന തുറക്കുന്ന സ്വർണ്ണത്താക്കോലാണു് മരണം", എന്നു് മിൽട്ടനും, "ജീവിതത്തിനു് പൂർണ്ണത വരുത്തുന്ന അവസ്ഥയാണു മരണം". എന്നു ടാഗോറും പറഞ്ഞതു്.

വിളക്കു് അണയുന്നതിനുമുമ്പു്

പ്രസിദ്ധ ഗ്രീക്കുതത്ത്വജ്ഞാനിയായ അനാക്സഗോറസു് മരിക്കാറായിക്കിടക്കുകയാണു്. അദ്ദേഹത്തിന്റെ ശിഷ്യൻ പെരിക്ലസു് ഉടനെ കുറച്ചു പണം അയച്ചുകൊടുത്തു. വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചു കാലഘട്ടത്തിൽ തന്നെ തിരിഞ്ഞു നോക്കാൻപോലും കൂട്ടാക്കാത്ത

malankaralibrary.com

ശിഷ്യനാണു് ഇപ്പോഴും പണം അയച്ചുകൊടുത്തിരിക്കുന്നതു്. ഒരു കുറിപ്പോടുകൂടി അദ്ദേഹം, പണം തിരിച്ചയച്ചു. ഇതായിരുന്നു ആ കുറിപ്പിലെ വാചകങ്ങളും: "പണം തിരികെ എടുത്തുകൊള്ളുക. വിളക്കു് അണയാതെ സൂക്ഷിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നെങ്കിൽ എണ്ണ നേരത്തേ അയച്ചുതരുമായിരുന്നു."

വേണ്ടപ്പോഴും വേണ്ടവിധത്തിൽ സഹായിക്കുന്നതിലാണു് ത്യാഗവും സേവനവും കുടികൊള്ളുക. അവയുടെ മാത്രമേ "അണയാൻ തുടങ്ങുന്ന വിളക്കുകളെ" പ്രകാശിപ്പിക്കാനൊക്കൂ. മറ്റുള്ളവരുടെ മുമ്പിൽ സഹായത്തിനായി കൈനീട്ടിയും നീട്ടുകയും ഒന്നും കിട്ടാതെ നിരാശനായി മടങ്ങുകയും വളരെയധികം ബുദ്ധിമുട്ടുകയും സഹിച്ചു് അവസാനം ഒരുവൻ വിജയത്തിലെത്തുകയും ചെയ്യുമ്പോഴും അന്നുവരെ അയാളെ തിരിഞ്ഞുനോക്കാൻ കൂട്ടാക്കാത്തവർ അനുമോദിക്കാനും ആശംസാപ്രസംഗങ്ങളും നടത്താനും ഓടിയെത്തുന്നതു് സാധാരണ കാണുന്ന കാഴ്ചയാണു്. പട്ടിണികൊണ്ടു നിലവിളിക്കുന്നവനെ തക്കസമയത്തു് സഹായിക്കാതെ അവൻ പട്ടിണികിടന്നു മരിച്ചു കഴിയുമ്പോഴും ശവപ്പെട്ടി മേടിക്കാൻ അവന്റെ വീട്ടുകാർക്കു് പണം ഉദാരമായി സംഭാവന ചെയ്യുന്നതിൽ അത്ഥമില്ല. "A friend in need is a friend indeed." (ആവശ്യത്തിൽ സഹായിക്കുന്ന സ്നേഹിതനാണു് സാക്ഷാൽ സ്നേഹിതൻ) എന്നൊരു ഇംഗ്ലീഷു് ചൊല്ലുണ്ടു്. അതുപോലെതന്നെ ഓർത്തിരിക്കേണ്ട ഒന്നാണു് "One who gives quickly, gives twice" (വേഗം കൊടുക്കുന്നവൻ രണ്ടു പ്രാവശ്യം കൊടുക്കുന്നു) എന്ന സത്യവും.

malankaralibrary.com

ഹിറ്റ്‌ലറിന്റെ പരാജയം

ജർമ്മൻ വ്യവസായിയായ ഫ്രിറ്റ്സ് ഥയ്സൻ തന്റെ "I paid Hitler" എന്ന ഗ്രന്ഥത്തിൽ യൂറോപ്പിനെ കീഴടക്കാൻ ഹിറ്റ്‌ലർ പരാജയപ്പെട്ടതിന്റെ പ്രധാന കാരണം സൂചിപ്പിക്കുന്നുണ്ട്. "ആക്രം അത്ര പെട്ടെന്നു കിട്ടാത്ത അതുല്യാവസരങ്ങൾ ഹിറ്റ്‌ലറിനു കിട്ടിയിട്ടുണ്ട്, നവീനമായ നല്ല കാര്യങ്ങൾ ചെയ്യുവാൻ. എന്നാൽ, സാമ്പത്തിക കാര്യങ്ങളെപ്പറ്റി അദ്ദേഹത്തിന് ഒന്നും അറിയാൻ പാടില്ലായിരുന്നെന്നു മാത്രമല്ല തന്റെ സാമ്പത്തികോപദേഷ്ടാക്കളെ ശരിക്കു മനസ്സിലാക്കാൻ പോലും അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. അധികാരത്തിൽ എങ്ങനെയെങ്കിലും അവസാനംവരെ കടിച്ചുതൂങ്ങിക്കിടക്കാനായിരുന്നു അദ്ദേഹത്തിന്റെ അടങ്ങാത്ത ആശ. താൻ മാത്രമേ മഹാനായിട്ടുള്ളുവെന്നും ബാക്കിയുള്ളവരെല്ലാം വെറും 'ഇല്ലായ്മ'കളാണെന്നും അദ്ദേഹം വിശ്വസിച്ചുപോയി!"

ഇന്നത്തെ പല "ഹിറ്റ്‌ലർ"മാരെപ്പറ്റിയും ഈ വാക്കുകൾ പറയാൻ പാടില്ലേ? നാടു നന്നാക്കാനും നാട്ടുകാരെ ഒന്നാക്കാനെന്നുമുള്ള 'ചക്കരവാക്കു'കൾ പറഞ്ഞു വോട്ടു വാങ്ങി ചില 'ഹിറ്റ്‌ലർ'മാർ അധികാരക്കസേരകളിൽ കയറിപ്പറ്റാറുണ്ടല്ലോ! അവരിൽ ചിലർ പത്താം ക്ലാസ്സ് പോലും പഠിച്ചിട്ടില്ലാത്തവരാണെങ്കിലും നല്ല കാര്യങ്ങൾ നാട്ടുകാക്കു ചെയ്തുകൊടുക്കാനുള്ള നല്ലയവസരങ്ങൾ അവർക്കു ധാരാളം കിട്ടുന്നുണ്ട്. പക്ഷേ, സ്വന്തം കീശ വീർപ്പിക്കാനും സ്വന്തക്കാരെ സുരക്ഷിതസ്ഥാനങ്ങളിലൊ

malankaralibrary.com

ളിപ്പിക്കാനുമൊക്കെയാണു് അവരുടെ അടങ്ങാത്ത ആശയും ആവേശവും. എന്നിട്ടു്, ''പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല'' എന്ന മട്ടിൽ അധികാരത്തിന്റെ അകിടിൽ അട്ടപോലെ കടിച്ചുതൂങ്ങിക്കിടക്കുകയും ചെയ്യും. അവരുടെ ദുഷ്ടിയിൽ മറ്റുള്ളവർ വെറും ഉപ്പുകളാണു്, ഉപ്പുകഷം. ''പൊതുജനം കഴുത''യെന്നാണല്ലൊ പരക്കെയുള്ള ഒരു ധാരണ. ഈ ചിന്താഗതിയും അതിനൊത്ത നീക്കവുമാണു് അധികാരക്കസേരകളിൽനിന്നു് അപ്രതീക്ഷിതമായി 'മേല്പടി'യാന്മാരെ മുഖംകുത്തി വീഴാനിടയാക്കുന്നതു്. ഹിറ്റ്ലറിന്റെ പരാജയം അവരിലൂടെ അങ്ങനെ അനുദിനം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, അതിന്റെയൊക്കെ തിക്തഫലം അനുഭവിക്കേണ്ടിവരുന്നതോ, പാവപ്പെട്ട ജനങ്ങളും!

ഞാൻ രാജാവായിരുന്നെങ്കിൽ!

ഡമോക്ലസു് രാജകുമാരൻ വിചാരിച്ചു, ഒരു രാജാവിനോളം സന്തുഷ്ടനായ യാതൊരാളുമില്ലെന്നു്. ''എനിക്കൊരു രാജാവാകാനൊത്തിരുന്നെങ്കിൽ ഞാൻ തീച്ചയായും സന്തുഷ്ടനായേനെ. വിഷമതകളോ ക്ലേശങ്ങളോ അനുഭവിക്കേണ്ടിവരില്ല; ആനന്ദസാഗരത്തിലാറാടി സുഖം എനിക്കു ജീവിക്കാമായിരുന്നു'' എന്നു് അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. ഇതറിഞ്ഞ സീറാക്കൂസിലെ ഡയോനീഷ്യസു് രാജാവു്, രാജകുമാരനെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു. ഡമോക്ലസിനോടു് അദ്ദേഹം പറഞ്ഞു: ''എന്റെ പദവി ആനന്ദം നിറഞ്ഞതാ

malankaralibrary.com

ണെന്നു നീ കരുതുന്നുണ്ടല്ലോ. ശരി, കുറേ സമയത്തേയ്ക്ക് എന്റെ സ്ഥാനത്തിരുന്ന് നീ രാജ്യം ഭരിച്ചോളൂ.'' വിലയേറിയ വസ്ത്രങ്ങൾ ധരിപ്പിച്ച് സ്വർണ്ണസിംഹാസനത്തിൽ ഡമോക്ലസിനെ അദ്ദേഹം ഇരുത്തി. രാജകുമാരന്റെ ഏകാഗ്രഹവും സാധിച്ചുകൊടുക്കാൻ ഭൃത്യന്മാർക്കു കല്പനകൊടുത്തു. താൻ ആനന്ദത്തിന്റെ ആകാശത്തിലേയ്ക്ക് അനുനിമിഷം ഉയരുന്നതായി രാജകുമാരനു തോന്നി. എന്നാൽ, അപ്രതീക്ഷിതമായി രാജകുമാരൻ മുകളിലേയ്ക്ക് ഒന്നു നോക്കി. ഞെട്ടിപ്പോയി. മൂർച്ചയേറിയ ഒരു വാൾ തലയ്ക്കു മുകളിൽ തൂങ്ങിക്കിടക്കുന്നു. ചെറിയ ചരടിലാണ് അതു കെട്ടിയിരിക്കുന്നതു്. ആ ചരടൊന്നു പൊട്ടിയാൽ. അദ്ദേഹം ഭയന്നു വിറച്ചു. എഴുന്നേല്ക്കാൻ പോലും ധൈര്യമുണ്ടായില്ല. എഴുന്നേല്ക്കുമ്പോഴുണ്ടാകുന്ന ചലനംകൊണ്ട് അതു പൊട്ടിവീണെങ്കിലോ! ആ വാളെടുത്തുമാറ്റാൻ കരഞ്ഞപേക്ഷിച്ചുകൊണ്ട് ഒരു പ്രതിമകണക്കെ രാജകുമാരൻ സ്വർണ്ണസേരയിലിരുന്നു.

ഉന്നതനിലകളിൽ വിരാജിക്കുന്നവരെ കാണുമ്പോഴും നമുക്കു തോന്നും, ഓ അവരുടെ ജീവിതം എത്ര പരമാനന്ദമാണെന്നു്; അവിടെ നമുക്കും ഒന്നു കയറിപ്പറ്റാനൊത്തിരുന്നെങ്കിലെന്നു്! പക്ഷേ, ഭാരിച്ച ചുമതലകളും അതിനു മീതെ നൂറുനൂറു നീറുന്ന പ്രശ്നങ്ങളും ആ മാന്യവ്യക്തികളെ അനുദിനം അലട്ടിക്കൊണ്ടിരിക്കുന്ന വസ്തുത നമുക്കജ്ഞാതമാണു്. ഉണ്ണില്ലാത്ത ദിവസങ്ങളും ഉറക്കമില്ലാത്ത രാത്രികളും അവരുടെ ജീവിതത്തിൽ വിരളമല്ല. ''Cui honos ei onus'' (മാന്യപദവിക്കു അതിനേറെയായ ബുദ്ധിമുട്ടുണ്ടു്) എന്നൊരു ചൊല്ലുണ്ടു്. അതുകൊണ്ടാണു് മഹാനായ ഹെൻട്രി എട്ടാമൻ തന്റെ സന്ദർശനശാലയിലെ ജനാലമേൽ മുള്ളുകളിന്മേൽ വസ്ത്രപ്പെട്ടിരിക്കുന്ന കിരീടത്തിന്റെ ചിത്രം സ്ഥാപിച്ചതും, ഏഷ്യയിലെ

malankaralibrary.com

ആൻറഗോണസ് ചക്രവത്തി തൻെറ കിരീടം വിരലി ന്മേൽ ഇട്ടു കറക്കിക്കൊണ്ടു്, ''ഈ കിരീടം ധരിക്കുന്ന വൻ എത്രമാത്രം ക്ലേശങ്ങൾ സഹിക്കുന്നുണ്ടെന്നു മനുഷ്യൻ അറിഞ്ഞിരുന്നെങ്കിൽ ഇതു ധരിക്കുന്നതിനു് ആഗ്രഹിക്കുകയില്ലായിരുന്നു'' എന്നു പറഞ്ഞതും. ''സാധുക്കൾ സുഖമായി ഉറങ്ങുന്നു'' എന്ന സെനക്കായുടെ വാക്കുകൾ എത്രയോ വാസ്തവം!



നിങ്ങളെ ആവശ്യമുണ്ടു്

ജീവിതത്തിലെ ചില നിമിഷങ്ങളിൽ ഓരോ മനുഷ്യനും തന്നോടുതന്നെ ചോദിച്ചുപോകാറുണ്ടു്. ''എന്നെക്കൊണ്ടെന്തു പ്രയോജനം?'' എന്നു്. സ്നേഹിതാ, നിങ്കൾക്കു തെറ്റി. ദൈവത്തിനും ലോകത്തിനും നിങ്കളെ ആവശ്യമുണ്ടു്. ജോൺ ഹെൻറി ന്യൂമാൻെറ വാക്കുകൾ ശ്രവിക്കൂ; ''ദൈവത്തിനു പ്രത്യേക സേവനം ചെയ്യുന്നതിനാണു് അവിടുന്നു് എന്നെ സൃഷ്ടിച്ചതു്. മറ്റു മനുഷ്യർക്കു നൽകാത്ത ചില ജോലി അവിടുന്നു് എന്നെ ഏല്പിച്ചിട്ടുണ്ടു്. എനിയ്ക്കു് എൻേറതായ ഒരു ദൗത്യമുണ്ടു്....ഞാൻ ചങ്ങലയിലെ ഒരു കണ്ണിയാണു്. മനുഷ്യരെത്തമ്മിൽ ബന്ധിക്കുന്ന പാശത്തിലെ കെട്ടാണു് ഞാൻ. അവിടുന്നു് വെറുതെ എന്നെ സൃഷ്ടിച്ചതല്ല.''

വില്യം എൽസ്റ്റിഡ്ജർ ''Your Life'' എന്ന മാസികയിൽ സംഗീതക്കച്ചേരി സംവിധായകനായ വാൾട്ടർ ഡാമ്രോഷി (Walter Damrosh) നെപ്പറ്റി ഒരു സംഭവം വി

malankaralibrary.com

വരിക്കുന്നുണ്ട്. ഡാമ്രോഷ് ഒരു സംഗീതക്കച്ചേരി നടത്തുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം പറഞ്ഞു: "നിറുത്തൂ." അതുകേട്ട് എല്ലാവരും അമ്പരന്നു. ഉടനെ അദ്ദേഹം ചോദിക്കുകയാണ്: "ഏഴാമത്തെ ഫ്ളട്ട് എവിടെയാണ്?" ഒന്നാമത്തെയോ രണ്ടാമത്തെയോ അല്ല ഏഴാമത്തെ ഫ്ളട്ടാണ് ഡാമ്രോഷ് അന്വേഷിച്ചത്. ആ ഏഴാമത്തെ ഫ്ളട്ടിനും സംഗീതക്കച്ചേരിയിൽ കാര്യമായ പങ്കുണ്ട്. സ്റ്റിഡ്ജർ തുടരുന്നു: "നമ്മളം കഴിവില്ലാത്തവരോ സൗന്ദര്യമില്ലാത്തവരോ പഠിപ്പില്ലാത്തവരോ ആയിരിക്കാം. പക്ഷേ, നമുക്കോരോരുത്തർക്കുമുണ്ട്, അഭിനയിക്കാൻ ഒരു ഭാഗം. അതു നമ്മളം നല്ലപോലെ അഭിനയിക്കണം."

ഷേക്സ്പീയർ "As you Like it"-ൽ എഴുതി: "ലോകം ഒരു നാടകവേദിയും എല്ലാ സ്ത്രീപുരുഷന്മാരും അതിലെ നടീനടന്മാരുമാണ്". പ്രസിദ്ധ ജീവശാസ്ത്രജ്ഞനായ ലെക്കോംദ്നോയി (Lecomte du Nouy) തന്റെ "Human Destiny" എന്ന പുസ്തകം തുടങ്ങുന്നതു ഈ വെല്ലുവിളിയോടെയാണ്;.... "നമ്മുടെ ഇന്നത്തെ സംസ്കാരം നിലനില്ക്കണമെങ്കിൽ സന്മനസ്സും സുവിശ്വാസവുമുള്ള സകല മനുഷ്യരും ജീവിതനാടകത്തിൽ തങ്ങളം അഭിനയിക്കേണ്ട ഭാഗത്തെപ്പറ്റി ബോധവാന്മാരായേ പറ്റൂ. നല്ലൊരു നാളയെ പടുത്തുയർത്തുവാൻ ഓരോരുത്തനും ഉത്തരവാദിത്വമുണ്ട്."

"Know thy work and do it" (നിന്റെ ജോലി എന്തെന്നറിഞ്ഞ് അതു ചെയ്യുക.) എന്ന് മഹാനായ കാർലൈൽ നമ്മെ ഓർപ്പിക്കുന്നു.

malankaralibrary.com

അവർ അറിയുന്നില്ല

മഹാനായ കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ പിതാവായ കോൺസ്റ്റൻറിയൂസ് ക്ലോറസ് ചക്രവത്തിക്കു് ഒരു മോഹം, തൻെറ കൊട്ടാരത്തിൽ ജോലി ചെയ്യുന്ന ക്രിസ്ത്യാനികളുടെ വിശ്വാസം ഒന്നു പരീക്ഷിച്ചുനോക്കണമെന്നു്. കൊട്ടാരജോലിക്കാരെയെല്ലാം അദ്ദേഹം അരികിൽ വിളിച്ചുവരുത്തി. എന്നിട്ടു പറഞ്ഞു, ദേവന്മാക്കു ബലിയർപ്പിക്കാൻ. അതിനു തയ്യാറാകാത്തവരെ പിരിച്ചുവിടുമെന്നായിരുന്നു കല്പന. വിഗ്രഹങ്ങളുടെ മുമ്പിൽ ധൂപാർച്ചന നടത്താൻ ക്രിസ്ത്യാനികളും തയ്യാറായില്ല. പക്ഷേ, അതിലൊരുവനു് അതിനു ചങ്കൂറ്റമുണ്ടായി. അവൻ വിചാരിച്ചു, അർച്ചന നടത്തി ചക്രവത്തിയുടെ പ്രീതി സമ്പാദിക്കാമെന്നു്. പക്ഷേ, പ്രതീക്ഷിക്കാത്തതു സംഭവിച്ചു. ചക്രവത്തി അവനോടു പറഞ്ഞു: "നിൻെറ ദൈവത്തോടു നീ അവിശ്വാസമായി പെരുമാറിയിരിക്കുന്നു. നിൻെറ സ്വർഗ്ഗീയ യജമാനനു നിന്നെ ഒരിക്കലും വിശ്വസിക്കാൻ പറ്റില്ല. അദ്ദേഹത്തിനു നിന്നെ വിശ്വസിക്കാനാവില്ലെങ്കിൽ ഭൂമിയിലെ നിൻെറ യജമാനനായ എനിക്കു നിന്നെ എങ്ങനെ വിശ്വസിക്കാനൊക്കും!" അതു കേട്ടു് ആ 'സത്യക്രിസ്ത്യാനി' വിയർത്തുപോയി. ചക്രവത്തി അവനെ ജോലിയിൽ നിന്നു പിരിച്ചുവിട്ടു.

പണത്തിനും പ്രതാപത്തിനും പ്രീതിക്കുംവേണ്ടി വിശ്വാസം വലിച്ചെറിയാൻ തയ്യാറാകുന്ന 'വിശ്വാസികളും' ഇന്നുമില്ലേ? ക്രിസ്തുവിനെ മുന്നു പ്രാവശ്യം നിഷേ

malankaralibrary.com

ധിച്ച പത്രോസിനെ കാണുമ്പോഴും അവർക്ക ദേഷ്യം വരും. അവിടത്തെ അവിശ്വസിച്ച തോമാശ്ലീഹായോട് അവക്ക പുച്ഛമാണ്. ക്രിസ്തുവിനെ മുപ്പത്തു വെള്ളിക്കാശിന് ഒറ്റിക്കൊടുത്ത യൂദാസിനെ അവർ ശക്തിയായി കുറ്റപ്പെടുത്തും. പക്ഷേ, തങ്ങളും ചെയ്യുന്നതെന്തെന്നും അവർ അറിയുന്നില്ല. ശാന്തം പാവം!

തെറ്റ്, തെറ്റ്!

ഒരു ഡിന്നർപ്പാർട്ടിയിൽ സംബന്ധിക്കുകയായിരുന്നു, ഡോക്ടർ സാമുവൽ ജോൺസൺ. അദ്ദേഹത്തിന്റെ ഡിക്ഷണറിയിൽ കണ്ട തെറ്റിനെ പാർട്ടിയിൽ പങ്കെടുത്ത ഒരു മഹതി ചൂണ്ടിക്കാട്ടി. ജോൺസനെപ്പോലുള്ള ഒരു വലിയ പണ്ഡിതനു എങ്ങനെ തെറ്റു വരുത്താൻ കഴിയുമെന്നു അവർ ചോദിച്ചു. ജോൺസൺ പുഞ്ചിരിയോടെ മറുപടി പറഞ്ഞു: "മാഡം, എന്റെ അജ്ഞതകൊണ്ടാണു; വെറും അജ്ഞത."

നമ്മളാരും പൂർണ്ണരല്ല. തെറ്റുകളും ആർക്കും പറ്റാം. "To err is human" (തെറ്റു പറ്റുക മാനുഷികമാണു). പക്ഷേ, തെറ്റു പറ്റുമ്പോഴും അതു തിരുത്താൻ നാം തയ്യാറാകണം. എന്നാൽ പലർക്കും അതത്ര ഇഷ്ടമുള്ള കാര്യമല്ല. തെറ്റിനെ ചൂണ്ടിക്കാണിക്കുന്നവരെ പരിഹസിച്ചു പറഞ്ഞയയ്ക്കാനല്ലേ പലപ്പോഴും നാം മുതിരുക? മഹാകവി ജയശങ്കർ പ്രസാദ് തന്റെ നാടകമായ 'ചന്ദ്രഗുപ്ത' രംഗത്തവതരിപ്പിച്ചതു കണ്ടിട്ടു മടങ്ങി വരുമ്പോഴും ഒരു

malankaralibrary.com

സുഹൃത്തു ചോദിച്ചു: ''നാടകം എങ്ങനെയുണ്ടു് പ്രസാദു്ജി?'' അദ്ദേഹം മറുപടി പറഞ്ഞു: ''നാടകം വളരെയധികം ഭംഗിയായി. പക്ഷേ, പ്രേക്ഷകർ പരാജയപ്പെട്ടുപോയി.'' ഇവിടെ തെറ്റു ചൂണ്ടിക്കാട്ടിയവർ അദ്ദേഹത്തിന്റെ നോട്ടത്തിൽ തെറ്റുകാരായിപ്പോയി. ഒരു കാര്യം ഓർത്തിരിക്കുക. തെറ്റുകളെ തിരുത്തിക്കൊണ്ടു മുന്നേറുന്നവനു മാത്രമേ ജീവിതത്തിൽ വിജയിക്കാനാവൂ. ''To make no mistake is not in the power of man; but from their errors and mistakes the wise and good learn wisdom for the future.'' (തെറ്റു വരുത്താതിരിക്കുക മനുഷ്യന്റെ കഴിവിനതീതമാണു്. എന്നാൽ തങ്ങളുടെ തെറ്റുകളിലും പാകപ്പിഴകളിലുംനിന്നു ബുദ്ധിയുള്ളവരും നല്ലവരുമായ ആളുകൾ ഭാവിയിലേയ്ക്കുള്ള ജ്ഞാനം ആർജ്ജിക്കുന്നു) എന്നു മഹാനായ പ്ലൂട്ടാക്കു പറഞ്ഞിട്ടുണ്ടു്. ''Errando discimus'' (തെറ്റിലൂടെ നമ്മൾ പഠിക്കുന്നു) എന്ന കാര്യം തെറ്റു പറ്റുമ്പോൾ നാം വിസ്മരിക്കാതിരിക്കുക.

ശാസ്ത്രം പുരോഗമിക്കുന്നു. പക്ഷേ...!

ഒരു സമ്മേളനത്തിൽ സംസാരിക്കവേ, ഡഗ്ലസ്സ്പ്രെയ്സ്സിസ്റ്റം സെൻററിലെ മി. തിയോഡർ ഗോർഡൻ (Theodore Gordon) ഇപ്രകാരം പ്രസ്താവിച്ചു. ''ഈ നൂറാണ്ടിന്റെ അവസാനമാകുമ്പോഴേക്കും ഒരു സാധാരണ മനുഷ്യന്റെ ആയുർദൈർഘ്യം നൂറു വയസ്സായിരിക്കും. കാരണം നൂകണക്കിനു് കൃത്രിമാവയവങ്ങൾ മനുഷ്യശരീരത്തിൽ വച്ചുപിടിപ്പിക്കാൻ കഴുത്തുറപ്പായി

malankaralibrary.com

വൈദ്യശാസ്ത്രം വളരുകയാണു്. മനഃശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ കണ്ടുപിടുത്തങ്ങളും മറ്റുള്ളവരുടെ സ്വഭാവത്തെ നിഷ്പ്രയാസം നിയന്ത്രിക്കാനുള്ള കഴിവു് മനുഷ്യനു് കൊടുക്കും. മനസ്സിന്റെ പ്രതിരോധ ശക്തിയെ തകർക്കുന്നതും മറവിയെ ക്ഷണിച്ചു വരുത്തുന്നതും കൃത്രിമ ധൈര്യം പ്രദാനം ചെയ്യുന്നതുമായ മരുന്നുകളും കണ്ടുപിടിച്ചേക്കാം. എന്നാൽ, സ്വാതന്ത്ര്യത്തേയും വ്യക്തിത്വത്തേയും പരിരക്ഷിക്കുന്ന ഒരു ലോകത്തെ ഇതിൽനിന്നു് രൂപപ്പെടുത്തുക അത്ര എളുപ്പമല്ല." അദ്ദേഹത്തിന്റെ ഈ പ്രസ്താവന ഒരു വിഡ്ഢിത്തമായി തോന്നിയേക്കാം, ചിലർക്കു്. കാരണം മറ്റൊന്നല്ല. ശാസ്ത്രത്തെ ദൈവമായി ആരാധിക്കുന്നവർക്കു് ഇതെങ്ങനെ ദഹിക്കും?

സ്വാതന്ത്ര്യത്തേയും വ്യക്തിത്വത്തേയും പരിരക്ഷിക്കുന്ന ഒരു ലോകം രൂപാന്തരപ്പെട്ട കാണാൻ എന്തു ചെയ്യണം? ഇതാണുത്തരം. ദൈവചിന്ത മനുഷ്യമനസ്സിലേക്കു് കാര്യമായി കടന്നു ചെല്ലണം. അതുകൊണ്ടല്ലേ എഫ്. ജെ. ഷീഡ് പറഞ്ഞതു്:— "ശാസ്ത്രസാങ്കേതിക വിജ്ഞാനം മനുഷ്യന്റെ ഒരുഭാഗം മാത്രമേ വലുതാക്കുകയുള്ളു. മറുഭാഗം പൊള്ളയാണു്; അതു നികത്താൻ മതബോധനത്തിനേ കഴിയൂ എന്നു് എല്ലാവർക്കും ഇന്നു് ബോധ്യപ്പെട്ട കഴിഞ്ഞിരിക്കുകയാണു്" എന്നു്. എങ്കിൽ മനുഷ്യമനസ്സിലേക്കു് അനുദിനം അള്ളിപ്പിടിച്ചു് കേറിക്കൊണ്ടിരിക്കുന്ന, "ദൈവമേ, നീ ജീവജാലങ്ങളുടേയും നക്ഷത്രങ്ങളുടേയും കല്ലുകളുടേയും വൻപാറകളുടേയും തിരമാലകളുടേയും ആഴിപ്പരപ്പിന്റേയും രാജാവാണു്. എന്നാൽ നീ മനുഷ്യന്റെ രാജാവല്ല" എന്ന ഷാങ്പോം സാർത്രിന്റേയും മറ്റും അപകടം നിറഞ്ഞ ആശയങ്ങളെ പിടലിക്കു് പിടിച്ചു തള്ളിയേ പറ്റൂ. "Chemistry is important, God is more important" (രസതന്ത്രം പ്രധാനമാണു്, ദൈവമാ

malankaralibrary.com

കട്ടെ അതിലും പ്രധാനൻ) എന്നു് കെയ്റോയിലെ മുഹമ്മദീയ യൂണിവേഴ്സിറ്റിയുടെ പ്രധാന കവാടത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതു്, ഓരോ മനുഷ്യമനസ്സിലും എഴുതിപ്പതിപ്പിക്കട്ടെ! മനുഷ്യൻ ദൈവോന്മുഖമായി ജീവിക്കാൻ ശ്രമിക്കട്ടെ! എങ്കിൽ സ്വാതന്ത്ര്യത്തേയും വ്യക്തിത്വത്തേയും പരിരക്ഷിക്കുന്ന ഒരു ലോകം ഉദയം ചെയ്യും; തീർച്ച.

അവർ ഓർത്തിരുന്നെങ്കിൽ!

തന്റെ വസതിയിൽ കൂട്ടുകാരുമൊത്തു് ഒരു ദിവസം വി. ആഗ്രസ്റ്റീനോസു് സംസാരിക്കുകയായിരുന്നു. അതിലൊരാൾ അപരനെപ്പറ്റി അപവാദം പറയാൻ തുടങ്ങി. ആഗ്രസ്റ്റീനോസു് ഒന്നും മിണ്ടിയില്ല. ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ഒരു ബോർഡിലേയ്ക്കു് കണ്ണുംനട്ടങ്ങനെ ഇരിക്കുകയാണു്. ഏഷണിക്കാരനും അറിയാതെ അങ്ങോട്ടൊന്നു നോക്കിപ്പോയി. ബോർഡിൽ ഇങ്ങനെ എഴുതിയിരുന്നു.

"Slanderer, beware,
This is no place for thee."

(ഏഷണിക്കാരൻ അറിഞ്ഞുകൊള്ളട്ടെ; അവനു് ഇവിടെ സ്ഥാനമില്ല).

പടന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഒരു വല്ലാത്ത വസന്തയായിത്തീർന്നിട്ടുണ്ടു് ഏഷണിപറച്ചിൽ. എത്രയെത്ര നല്ലയാളുകളെ അതു നശിപ്പിക്കുന്നു; സമാധാനത്തിൽ

malankaralibrary.com

കഴിഞ്ഞുകൂടുന്ന ഒട്ടുവളരെ സന്തുഷ്ടകുടുംബങ്ങളിൽ അതു് അസമാധാനത്തിന്റെ കല്ലുമഴ പെയ്യിക്കുന്നു. നാടിനും വീടിനും തങ്ങൾ വരുത്തിവയ്ക്കുന്ന വിന എത്ര വലുതാണെന്നു് ഫ്രഷണിക്കാർ അറിയുന്നുണ്ടോ? ഒരിക്കൽ ഫിലിപ്പുനേരി പുണ്യവാന്റെ അടുക്കൽ ഒരു സ്ത്രീ വന്നു. ഫ്രഷണിപറച്ചിലായിരുന്ന അവളുടെ പ്രധാന ബിസ്സിനസ്സു്. അതിൽനിന്നൊന്നു രക്ഷനേടാൻ ഉപദേശമാരായുന്നതിനു വന്നതാണവൾ. അവൾ അനുദിനം ചെയ്യുന്ന തെറ്റിന്റെ ഗൗരവത്തെപ്പറ്റി വിശുദ്ധൻ അവളെ ബോധപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ, അവൾ അതങ്ങു പെട്ടന്നു സമ്മതിച്ചുകൊടുക്കാനുള്ള മട്ടു കാണിച്ചില്ല. ഉടനെ വിശുദ്ധൻ പറഞ്ഞു: "നിന്റെ തെറ്റിനു പ്രായശ്ചിത്തമായി ഇപ്രകാരം ചെയ്യുക. ചന്തയിൽച്ചെന്നു് ഒരു കോഴിയെ വാങ്ങിച്ചു് അതിനേയും പിടിച്ചുകൊണ്ടു വഴിയിലൂടെ നടക്കുക. നടക്കുമ്പോൾ അതിന്റെ പപ്പു് ഓരോന്നായി പറിച്ചു വഴിയിലിടണം. ഇത്രയും ചെയ്തിട്ടു് നീ എന്റെ അടുക്കൽ വരിക." വിശുദ്ധൻ പറഞ്ഞതുപോലെ അവൾ ചെയ്തു. അവളുടെ അസാധാരണമായ അനുസരണയെ അളേഹം അഭിനന്ദിച്ചു. എന്നിട്ടു പറഞ്ഞു, തെരുവുകളിൽ ചെന്നു് ആ എറിഞ്ഞുകളഞ്ഞ പപ്പുകളെല്ലാം പെറുക്കിക്കൊണ്ടുവരാൻ. "പിതാവേ, അതസാദ്ധ്യമാണു്. കാരണം, കാറ്റു് അതെല്ലാം പറപ്പിച്ചുകൊണ്ടുപോയിക്കാണും" എന്നായിരുന്ന അവളുടെ മറുപടി. ഉടനെ അളേഹം പറഞ്ഞു: "മകളേ, പപ്പുകളെ കാറ്റു പറപ്പിക്കുമ്പോലെയാണു് ഫ്രഷണിയുടേയും കാര്യം. അതു കേൾക്കുന്നവർ ഒന്നിനു നൂറിരട്ടിയായി പറഞ്ഞു പരത്തുന്നു. അതു തിരികെയെടുക്കാൻ സാദ്ധ്യമല്ല." ശരിയല്ലേ?

"A slip of the foot you may recover,
but a slip of the tongue you may never get over"

എന്നു ഫ്രാങ്ക്ലിൻ പറഞ്ഞിരിക്കുന്നതു് ഫ്രഷണിക്കാർ ഓർത്തിരുന്നെങ്കിൽ!

malankaralibrary.com

അപ്പച്ചന്റെ ഒരു പേടി

കുഞ്ഞുമകൾ അപ്പച്ചനോടു ചോദിച്ചു: "അപ്പച്ചാ, അപ്പച്ചനു് പശുവിനെ പേടിയുണ്ടോ?"

"ഇല്ല മോളേ"

"അപ്പച്ചനു് പാമ്പിനെ പേടിയുണ്ടോ?"

"ഇല്ല മോളേ."

"അപ്പച്ചനു് നീണ്ട രോമങ്ങളുള്ള പുഴുവിനെ പേടിയുണ്ടോ?"

"ഇല്ല മോളേ."

"ഈ അപ്പച്ചനു് ഒന്നിനേയും പേടിയില്ലേ? അമ്മച്ചിയെ മാത്രമേ പേടിയുള്ളോ?"

ബിഷപ്പു് ഫുൾട്ടൻ ജെ. ഷീൻ തന്റെ "Life is Worth Living" എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന ഒരു സംഭാഷണമാണു് മേലുദ്ധരിച്ചതു്. അമ്മച്ചിമാരെ പേടിച്ചു കഴിഞ്ഞുകൂടുന്ന ഒട്ടനേകം അപ്പച്ചന്മാരില്ലേ നമ്മുടെയിടയിൽ? തീച്ചയായും. ആ കുടുംബങ്ങളിൽ സമാധാനമുണ്ടോ? ഉണ്ടാവുക അത്ര എളുപ്പമല്ല. "പിടക്കോഴി കൂവുകയും പൂവൻകോഴി മിണ്ടാടുകയും ചെയ്യുന്ന ഭവനം സമാധാനരഹിതമായിരിക്കും" എന്നൊരു സ്പാനീഷ് പഴഞ്ചൊല്ലുണ്ടെന്നു കാര്യം മറക്കാതിരിക്കുക.

സ്ത്രീ—അവളൊരു രഹസ്യമാണു്; വൈരുദ്ധ്യങ്ങളുടെ വിളനിലമാണു്. ജയിംസ് സ്റ്റീഫൻ എഴുതുന്നു: "സ്ത്രീ, വിശ്വസ്തയാണു്. പക്ഷേ, വഞ്ചകിയുമാണു്. അനുകമ്പ

malankaralibrary.com

യുടെ ഉറവിടം അവളിലുണ്ട്. എങ്കിലും പലപ്പോഴും അവൾ ക്രൂരയാണ്. ഒരു പാറയെ കാണുമ്പോൾ അവൾ വാവിട്ടു നിലവിളിക്കുന്നു. ഭർത്താവിനെ കാണുമ്പോഴോ? അവൾക്ക് അയാളെ പിടിച്ചു കെട്ടാനുള്ള തന്റേടമുണ്ട്. അവൾ വൈരുദ്ധ്യങ്ങളുടെ മൂർത്തീകരണമാണ്.'' പക്ഷേ, വൈരുദ്ധ്യങ്ങളുടെ മൂർത്തീകരണമായ സ്ത്രീയുണ്ടല്ലോ, അവളൊന്നു മനസ്സുവച്ചാൽമതി കുടുംബം പുരുഷസായി മാറാൻ. അതുകൊണ്ടാണ് ഗോൾഡ്സ്മിത്ത് പറഞ്ഞതു്: "മുള്ളുകളെ നിറഞ്ഞ ശാഖയെ പുഷ്പങ്ങളെ സുന്ദരമാക്കിത്തീർക്കുന്നു. അങ്ങേയറ്റത്തെ ദരിദ്രമായ വീടിനെ സ്ത്രീ സ്വർഗ്ഗമാക്കി മാറ്റുന്നു'' എന്നു്. ഒരു കാര്യം ഓർക്കുക. വിവാഹമെന്ന വല്ലിയിൽ വിടർന്നുനിൽക്കുന്ന ഇരുപൂക്കളാണ് ഭർത്താവും ഭാര്യയും. രണ്ടിനുമുണ്ട്, മധുവും മണവും മനോഹാരിതയും. ഈ ഇരുപൂക്കളിൽ ആർക്കാണ് മധുവുമൊക്കെ കൂടുതലെന്നു് തങ്ങളിലൊരാളെ വാദിക്കാനും വാശിപിടിക്കാനും ഒരുമ്പെടുമ്പോഴാണ് കുടുംബത്തിൽ അസമാധാനത്തിന്റെ കൈമ്പോംബുകളെ പൊട്ടുക–അപ്പച്ചൻ അമ്മച്ചിയെ പേടിക്കേണ്ടി വരിക. ഇവയിൽനിന്നെല്ലാം കുടുംബത്തെ രക്ഷിക്കാൻ നല്ല ഭാര്യയ്ക്കു കഴിയും. പൗലോസ് ശ്രീഹായുടെ ഈ വാക്കുകളെ അവൾ മറക്കാതിരുന്നാൽ മതി: ''ഭാര്യമാരേ, നിങ്ങളെ നമ്മുടെ കർത്താവിനു് എന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കുവിൻ. എന്തെന്നാൽ, മിശിഹാതന്നെയും സഭയുടെ തലയും ശരീരത്തിന്റെ രക്ഷകനുമായിരിക്കുന്നതുപോലെ ഭർത്താവു ഭാര്യയുടെ തലയാകുന്നു. ആ സ്ഥിതിക്കു് സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെതന്നെ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാർക്കു് സകലത്തിലും കീഴ്പ്പെട്ടിരിക്കണം'' (അപ്പെ. 5:22–24).

malankaralibrary.com

ഗുരുശിഷ്യബന്ധം

സുൽത്താൻ ഗഞ്ച് ചിയിലുള്ള മുറാക്കോളേജിലെ പ്രിൻസിപ്പലിനെ വലിച്ചിഴച്ച് മൃഗീയമായി വിദ്യാർത്ഥികൾ മർദ്ദിച്ചു. പരീക്ഷയിൽ അവിഹിതമായി പെരുമാറിയ ഇരുപതു വിദ്യാർത്ഥികളെ പുറത്താക്കിയതിനാണ് ഈ കൃത്യം നടത്തിയതു്. 1970 മെയ് 17-ാം തീയതി കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ വന്ന ഒരു വാർത്തയാണിതു്. ഇന്നത്തെ ഗുരുശിഷ്യബന്ധത്തിന്റെ ആക്കവും തൂക്കവും ആ വാർത്തയിലുണ്ട്. അദ്ധ്യാപകരെ ഘെരാവോ ചെയ്യുകയും അധിക്ഷേപിക്കുകയും മർദ്ദിക്കുകയുമൊക്കെ ചെയ്യുന്നതു് ഇന്നൊരു വക ഫാഷനായിത്തീർന്നിട്ടുണ്ട് വിദ്യാർത്ഥികൾക്കിടയിൽ. പ്രാചീന കാലത്തെ ഗുരുശിഷ്യബന്ധത്തിലേയ്ക്കുനോക്കുന്നവർ ഇന്നത്തെ ബന്ധം കാണുമ്പോൾ കണ്ണുനീർ പൊഴിക്കാതിരിക്കില്ല.

ഗുരുവിന്റെ പക്കൽ ശിഷ്യൻ എങ്ങനെ വർത്തിക്കണമെന്നതിനെപ്പറ്റി മനുസ്മൃതിയിൽ പറഞ്ഞിരിക്കുന്നതു കേൾക്കുക:.... "കിടന്നുകൊണ്ടോ ഭക്ഷണം കഴിച്ചുകൊണ്ടോ, ഇരുന്നുകൊണ്ടോ, മുഖത്തേക്കു നോക്കാതെ നിന്നുകൊണ്ടോ ഒരിയ്ക്കലും ഗുരുവുമായി സംസാരിക്കുകയോ ഗുരു പറയുന്നതു് എന്തെങ്കിലും ശ്രവിക്കുകയോ ചെയ്യരുതു്. അതുപോലെതന്നെ ഗുരു ഇരിക്കുമ്പോൾ അടുത്തുചെന്നുനിന്നുകൊണ്ടും, കയറിവരുമ്പോൾ എഴുന്നേറ്റുനിന്നും വേഗം നടക്കുകയാണെങ്കിൽ പുറകേ ഓടിയെത്തിയും തിരിഞ്ഞുനിന്നാൽ നേരെനിന്നുകൊണ്ടും അകലെയാണെ

malankaralibrary.com

ങ്കിൽ അടുത്തുചെന്നശേഷവും കിടക്കുകയാണെങ്കിൽ കുനിഞ്ഞുനിന്നും അടുത്താണെങ്കിൽ വണക്കത്തോടുംകൂടിയേ മുൻപറഞ്ഞവ ചെയ്യാവൂ. ശിഷ്യന്റെ ഇരിപ്പിടവും കിടക്കയും എപ്പോഴും ഗുരുവിനേറതിനേക്കാൾ താണ സ്ഥലത്തായിരിക്കണം. ഗുരു കാണത്തക്കവിധം എവിടെയെങ്കിലും തോന്നിയതുപോലെ ഇരിക്കരുതു്. പേരുമാത്രം പറഞ്ഞു് ഒരിക്കലും ഗുരുവിനെ വിളിക്കുകയോ പരാമർശിക്കുകയോ ചെയ്യരുതു്. ഗുരുവിന്റെ നടപ്പു്, ഇരിപ്പു്, സംഭാഷണം, മറ്റു ചേഷ്ടകൾ എന്നിവയൊന്നും ഹാസ്യരൂപത്തിൽ അനുകരിക്കരുതു്. ഗുരുവിനെപ്പറ്റി ആരെങ്കിലും കുറ്റം പറഞ്ഞാൽ അതു കേൾക്കാതിരിക്കാൻ ശിഷ്യൻ ചെവി പൊത്തണം. അല്ലെങ്കിൽ ആ സ്ഥലത്തുനിന്നു മാറിപ്പോകണം.'' എന്നാൽ ഇന്നോ? ഭയങ്കരം?

''ഗുരോരനുഗ്രഹേണൈവ,
പുമാൻ പൂർണ്ണഃ പ്രശാന്തയെ''—

ഗുരുവിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രമേ പുരുഷൻ പൂർണ്ണനായും പ്രശാന്തനായും ഭവിക്കുന്നുള്ളു എന്ന പാവന സിദ്ധാന്തം വിദ്യാർത്ഥി ലോകം വിസ്മരിക്കാതിരുന്നെങ്കിൽ!



ട്രോജൻ കുതിരകഥ—അന്നും ഇന്നും

ചരിത്രത്തിന്റെ പേജിൽ ഇതിഹാസപ്രസിദ്ധമായ ട്രോജൻ യുദ്ധത്തെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ടു്. ഏഷ്യാമൈനറിലെ ഒരു നഗരമായിരുന്നു ട്രോയി. ബലമുള്ള ഭിത്തികളാലും പ്രബലന്മാരായ പടയാളികളാലും

malankaralibrary.com

പരിരക്ഷിക്കപ്പെട്ടിരുന്ന ആ നഗരത്തെ പിടിച്ചടക്കാൻ പത്തു വർഷത്തോളം ഗ്രീക്കുകാർ ശ്രമിച്ചു. പക്ഷേ, സാധിച്ചില്ല. ശക്തികൊണ്ട് അതസാദ്ധ്യമെന്നു കണ്ടപ്പോൾ അവർ ഒരു തന്ത്രം പ്രയോഗിക്കാനാരംഭിച്ചു. മരംകൊണ്ട് വലിയ ഒരു കുതിരയെ ഉണ്ടാക്കി അവർ നഗരഭിത്തിയുടെ അടുത്തു കൊണ്ടുചെന്നുവച്ചു. കുറേപ്പേരെമാത്രം അവിടെ നിറുത്തിയിട്ട് ബാക്കിയുള്ള പടയാളികളും നാട്ടിലേക്കു തിരിച്ചുപോകുന്നതിനു കപ്പൽ കയറി. അവിടെ നിറുത്തിയിരുന്ന പടയാളികൾ ട്രോയി നിവാസികളോട് പറഞ്ഞു, കപ്പൽയാത്രയ്ക്ക് അനുകൂലമായ കാറ്റു കിട്ടുന്നതിനുവേണ്ടി ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനു ഗ്രീക്കുകാർ ഒരു കുതിരയെ ഉണ്ടാക്കിയിട്ടുണ്ടെന്നു. തങ്ങളുടെ വിജയത്തിന്റെ ട്രോഫിയായി ആ മരക്കുതിരയെ നഗരത്തിനുള്ളിലേക്കു കടത്താൻ ട്രോയി നിവാസികൾ തീരുമാനിച്ചു. ചില ബുദ്ധിജീവികൾ അവരെ ഉപദേശിച്ചു, ശത്രുക്കളുടെ ദാനം സ്വീകരിക്കുന്നതു അപകടമാണെന്നു. പക്ഷേ, അവർ കൂട്ടാക്കിയില്ല. ആഘോഷപൂർവ്വം അവർ ആ മരക്കുതിരയെ നഗരത്തിനുള്ളിലേക്കു കൊണ്ടുവന്നു. കുതിരയുടെ ഉള്ളിൽ ഒളിച്ചിരുന്ന മുപ്പതോളം ഗ്രീക്കു പടയാളികൾ ആ രാത്രിയിൽ പുറത്തുചാടി. കപ്പലിൽ കയറി തിരിച്ചുപോകാനായി തയ്യാറായിനിന്ന പടയാളികളും തൽക്ഷണം ഓടിയെത്തി. ട്രോയി നഗരവാസികളെയെല്ലാം ആ രാത്രിയിൽ അവർ കൊന്നൊടുക്കി. അങ്ങനെ ആ നഗരം അവർ പിടിച്ചെടുത്തു.

ഇന്നും ഇങ്ങനെയുള്ള ട്രോജൻ കുതിരകൾ ധാരാളമുണ്ട്, പ്രത്യേകിച്ച് സാഹിത്യകമ്പോളത്തിൽ. എഴുതിവിട്ടതെന്തും കണ്ണുമടച്ച് വെട്ടിവിഴുങ്ങാൻ വായുംപൊളിച്ച് നിൽക്കുകയാണല്ലൊ അനുവാചകലോകത്തിൽ

malankaralibrary.com

നല്ലൊരുഭാഗം. സാഹിത്യകൃതികളിലെ ടോജൻ കൃതി രകളെ അവർ കാണുന്നില്ല. കണ്ടാലും അത്ര കാര്യമായി കണക്കാക്കുന്നുമില്ല. അടങ്ങാത്ത ആവേശത്തോടെയാണ് അവർ മുറുക്കാൻ കടകളിലേക്ക് ഓടിച്ചെല്ലുന്നത്. എന്തി നെന്നോ? ആ ക്ലിപ്പുകളിൽ തുങ്ങിക്കിടന്നാടുന്ന സാഹിത്യ കൃതികളിലെ 'സാഹിത്യസുധ' ആവോളമാസ്വദിക്കാൻ. ആ വികൃതകൃതികളം അന്നദിനം 'ബലാൽക്കാരം'ചെയ്ത് അപകടത്തിലാക്കുന്നവരുടെ എണ്ണം കുറച്ചൊന്നുമല്ല. അപ കടത്തിലകപ്പെടുമ്പോഴാണ് അനുവാചകർ അമ്പരക്കുക. അത്ര കണ്ട് സാഹിത്യകാരന്മാർ എന്നു പറയുന്ന കൂട്ടർ മാറിനിന്നും പരിഹാസച്ചിരി പാസ്സാക്കുകയും ചെയ്യും. ടോജൻ കൃതിരകളെ പടച്ചിറക്കി വായനക്കാരെ ഫ്രോ യിഡിയൻ ചിന്താഗതിയിലേക്ക് തള്ളിയിട്ട് അവരെ കുരങ്ങുകളിപ്പിച്ച് രസിക്കുന്ന സാഹിത്യകാരന്മാരേ, നി ങ്ങളോടൊരുവാക്ക്. മനുഷ്യരെ ഒന്നടങ്കം നശിപ്പിക്കാ നാണോ നിങ്ങളുടെ പുറപ്പാട്? കഷ്ടം! "The decline of the literature indicates the decline of the nation" (സാഹി ത്യത്തിന്റെ അധഃപതനം ജനതയുടെ അധഃപതനത്തെ യാണ് സൂചിപ്പിക്കുന്നത്) എന്നു ജർമ്മൻ സാഹിത്യകാ രനായ ഗൊയ്ഥേയും, "ജയിലുകളിൽ കൊള്ളാൻ കഴി യാത്തവിധം ക്രിമിനൽ പുള്ളികളെ ആഭാസസാഹിത്യം അന്നദിനം സൃഷ്ടിച്ചുവിടുന്നുണ്ട്" എന്നു എഡ്ഗർഹൂവറും വേദനയോടെ പറഞ്ഞിരിക്കുന്നത് ആഭാസകൃതികളി ലൂടെ അഭ്യാസം കാണിക്കുന്ന നിങ്ങളുടെ 'സാഹിത്യ' ത്തെപ്പറ്റിയല്ലേ? നിങ്ങളുടെ ചില 'സുന്ദരകൃതികളം' കാ ണുമ്പോഴം ക്രിസ്തുവിന്റെ വാക്കുകളാണ് ഓർമ്മയിലോടി യെത്തുക: "ആ മനുഷ്യനു കഷ്ടം! അവൻ ജനിക്കാതിരു ന്നെങ്കിൽ നന്നായിരുന്നു."

ജനങ്ങളംക്കു എന്തെങ്കിലും നന്മ ചെയ്യണമെന്നു മേ ല്പടിയാന്മാർക്ക് ഉദ്ദേശമുണ്ടെങ്കിൽ തീച്ചയായും തങ്ങളുടെ വികലമായ വീക്ഷണകോണം വ്യത്യാസപ്പെടുത്തിയേ പറ്റൂ. നിങ്ങളം സാഹിത്യരചനയിലേപ്പെടുന്ന ആ അനർഘനിമിഷങ്ങളിൽ, "ലോകത്തിൽ ജീവിക്കേണ്ട

malankaralibrary.com

തെപ്രകാരമെന്നു് ഉപദേശിക്കുന്നില്ലെങ്കിൽ പുസ്തകങ്ങളുടെ പ്രയോജനമെന്തു്?'' എന്നു് ജോൺസണും, ''സാഹിത്യകാരൻ ലോകത്തിന്റെ ഉപദേഷ്ടാവായിരിക്കണം'' എന്നു് സിഡ്നിയും, ''പുസ്തകം മനുഷ്യനെ നന്നാക്കുന്നില്ലെങ്കിൽ ഒരു പുസ്തകം എഴുതുന്നതുകൊണ്ടു് പ്രയോജനമില്ല'' എന്നു് ടസ്ക്കൻ കവിയായ ഗ്വിസെപ്പെഗിസ്തി പറഞ്ഞതും, ''ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ഒരാളാണു് ഞാൻ. എന്നാൽ, യാതൊരു മനുഷ്യന്റെ ഹൃദയത്തെയോ വിചാരത്തെയോ എന്റെ ഗ്രന്ഥങ്ങളുടെ പാരായണംമൂലം മലിനമാക്കുന്നതിനുള്ള അവസരം എനിക്കുണ്ടായിട്ടില്ല. ഞാൻ എഴുതിയിരിക്കുന്നവയെ എന്റെ മരണക്കിടക്കയിൽവച്ചു് മായിച്ചുകളയണമെന്നുള്ള ആഗ്രഹം എനിക്കുണ്ടാകത്തക്കവിധം ഞാൻ യാതൊന്നും എഴുതിയിട്ടില്ല'' എന്നു് നോവൽ സാഹിത്യകാരനായ സ്ക്കോട്ടു് പറഞ്ഞതും വിസ്മരിക്കാതിരിക്കുക.

സാഹിത്യപ്രേമികളോടും ഒരു വാക്കു്. ഏതു് 'ചവറുസാഹിത്യ'വും വാങ്ങി വായിച്ചു് വലിച്ചുകേററല്ലേ! പുസ്തകം തിരഞ്ഞെടുക്കുമ്പോൾ സപ്പങ്ങളെപ്പോലെ വിവേകമുള്ളവരായിരിക്കാൻ ശ്രമിക്കുക. ''പരസ്യംകണ്ടു് മരുന്നു കഴിക്കുന്നതുപോലെയല്ല, ഡോക്ടറുടെ ഉപദേശമനുസരിച്ചു് മരുന്നു കഴിക്കുന്നതുപോലെ വേണം നിങ്ങൾ പുസ്തകം വായിക്കാൻ'' എന്നു് റസ്ക്കിനും, ''രുചിച്ചുനോക്കേണ്ട പുസ്തകങ്ങൾ, വായിക്കേണ്ട പുസ്തകങ്ങൾ, വിഴുങ്ങിവിടേണ്ട പുസ്തകങ്ങൾ, കടിച്ചുചവച്ചരച്ചു് രക്തത്തിൽ കലർത്തേണ്ട പുസ്തകങ്ങൾ, ഇങ്ങനെ നാലുതരം'' എന്നു് ബേക്കണും അനുവാചകലോകത്തിനു് നല്കിയിരിക്കുന്ന 'സിഗ്നൽബോർഡി'ലേക്കു് പുസ്തകപ്രേമികളുടെ ദൃഷ്ടികളാഞ്ഞുപതിയട്ടെ!

malankaralibrary.com



MALANKARA
LIBRARY

malankaralibrary.com

ചിതറിയ ചിന്തകൾ

കുന്നുമോസ് കരിമണ്ണൂർ

''യൂദാസിന്റെ കാമുകി'' എന്ന നോവലിലൂടെ മലയാളവായനക്കാരുടെയിടയിൽ ശ്രദ്ധേയനായിത്തീർന്ന കുന്നുമോസ് കരിമണ്ണൂരിന്റെ വിദഗ്ദ്ധ തൂലികയിൽനിന്നും ചിതറിവീണ മുത്തുമണികളാണ് ഈ ചിതറിയ ചിന്തകൾ. ആനുകാലിക വിഷയങ്ങളെ ആധാരമാക്കി ആധികാരികമായി രചിച്ചിട്ടുള്ള ഇതിലെ കൊച്ചുകൊച്ചു ലേഖനങ്ങൾ ചിന്താമണ്ഡലത്തിലെ വൈറ്റമിൻ ഗുളികകളാണ്. ഒരു കഥാബീജം പോലെ ഈ കൃതി അനുവാചകഹൃദയങ്ങളിലേക്ക് കടന്നുചെല്ലും; ഒരു തത്ത്വശാസ്ത്രഗ്രന്ഥംപോലെ ഇതു് അവരെ ചിന്തിപ്പിക്കും. പൊയ്മുഖം അണിഞ്ഞു് പ്രത്യക്ഷപ്പെടുന്ന മാന്യവ്യക്തികളേയും നാളെയുടെ വാഗ്ദാനങ്ങളേയും ഇന്നലെയുടെ കൊഴിഞ്ഞ ഇലകളേയും കണ്ടെത്താനും ആനന്ദസോപാനത്തിൽ കാലുറപ്പിച്ചുനില്ക്കാനും സമാധാനത്തിന്റെ വെള്ളപ്രാവുകൾ ചിറകടിച്ചു പറന്നുയരുന്നതു് ദർശിക്കാനും ഈ ഗ്രന്ഥം സഹായിക്കും. ഗ്രന്ഥകാരന്റെ നിരീക്ഷണപാടവം, സുന്ദരശൈലി, ബുദ്ധിപ്രകർഷം എല്ലാം ഇതിന്റെ ഓരോ പേജിലും നിറഞ്ഞുതുളുമ്പുന്നു.



വില: 3.75

ദീപിക ബുക്ക്ഹൗസ്,
കോട്ടയം—686 001

malankaralibrary.com